بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 8

ലക്കം 1-2

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2023 ജനു: 5-12/ഹി.ശം. 1401 സ്വുൽഹ് 5-12: ഫത്ഹ് ഹിജ്റ 1444 ജമാദുൽആഖർ 12-19


## അല്ലാഹുവിന്റെ വചനം

وَاذۡکُرۡ رَّبَّکَ فِیۡ نَفۡسِکَ تَضَرُّعًا وَّخِیۡفَۃً وَّدُوۡنَ الۡجَہۡرِ مِنَ الۡقَوۡلِ بِالۡغُدُوِّ وَالۡاٰصَالِ وَلَا تَکُنۡ مِّنَ الۡغٰفِلِیۡنَ (اعراف:206)

'നിന്റെ നാഥനെ വിനയത്തോടും ഭയത്തോടും ഉച്ചത്തിലുള്ള വാക്കുകൾ കൂടാതെയും, പ്രഭാതത്തിലും പ്രദോഷത്തിലും നിന്റെ മനസ്സിൽ നീ സ്മരിക്കുക; നീ അശ്രദ്ധരിൽപ്പെട്ടവനാകരുത്.' (7:206)


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

### മൂന്നാളുകൾക്ക് നബിതിരുമേനിയുടെ മുന്നറിയിപ്പ്

(2358) അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: മൂന്നുവിഭാഗം മനുഷ്യന്മാരുണ്ട്. അന്ത്യദിനത്തിൽ അല്ലാഹു അവരുടെ നേരെ നോക്കുകയോ പരിശുദ്ധപ്പെടുത്തുകയോ ചെയ്യുകയില്ല. അവർക്ക് കഠിനമായ ശിക്ഷയുണ്ട്. വഴിയരികിൽ മിച്ചമുള്ള വെള്ളമുണ്ടായിട്ട് അതു യാത്രക്കാരനു കൊടുക്കാതെ തടഞ്ഞുവെക്കുന്ന മനുഷ്യൻ. ഭൗതികനേട്ടം മാത്രം ലക്ഷ്യംവെച്ച് ഇമാമിനോടു അനുസരണപ്രതിജ്ഞ ചെയ്ത മനുഷ്യൻ. ഇമാം അവന് വല്ല കാര്യലാഭവും നേടിക്കൊടുത്താൽ അവൻ സംതൃപ്തനാകും ഇല്ലെങ്കിലോ വെറുപ്പും. തന്റെ ചരക്ക് അസറിനു ശേഷം അങ്ങാടിയിൽ ഇറക്കി അല്ലാഹുവാണ! ഞാൻ ഈ ചരക്ക് ഇന്ന നിലവാരത്തിൽ വാങ്ങിയതാണെന്ന് ഒരാൾ സത്യം ചെയ്തു. ഇതുകേട്ട് വിശ്വസിച്ച് മറ്റൊരാൾ ചരക്ക് വാങ്ങി. ആ മനുഷ്യനും. അനന്തരം നബി(സ)തിരുമേനി ഇപ്രകാരം ഓതി: (നിശ്ചയം തന്റെ പ്രതിജ്ഞയേയും അല്ലാഹുവിനോടു ചെയ്ത കരാറുകളും വിലക്കു വാങ്ങുന്നവർ.......)(സ്വഹീഹ് ബുഖാരി, വാല്യം 4, കിതാബുൽ മസാഖാത്ത്, പ്രസാധനം ഖാദിയാൻ 2008)




### ഈ ലക്കത്തിൽ


ജുമുഅ ഖുത്വ്ബ 2022 നവംബർ 18 (സമ്പൂർണ തർജമ)

ജുമുഅ ഖുത്വ്ബ 2022 നവംബർ 25 (സമ്പൂർണ തർജമ)

ജുമുഅ ഖുത്വ്ബ 2022 നവംബർ 11 (കഴിഞ്ഞ ലക്കത്തിൽ നിന്നുള്ള തുടർച്ച)


## നാം ദീനിനുവേണ്ടിയുള്ളതാണ്. ദീനിനുവേണ്ടി ജീവിക്കുന്നു. അതുകൊണ്ട് ദീനിന്റെ വഴിയിൽ നമുക്കൊരു തടസ്സവുമുണ്ടാകരുത്.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**ലജ്ജ:**

ഒരിക്കൽ നടന്ന കാര്യമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അഅ)ന് അതികഠിനമായ തലവേദനയുണ്ടായി. അടുത്തുതന്നെ സ്ത്രീകളുടേയും കുട്ടികളുടേയും ബഹളമുണ്ടായിരുന്നു. അങ്ങയ്ക്ക് ഈ ബഹളം കൊണ്ടു ബുദ്ധിമുട്ടാകുന്നില്ലേ എന്ന് മൗലവി അബ്ദുൽകരീം സാഹിബ് ചോദിച്ചു.

ഹുദൂർ പറഞ്ഞു: ഉണ്ട്, നിശബ്ദരായാൽ സുഖം കിട്ടുന്നതാണ്.

മൗലവി സാഹിബ് പറഞ്ഞു: പിന്നെന്തുകൊണ്ടാണ് അവരോടു കല്പിക്കാത്തത്?

ഹുദൂർ(അ)പറഞ്ഞു: താങ്കൾ അവരോടു സമാധാനത്തോടെ പറയുക. എനിക്കു പറയാൻ പറ്റില്ല.

**കണ്ടില്ലെന്ന് നടിക്കുക:**

ഒരു സേവക വീട്ടിൽനിന്ന് അരി മോഷ്ടിച്ചു. പിടിക്കപ്പെട്ടു. വീട്ടിലെ എല്ലാവരും അവരെ ശകാരിക്കാൻ തുടങ്ങി. യാദൃച്ഛികമായി ഹുദൂറും(അ)അതുവഴി പോയി. സംഭവം കേൾപ്പിച്ചപ്പോൾ ഹുദൂർ പറഞ്ഞു:ദരിദ്രയാണ്. കുറച്ചുകൂടി അവർക്ക് കൊടുക്കുക. പരിഹസിക്കാതിരിക്കുക. അല്ലാഹുവിന്റെ മറച്ചുവെക്കുക എന്ന രീതി സ്വീകരിക്കുക.

**സൃഷ്ടിസേവനം:**

ഗ്രാമീണരായ സ്ത്രീകൾ ഒരു ദിവസം കുട്ടിൾക്ക് മരുന്നു വാങ്ങാൻ വന്നു. ഹുദൂർ അവരെ പരിശോധിക്കുന്നതിലും മരുന്നുകൊടുക്കുന്നതിലും വ്യാപൃതനായിരുന്നു. അപ്പോൾ ഹദ്റത്ത് അബ്ദുൽകരീം സാഹിബ് പറഞ്ഞു, ഹുദൂർ ഇത് വളരെ ബുദ്ധിമുട്ടുള്ള ജോലിയാണ്. ഇങ്ങനെ ഹുദൂറിന്റെ വിലപിടിച്ച സമയം നഷ്ടപ്പെട്ടു പോകുന്നു. ഇതിനു മറുപടിയായി അവിടന്ന് പറഞ്ഞു: ഇതും അതുപോലെ ദീനീപരമായ ജോലിയാണ്. ഇവർ മിസ്ക്കീന്മാരാണ്. ഇവിടെ ആശുപത്രികളൊന്നുമില്ല. ഞാൻ അവർക്കുവേണ്ടി എല്ലാത്തരിത്തിലുള ഇംഗ്ലീഷ്, യൂനാനി മരുന്നുകൾ വാങ്ങി വെക്കുന്നു. അത് സമയത്ത് പ്രയോജനപ്പെടുന്നു. ഇതുവലിയ പ്രതിഫലം കിട്ടുന്ന ജോലിയാണ്. മുഅ്മിൻ ഈ പ്രവൃത്തികളിൽ അലസരും അശ്രദ്ധരും ആകാതിരിക്കേണ്ടതാണ്.

**സമയത്തെ വിലമതിക്കൽ:**

ഭംഗിവാക്കുകളിൽ സമയം നഷ്ടപ്പെടുത്തുന്നത് ഹുദൂറിന് ഇഷ്ടമല്ലായിരുന്നു. അതിനെ സംബന്ധിച്ച് ഹുദൂർ പറഞ്ഞു:എന്റെ അവസ്ഥയെന്താണെന്നാൽ ഒന്നിനും രണ്ടിനും പോകുമ്പോൾ അത്രസമയം പോകുന്നതിൽ പോലും എനിക്കു വിഷമമുണ്ട്;അതും ഏതെങ്കിലും ദീനീജോലിൾക്കുവേണ്ടി ചെലവായെങ്കിൽ! അവിടന്ന് പറഞ്ഞു: ദീനീപരമായ എന്തെങ്കിലും അനിവാര്യമായ ജോലി വന്നുപെട്ടാൽ, ആ ജോലി നിറവേറ്റാത്തിടത്തോളം എന്റെ അശനപാനീയങ്ങളും ഉറക്കവും ഞാനെന്നിൽ നിഷിദ്ധമാക്കുന്നു. അവിടന്ന് പറഞ്ഞു: നാം ദീനിനുവേണ്ടിയുള്ളതാണ്. ദീനിനുവേണ്ടി ജീവിക്കുന്നു. അതുകൊണ്ട് ദീനിന്റെ വഴിയിൽ നമുക്കൊരു തടസ്സവുമുണ്ടാകരുത്.

(മൽഫൂദാത്ത് വാല്യം 1, പേജ് 419, ഖാദിയാൻ 2018)

## നന്മ ചെയ്യുന്ന വ്യക്തിയുടെ ഹൃദയത്തിൽ നന്മകളുടെ പ്രകാശം വർധിച്ചുകൊണ്ടിരിക്കുന്നു. അവസാനം അവന്റെ ഹൃദയം മുഴുവൻ പ്രകാശമാനമായിത്തീരുന്നു. അവൻ മോക്ഷം പ്രാപിക്കുന്നു. തിന്മ ചെയ്യുന്നവന്റെ ഹൃദയത്തിൽ കറുത്തപുള്ളികൾ വർധിച്ചുകൊണ്ടിരിക്കുന്നു. അവസാനം ഒരു ദിവസം മുഴുവൻ ഹൃദയവും കറുത്ത് പോകുന്നു. അയാൾ നശിച്ചുപോകുന്നു.

സൂറത്തു ബനീഇസ്റായീലിലെ 14-ാം വചനമായ വ കുല്ല ഇൻസാനിൻ അൽസംനാഹു ത്വാഇറഹൂ ഫീ ഉനുഖിഹീ വ നുഖ്റിജു ലഹൂ യൗമൽ ഖിയാമത്തി കിതാബൻ യ്യൽഖാഹു മൻശൂറൻ (എല്ലാ ഓരോ മനുഷ്യന്റേയും കർമഫലം നാം അവന്റെ കഴുത്തിനോടു ബന്ധിച്ചിരിക്കുന്നു. പുനരുത്ഥാന നാളിൽ ഒരു പുസ്തകം അവനു വേണ്ടി നാം പുറത്തുകൊണ്ടുവരികയും ചെയ്യും. അതു തുറന്നു വെക്കപ്പെട്ടതായി അവൻ കാണുന്നതാണ്, എന്നതിനു നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു:

ഹദീഥിൽ വന്നിരിക്കുന്നു എല്ലാ ഓരോ കർമത്തിന്റേയും സ്വാധീനം മനുഷ്യന്റെ ഖൽബിലുണ്ടാകുന്നു. നന്മ ചെയ്യുകയാണെങ്കിൽ അവന്റെ ഖൽബിൽ പ്രകാശത്തിന്റെ ഒരു അടയാളം ഉണ്ടാകുന്നു. തിന്മ ചെയ്യുകയാണെങ്കിൽ ഒരു കറുത്ത അടയാളം പതിയുന്നു. ഇപ്രകാരം നന്മ ചെയ്യുന്ന വ്യക്തിയുടെ ഹൃദയത്തിൽ നന്മകളുടെ പ്രകാശം വർധിച്ചുകൊണ്ടിരിക്കുന്നു. അവസാനം അവന്റെ ഹൃദയം മുഴുവൻ പ്രകാശമാനമായിത്തീരുന്നു. അവൻ മോക്ഷം പ്രാപിക്കുന്നു. തിന്മചെയ്യുന്നവന്റെ ഹൃദയത്തിൽ കറുത്ത പുള്ളികൾ വർധിച്ചുകൊണ്ടിരിക്കുന്നു. അവസാനം ഒരു ദിവസം മുഴുവൻ ഹൃദയവും കറുത്ത് പോകുന്നു. അയാൾ നശിച്ചുപോകുന്നു. ചിലയാളുകൾ 'ത്വാഇർ' എന്നതിന്റെ അർഥം ഇവിടെ ഖിസ്മത്ത് അഥവാ തലയിലെഴുത്ത് എന്നു ചെയ്തിട്ടുണ്ട്. എന്നാൽ, ഈ അർഥം ഇവിടെ വെക്കാൻ പറ്റുകയില്ല. കാരണം ത്വാഇർ എന്നു പറഞ്ഞുകൊണ്ട് തന്റെ കർമങ്ങൾ ഉണ്ടാക്കുന്നവൻ സ്വയം മനുഷ്യൻതന്നെയാണെന്ന് പറയപ്പെട്ടിരിക്കുന്നു. അല്ലാഹു എന്തൊന്നാണോ നിശ്ചയിച്ചിട്ടുള്ളത് അത് ഒന്നുകിൽ കല്ല് എന്ന് പറയപ്പെടും അല്ലെങ്കിൽ വളയം. ത്വാഇറ എന്നു പറയപ്പെടുകയില്ല.

എല്ലാ ഓരോ മനുഷ്യന്റേയും കഴു

(ശേഷം പേജ് 9ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

ആഇശാ! അബൂബക്റിനെ എനിക്കുശേഷം നാമനിർദേശം ചെയ്യാമെന്നാണ് ഞാനാഗ്രഹിച്ചിരുന്നത്.
എന്നാൽ, അല്ലാഹുവും മുഅ്മിനീങ്ങളും അദ്ദേഹത്തിനു പുറമെ മറ്റാരിലും തൃപ്തരാകുകയില്ലെന്ന് എനിക്കറിയാം.

ഹദീഥുകളിൽ വളരെ വ്യക്തമായ നിലയിൽ വരുന്നു, “സ്വഹാബാക്കൾ പരസ്പരം പറഞ്ഞുകൊണ്ടിരുന്നത്
നബി(സ)തിരുമേനിക്കുശേഷം ആർക്കെങ്കിലും സ്ഥാനമുണ്ടെങ്കിൽ അത് അബൂബക്റിന്റെ സ്ഥാനമാണെന്നായിരുന്നു.”

അദ്ദേഹം നുബുവ്വത്ത് ആകുന്ന ഗ്രന്ഥത്തിന്റെ കർമരൂപവും അനുഗ്രഹങ്ങളുടെ കേദാരവും യോദ്ധാക്കളുടെ നേതാവുമായിരുന്നു.
അദ്ദേഹം നബിമാരുടെ സ്വഭാവമുള്ള ഏതാനും ആളുകളിൽ പെട്ട വ്യക്തിയുമായിരുന്നു.

അദ്ദേഹം മര്യാദകളിൽ നമ്മുടെ നബി(സ)തിരുമേനിയുടെ നിഴൽ പോലെയായിരുന്നു. അദ്ദേഹത്തിന് നബി(സ)തിരുമേനിയുമായി ആരംഭം മുതലേ ഒരു ബന്ധമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന് നബി(സ)തിരുമേനിയുടെ അനുഗ്രഹത്തിൽനിന്ന് ഞൊടിയിടകെ ലഭ്യായത് മറ്റുള്ളവർക്ക് നീകാലങ്ങൾകൊണ്ടോ സുദീർഘമായ ബന്ധം കൊണ്ടോ നേടാൻ കഴിഞ്ഞില്ല.

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സ്വിദ്ദീഖെ അക്ബർ**
**ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.**

മുഹമ്മദ് ദാവൂദ് സഫ്ർ സാഹിബ് മുറബ്ബി റീഖീം പ്രസ്സ് യൂ.കെ യുടെ ഹാജർ ജനാസ അതുപോലെതന്നെ സ്പെയിനിലെ മുൻ മുബല്ലിഗായ മർഹൂം കറം ഇലാഹി സഫ്ർ സാഹിബിന്റെ ഭാര്യ റുഖ്യാ ശമീം ബുശ്റാ സാഹിബ, സയ്യിദ് സയ്നുൽ ആബിദീൻ വലിയുല്ലാഹ് ശാഹ് സാഹിബിന്റെ മകളും മിർസാ ഹനീഫ് അഹ്മദ് സാഹിബിന്റെ ഭാര്യയുമായ ത്വാഹിറ ഹനീഫ് സാഹിബ എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ 2022 നവംബർ 18/1401 നുബുവ്വത്ത് 18**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ - الرَّحْمٰنِ الرَّحِيمِ - مٰلِكِ يَوْمِ الدِّينِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيمَ - صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ -

ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ ചരിത്രത്തിലേയും ജീവിതത്തിലേയും സംഭവങ്ങൾ വിവരിച്ചുകൊണ്ടിരിക്കുകയായിരുന്നു. നബി(സ)തിരുമേനിയുടെ ദൃഷ്ടിയിൽ ഹദ്റത്ത് അബൂബക്റിനുണ്ടായിരുന്ന സ്ഥാനത്തെ കുറിച്ച് നേരത്തെയും വിവരിച്ചുകഴിഞ്ഞിട്ടുണ്ട്. കൂടുതൽ വിവരണവും ഉണ്ടായികഴിഞ്ഞിട്ടുണ്ട്. ഇതിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത് നബി(സ)തിരുമേനി അദ്ദേഹത്തെ തന്റെ പിൻഗാമിയായി നാമനിർദേശം ചെയ്യാൻ ആഗ്രഹിച്ചിരുന്നുവെന്നാണ്. പ്രത്യുത അല്ലാഹു ഹദ്റത്ത് അബൂബക്റിനെ മാത്രമേ നബി(സ)തിരുമേനിക്കുശേഷം ഖലീഫയും പ്രതിനിധിയും ആക്കുകയുള്ളൂ എന്ന് സൂചന നൽകുകയും ചെയ്തിരുന്നു.

ഹദ്റത്ത് ആഇശ(റ)വിവരിക്കുന്നു. നബി(സ) തിരുമേനി തന്റെ രോഗാവസ്ഥയിൽ എന്നോട് പറഞ്ഞു: എനിക്ക് ഒരു രേഖ തയ്യാറാക്കാൻ അബൂബക്റിനെയും നിന്റെ സഹോദരനെയും എന്റെ അടുത്ത് വിളിപ്പിക്കുക. ഏതെങ്കിലും ആഗ്രഹിക്കുന്നവൻ താനാണ് കൂടുതൽ അർഹനെന്ന് ആഗ്രഹിക്കുമോ എന്ന് ഞാൻ ഭയപ്പെടുന്നു. പക്ഷേ, അല്ലാഹുവും വിശ്വാസികളും അബൂബക്റിനെ അല്ലാതെ മറ്റുള്ളവരെയെല്ലാം നിരാകരിക്കുന്നതാണ്. അതായത് മറ്റാരെങ്കിലും ആഗ്രഹം പ്രകടിപ്പിക്കുകയാണെങ്കിൽ അവരെ നിരാകരിക്കും. ഹദ്റത്ത് അബൂബക്റിനെതന്നെ ഖലീഫയാക്കുന്നതാണ്.

ഹദ്റത്ത് ഹുദയ്ഫ ബിൻ യമാൻ നിവേദനം. നബി(സ)തിരുമേനി പറയുന്നു: “ഞാൻ ഇനി നിങ്ങൾക്കിടയിൽ എത്ര കാലമുണ്ടാകുമെന്ന് എനിക്കറിയില്ല. നിങ്ങൾ എന്നെയും എനിക്കുശേഷം വരുന്നവരെയും പിൻപറ്റുക.” നബി(സ) തിരുമേനി സൂചിപ്പിച്ചത് അബൂബക്റിനെയും ഉമറിനെയുമായിരുന്നു.(സുനൻ ഇബ്നുമാജ, കിതാബുസ്സുന്ന, ഹദീഥ് നമ്പർ 97)

ഹദ്റത്ത് അബൂഹുറയ്റ(റ) പറയുന്നു. ഞാൻ നബി(സ)തിരുമേനിയിൽനിന്ന് ഇങ്ങനെ കേട്ടു. നബി(സ)തിരുമേനി പറയുകയാണ്: “ഞാൻ ഉറങ്ങുകയായിരുന്നു. ഞാൻ എന്നെ ഒരു കിണറിലാണെന്നു കണ്ടു. അതിൽ വെള്ളം കോരുന്ന ഒരു പാത്രമുണ്ടായിരുന്നു. ഞാൻ ആ കിണറിൽനിന്ന് അല്ലാഹു ഇച്ഛിക്കുന്ന അത്രയും വെള്ളം എടുത്തു. തുടർന്ന് ഇബ്നു അബീ ഖുഹാഫ ഈ വെള്ളം കോരുന്ന പാത്രം എടുത്തു. അദ്ദേഹം ഒന്നോ രണ്ടോ പാത്രം വെള്ളം എടുക്കുകയുണ്ടായി. അദ്ദേഹം വെള്ളം വലിച്ചെടുക്കുന്ന സമയത്ത് അദ്ദേഹത്തിന് ക്ഷീണമുള്ളതായി തോന്നി. അല്ലാഹു അദ്ദേഹത്തിന്റെ ക്ഷീണം മറച്ചുവെച്ച് അദ്ദേഹത്തോട് പൊറുമ കാണിക്കുന്നതായിരിക്കും. പിന്നെ ആ വെള്ളം കോരുന്ന പാത്രം മറ്റൊന്നായി മാറി, അതായത് തുകൽപാത്രമായി മാറി. ഇബ്നു ഖത്വാബ് അതെടുത്തു. അദ്ദേഹം അതുകൊണ്ട് വലിച്ചെടുത്തതുപോലെ ശക്തമായി മറ്റാരും വലിച്ചെടുക്കുന്നത് ഞാൻ കണ്ടിട്ടില്ല. അതായത് ഉമറിനെപോലെ! അദ്ദേഹം എത്രമാത്രം അതിൽനിന്ന് പുറത്തെടുത്തുവെന്നാൽ ആളുകളൊക്കെ ദാഹശമനം നടത്തി താന്താങ്ങളുടെ സ്ഥലങ്ങളിൽ പോയിരുന്നു. അതായത് ഹദ്റത്ത് അബൂബക്റിനെയും ഉമറിനെയും കുറിച്ച് നബി(സ)തിരുമേനി രണ്ടുപേരും തന്റെ പ്രാതിനിധ്യത്തിൽ വരുമെന്ന് പറയുകയാണിവിടെ.

ഇഫ്ക്(അപവാദ പ്രചാരണ) സംഭവത്തിൽ ഹദ്റത്ത് അബൂബക്റിന്റെ നിലപാടിനേയും അതിൽ അദ്ദേഹത്തിന്റെ ശ്രേഷ്ഠതകളേയും കുറിച്ചും സ്വഹാബാക്കളുടെ വിശദീകരണത്തിൽ പറഞ്ഞു കഴിഞ്ഞതാണ്. ഇവിടെ കേവലം ഹ്രസ്വമായ രീതിയിൽ സമർപ്പിക്കാം. ഇതിൽനിന്ന് വളരെ വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്നത് ഹദ്റത്ത് ആഇശ(റ)ക്കുമേലുണ്ടായ വലിയ അപരാധം ഒരു പർവ്വതം വന്നു വീണതു പോലെയായിരുന്നു. എന്നാൽ, ഹദ്റത്ത് ആഇശ(റ)യുടെ മാതാപിതാക്കൾക്ക് നബി(സ)തിരുമേനിയോടുണ്ടായിരുന്ന സ്നേഹം, നബി(സ)തിരുമേനിയോടുണ്ടായിരുന്ന ആദരവ്, മകളോടുള്ള സ്നേഹത്തേക്കാൾ എത്രയോ അധികമായിരുന്നു. അവർ ആ സംഭവത്തിന്റെ സമയമത്രയും നബി(സ) തിരുമേനി അവരോട് എങ്ങനെയാണോ പെരുമാറിയത് അതേ രീതിതന്നെ അവരും അനുവർത്തിക്കുന്നതാണ് ഉചിതമെന്ന് കരുതി. ഒരിക്കൽ ഹദ്റത്ത് ആഇശ(റ)തന്റെ മാതാപിതാക്കളുടെ അടുക്കൽ വന്നപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) അതേ സമയത്തുതന്നെ അവരെ അവരുടെ വീട്ടിലേക്ക് തിരിച്ചയച്ചു. ഇതു സംബന്ധിച്ച് ബുഖാരിയിൽ പറയുന്നു: ‘ഇഫ്ക് സംഭവത്തിനിടയിൽ ഹദ്റത്ത് ആഇശ(റ) നബി(സ)തിരുമേനിയിൽനിന്ന് അനുമതി വാങ്ങി ഒരു സേവകയോടൊപ്പം തന്റെ മാതാപിതാക്കളുടെ വീട്ടിൽപോയി. ഹദ്റത്ത് ആഇശ(റ) പറയുന്നു: “ഞാൻ വീട്ടിൽ പ്രവേശിച്ചു. ഞാൻ എന്റെ മാതാവ് ഉമ്മു റൂമാനെ വീടിന്റെ പിൻഭാഗത്തും ഹദ്റത്ത് അബൂബക്റിനെ വീടിന്റെ മുകൾ നിലയിലും കണ്ടു. അദ്ദേഹം ഖുർആൻ പാരായണം ചെയ്യുകയായിരുന്നു. എന്റെ മാതാവ് ചോദിച്ചു, ‘മകളേ! എങ്ങനെയാണ് നീ വന്നത്?’ ഞാൻ അവരോടു നടന്ന കാര്യങ്ങളെല്ലാം വിവരിച്ചു. എന്നാൽ, ഞാൻ കണ്ടത് അതിലവർക്കു എനിക്കുണ്ടായതുപോലെയുള്ള അത്ഭുതമൊന്നും തോന്നുന്നില്ല എന്നാണ്. ഞാൻ കരുതിയത് അവർ ഈ സംഭവം കേൾക്കുമ്പോൾ അസ്വസ്ഥയാകുമെന്നാണ്. അവർക്ക് ഒരുവിധ ആശ്ചര്യവുമുണ്ടാകുന്നില്ല.” ഹദ്റത്ത് ആഇശ(റ) പറയുന്നു: “അവരുടെ മാതാവ് പറഞ്ഞു, ‘മകളേ! നിനക്കെതിരിലുണ്ടായ ഈ സംസാരം നിസ്സാരമായി കരുതുക. അല്ലാഹുവാണ! സുന്ദരിയായ ഭാര്യ ഉണ്ടായിരിക്കുകയും ഭർത്താവ് അവളെ സ്നേഹിക്കുകയും അദ്ദേഹത്തിന് മറ്റു ഭാര്യമാർ ഉണ്ടായിരിക്കുകയും ചെയ്യുമ്പോൾ അവരോടു അസൂയ ഉണ്ടാകുകയും അവരെ സംബന്ധിച്ച് ഇങ്ങനെയുള്ള കാര്യങ്ങൾ പറയാതിരിക്കുകയും ചെയ്യുക എന്നത് അപൂർവമാണ്.” ഹദ്റത്ത് ആഇശ(റ) പറയുന്നു: “എനിക്കുണ്ടായ അസ്വസ്ഥതയൊന്നും ഞാൻ അവരിൽ കണ്ടില്ല. എന്റെ പിതാവിന് ഇതിനെക്കുറിച്ച് അറിയുമോ എന്ന്

ഞാൻ ചോദിച്ചു.” അവരുടെ ഉമ്മ പറഞ്ഞു: “അറിയാം.” തുടർന്ന് ഹദ്റത്ത് ആഇശ(റ) ചോദിച്ചു. നബി(സ)തിരുമേനിക്ക് അറിയുമോ? അവർ പറഞ്ഞു: “അറിയാം.” നബി(സ)തിരുമേനിക്ക് അറിയാം. ഹദ്റത്ത് ആഇശ(റ) പറയുന്നു: “അതുകേട്ടപ്പോൾ എന്റെ കണ്ണുകളിൽ കണ്ണീർ തളംകെട്ടുകയും ഞാൻ കരയാൻ തുടങ്ങുകയും ചെയ്തു. ഹദ്റത്ത് അബൂബക്ർ എന്റെ ശബ്ദം കേട്ടു. അദ്ദേഹം വീടിന്റെ മുകൾ നിലയിൽ ഖുർആൻ പാരായണം ചെയ്യുകയായിരുന്നു. അദ്ദേഹം താഴെ വന്ന് എന്റെ ഉമ്മയോട് ചോദിച്ചു: “എന്തു പറ്റി?” അവർ പറഞ്ഞു, “അവളെ കുറിച്ച് പറയുന്ന കാര്യങ്ങൾ അവൾ അറിഞ്ഞിരിക്കുന്നു.” അപ്പോൾ ഹദ്റത്ത് അബൂബക്റിന്റെ കണ്ണുകൾ നിറഞ്ഞു. എന്നിട്ട് പറഞ്ഞു: “എന്റെ പ്രിയപ്പെട്ട മകളേ! അല്ലാഹുവാണ! നീ നിന്റെ വീട്ടിൽ തിരിച്ചുപോകുക.” ഹദ്റത്ത് ആഇശ(റ) പറയുന്നു, “ഞാൻ തിരിച്ചുപോയി.” (സ്വഹീഹുൽ ബുഖാരി, കിതാബുത്തഫ്സീറുൽ ഖുർആൻ, തഫ്സീർ സൂറത്തുന്നൂർ, നിവേദനം 4757)

ഇഫ്ക് സംഭവത്തിൽ അതിന്റെ ഭയാനകമായ ഗൂഢാലോചനയെയും ഹദ്റത്ത് അബൂബക്റിന്റെ സ്ഥാനമാഹാത്മ്യത്തെയും കുറിച്ച് ഒരു സ്ഥലത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: ‘നമ്മൾ ഇവിടെ ചിന്തിക്കേണ്ട കാര്യമെന്തെന്നാൽ ആരെല്ലാമായിരുന്നു ദുഷ്പേരുണ്ടാക്കാൻ ശ്രമിച്ചതെന്നും മുനാഫിക്കീങ്ങൾക്ക് അല്ലെങ്കിൽ അവരുടെ നേതാക്കന്മാർക്ക് അത് ഉപകാരപ്പെട്ടിരുന്നോ എന്നും ആരോടെല്ലാമാണ് അവർ ഇതുമുഖേന ശത്രുത വെളിപ്പെടുത്തിയിരുന്നതെന്നുമാണ്. ഖലീഫത്തുൽ മസീഹ് ഥാനീ (റ)പറയുന്നു: “ഒരു ചെറിയ ചിന്തകൊണ്ടുതന്നെ മനസ്സിലാക്കാൻ കഴിയുന്നത് ഹദ്റത്ത് ആഇശ(റ)ക്കുമേൽ അപവാദമുന്നയിച്ചുകൊണ്ട് രണ്ടു വ്യക്തികൾക്കെതിരിൽ ശത്രുത പ്രകടിപ്പിക്കുന്നു എന്നാണ്. ഒന്ന് നബി(സ)തിരുമേനി, മറ്റൊന്ന് ഹദ്റത്ത് അബൂബക്ർ(റ).

കാരണം അവർ ഒരാളുടെ ഭാര്യയും മറ്റൊരാളുടെ മകളുമായിരുന്നു. ഇവർ രണ്ടുപേർക്കുമെതിരിൽ ദുഷ്പേരുണ്ടാകുന്നത് രാഷ്ട്രീയപരമായും സാമ്പത്തികപരമായും ശത്രുതാപരമായും ചില ആളുകൾക്ക് പ്രയോജനകരമാകുമായിരുന്നു. അഥവാ ചില ആളുകളുടെ ഉദ്ദേശ്യം ഇവർ രണ്ടുപേർക്കും ദുഷ്പേരുണ്ടാക്കുന്നതുമായി ബന്ധപ്പെട്ടു നിൽക്കുന്നു. അതല്ലാതെ ഹദ്റത്ത് ആഇശ(റ)യെ അപകീർത്തിപ്പെടുത്തുന്നതിനു മാത്രം അവർക്ക് താൽപര്യമില്ലായിരുന്നു. കൂടിവന്നാൽ അത് നബി(സ)തിരുമേനിയുടെ മറ്റു സഹധർമിണികളുമായി മാത്രം ബന്ധമുള്ള സംഭവമായിരുന്നു. അതായത് നബി(സ)തിരുമേനിയുടെ മറ്റു ഭാര്യമാർ ഹദ്റത്ത് ആഇശ(റ)യെ നബി(സ)തിരുമേനിയുടെ ദൃഷ്ടിയിൽ ഇകഴ്താനും അതിലൂടെ തങ്ങൾക്ക് സൽപ്പേരുണ്ടാക്കാനും ശ്രമിക്കാൻ സാധ്യതയുണ്ട്. പക്ഷേ, നബി(സ)തിരുമേനിയുടെ സഹധർമിണിമാരിലാരുംതന്നെ ഈ കാര്യത്തിൽ ഒരുവിധ പങ്കും വഹിച്ചിട്ടില്ലെന്നതിന് ചരിത്രം സാക്ഷിയാണ്. മാത്രമല്ല ഹദ്റത്ത് ആഇശ(റ) വിവരിക്കുന്നു: “നബി(സ)തിരുമേനിയുടെ ഭാര്യമാരിൽ എന്റെ എതിരാളിയാണെന്നു ഞാൻ മനസ്സിലാക്കിയിട്ടുണ്ടായിരുന്നത് ഹദ്റത്ത് സയ്നബിനെയായിരുന്നു. അവരെയല്ലാതെ മറ്റാരെയും ഞാൻ എന്റെ എതിരാളിയായി മനസ്സിലാക്കിയിട്ടില്ല. പക്ഷേ, ഹദ്റത്ത് ആഇശ(റ) വിവരിക്കുകയാണ്, “ഈ ആരോപണം എനിക്കെതിരെ ഉന്നയിക്കപ്പെട്ടപ്പോൾ ഏറ്റവും ശക്തമായി അതിനെതിരിൽനിന്നത് ഹദ്റത്ത് സയ്നബ്(റ) തന്നെയായിരുന്നു. അവരുടെ ഈ ഔദാര്യം എനിക്കൊരിക്കലും മറക്കാൻ കഴിയുന്നതല്ല.”

ചുരുക്കത്തിൽ ഹദ്റത്ത് ആഇശ(റ)യോടു ആർക്കെങ്കിലും ശത്രുത ഉണ്ടാകുമായിരുന്നുവെങ്കിൽ അത് നബി(സ)തിരുമേനിയുടെ മറ്റു ഭാര്യമാർക്കാണുണ്ടാകേണ്ടിയിരുന്നത്. അവർ വിചാരിച്ചിരുന്നെങ്കിൽ ഹദ്റത്ത് ആഇശ(റ)യെ നബി(സ)തിരുമേനിയുടെ ദൃഷ്ടിയിൽ ഇകഴ്ത്തിക്കാണിക്കാനും തങ്ങളുടെ ശ്രേഷ്ഠത സ്ഥാപിക്കാനും അവർക്ക് ഭാഗഭാക്കാകാമായിരുന്നു. പക്ഷേ, മറ്റു ഭാര്യമാർ ആരുംതന്നെ അതിൽ ഭാഗഭാക്കായിട്ടില്ലെന്നത് ചരിത്രത്തിൽനിന്ന് തെളിയുന്നു. ആരോടു ചോദിച്ചാലും അവർക്ക് ഹദ്റത്ത് ആഇശ(റ)യെ കുറിച്ച് മേന്മ മാത്രമാണ് പറയാനുണ്ടായിരുന്നത്. നബി(സ)തിരുമേനി തന്റെ മറ്റൊരു ഭാര്യയോട് ഇതിനെക്കുറിച്ച് പരാമർശിച്ചപ്പോൾ അവർ പറഞ്ഞു: “ഞാൻ ഹദ്റത്ത് ആഇശയിൽ നന്മയല്ലാതെ മറ്റൊന്നും കണ്ടിട്ടില്ല.” ചുരുക്കത്തിൽ ഹദ്റത്ത് ആഇശ(റ)യോട് ആർക്കെങ്കിലും വെറുപ്പുണ്ടാകുമായിരുന്നുവെങ്കിൽ അത് നബിതിരുമേനിയുടെ മറ്റു ഭാര്യമാർക്കാണ് ഉണ്ടാകേണ്ടിയിരുന്നത്. പക്ഷേ, ഈ സംഭവത്തിൽ അവർക്കാർക്കും ബന്ധമുള്ളതായി തെളിയുന്നില്ല.

ഇതുപോലെ പുരുഷന്മാർക്ക് സ്ത്രീകളോടു ശത്രുത ഉണ്ടാകേണ്ട കാര്യവുമില്ല. ചുരുക്കത്തിൽ ഹദ്റത്ത് ആഇശ(റ)ക്ക് എതിരെയുള്ള അപവാദപ്രചാരണം നബി(സ)തിരുമേനിയോടുള്ള ശത്രുത കാരണമോ ഹദ്റത്ത് അബൂബക്റിനോടുള്ള ശത്രുത കാരണമോ ആയിരിക്കാനേ നിവൃത്തിയുള്ളൂ. നബി(സ)തിരുമേനിക്കുണ്ടായിരുന്ന സ്ഥാനം, അപവാദം പറയുന്നവർക്ക് എങ്ങനെ പിടിച്ചെടുക്കാൻ കഴിയും? അവർ ആശങ്കപ്പെട്ടത് നബി(സ)തിരുമേനിയുടെ വിയോഗത്തിനുശേഷവും അവർക്ക് തങ്ങളുടെ ഉദ്ദേശ്യങ്ങൾ പൂർത്തിയാക്കാൻ കഴിയില്ലെന്നാണ്. നബി(സ)തിരുമേനിക്കുശേഷം ഖലീഫയാകാനുള്ള അർഹത ഹദ്റത്ത് അബൂബക്റിന് മാത്രമാണെന്നു അവർ കാണുന്നുണ്ടായിരുന്നു.

അങ്ങനെ ഈ പ്രയാസത്തെ മനസ്സിലാക്കിക്കൊണ്ട് അവർ ഹദ്റത്ത് ആഇശ(റ)ക്കെതിരിൽ ആരോപണം ഉന്നയിച്ചു. ഹദ്റത്ത് ആഇശ(റ)യെ നബി(സ)തിരുമേനിയുടെ ദൃഷ്ടിയിൽ ഇകഴ്ത്താനും അങ്ങനെ അവരെ ഇകഴ്ത്തുന്നതു മുഖേന ഹദ്റത്ത് അബൂബക്റിന് മുസ്‌ലിമീങ്ങൾക്കിടയിൽ ഉണ്ടായിരുന്ന സ്ഥാനം നഷ്ടമാക്കുകയെന്നും മുസ്‌ലിമീങ്ങൾ അദ്ദേഹത്തോട് വെറുപ്പ് പ്രകടിപ്പിക്കുകയും അതായത് ഹദ്റത്ത് അബൂബക്റിനോടു ദുർധാരണ വെക്കുമെന്നും അതോടെ അദ്ദേഹത്തോട് ഉണ്ടായിരുന്ന ഭക്തിയാദരങ്ങൾ ഉപേക്ഷിക്കുമെന്നും അതുമുഖേന നബി(സ)തിരുമേനിക്കുശേഷം ഹദ്റത്ത് അബൂബക്റിന് ഖലീഫയാകാനുള്ള വാതിൽ കൊട്ടിയടക്കപ്പെടുമെന്നും അവർ കരുതി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: “ഒന്നാം ഖലീഫയുടെ കാലഘട്ടത്തിൽ പയ്ഗാമികൾ(ലാഹോരികൾ) എനിക്കുമേൽ ആരോപണങ്ങൾ ഉന്നയിക്കുകയും എന്നെ മോശക്കാരനാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്തതു പോലെ! ചുരുക്കത്തിൽ ഇവിടെ അല്ലാഹു ഹദ്റത്ത് ആഇശ(റ)ക്കുമേൽ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെ സംബന്ധിച്ച സംഭവത്തിനുശേഷം ഖിലാഫത്തിനെ സംബന്ധിച്ച് പറയാനുണ്ടായിരുന്ന കാരണവും അതുതന്നെയാണ്.

ഹദീഥുകളിൽ വളരെ വ്യക്തമായും പറയുന്നു, “സ്വഹാബാക്കൾ പരസ്പരം പറഞ്ഞുകൊണ്ടിരുന്നത് നബി(സ)തിരുമേനിക്കുശേഷം ആർക്കെങ്കിലും സ്ഥാനമുണ്ടെങ്കിൽ അത് അബൂബക്റിന്റെ സ്ഥാനമാണെന്നായിരുന്നു.”

ഹദീഥുകളിൽ വരുന്നുണ്ട്, ഒരിക്കൽ നബി(സ)തിരുമേനിയുടെ അടുക്കൽ ഒരാൾ വന്ന് പറഞ്ഞു: “യാ റസൂലല്ലാഹ്! എന്റെ ഇന്ന ആഗ്രഹം പൂർത്തീകരിച്ചുതന്നാലും.” നബി(സ)തിരുമേനി പറഞ്ഞു, “ഇപ്പോഴല്ല, പിന്നീട് വരിക.” അയാൾ ഗ്രാമീണനായിരുന്നു. മര്യാദയെയും സംസ്കാരത്തെയും കുറിച്ചൊന്നും വലിയ അറിവുണ്ടായിരുന്നില്ല. “താങ്കളും ഒരു മനുഷ്യനാണല്ലോ? ഞാൻ വീണ്ടും വരുന്ന സമയത്ത് അങ്ങ് മരണപ്പെട്ടു പോകുകയാണെകിൽ ഞാൻ എന്താണ് ചെയ്യുക?” നബി തിരുമേനി പറഞ്ഞു: “ഞാൻ ഈ ലോകത്തില്ലെങ്കിൽ അബൂബക്റിന്റെ അടുത്തുപോകുക. അദ്ദേഹം നിന്റെ ആവശ്യം നിറവേറ്റിത്തരുന്നതാണ്.” ഇപ്രകാരംതന്നെ ഹദീഥുകളിൽ വരുന്നുണ്ട്, നബി(സ)തിരുമേനി ഒരിക്കൽ ഹദ്റത്ത് ആഇശ(റ)യോട് പറഞ്ഞു:

“ആഇശാ! ഞാൻ അബൂബക്റിനെ എനിക്കുശേഷം നാമനിർദേശം ചെയ്യാനാഗ്രഹിക്കുന്നു. പക്ഷേ, എനിക്കറിയാം അല്ലാഹുവും വിശ്വാസികളും അബൂബക്റിന്റെ കാര്യത്തിലല്ലാതെ മറ്റാരുടെ കാര്യത്തിലും തൃപ്തിപ്പെടുകയില്ലെന്ന്. അതുകൊണ്ടു ഞാൻ ഇപ്പോൾ ഒന്നും പറയുന്നില്ല.” ചുരുക്കത്തിൽ സ്വഹാബാക്കൾ മനസ്സിലാക്കിയിരുന്നത് നബി(സ)തിരുമേനിക്കുശേഷം അബൂബക്റിനു തന്നെയാണ് സ്ഥാനമുള്ളതെന്നും അദ്ദേഹം തന്നെയാണ് അവിടത്തെ ഖലീഫയാകാൻ അർഹനെന്നുമാണ്.

മക്കാ ജീവിതത്തിൽ ഭരണത്തെയും അതിന്റെ സംവിധാനത്തെയും കുറിച്ചുള്ള പ്രശ്നംതന്നെ ഉദിച്ചിരുന്നില്ല. എന്നാൽ, നബി(സ)തിരുമേനി മദീനയിലെത്തിയതിനുശേഷം ഭരണം സ്ഥാപിതമായി. മുനാഫിഖീങ്ങളുടെ ഹൃദയത്തിൽ സ്വാഭാവികമായും ചില ചോദ്യങ്ങളുയർന്നു. കാരണം നബി (സ)തിരുമേനി മദീനയിൽ വന്നതുകൊണ്ട് പലരുടെയും ആഗ്രഹങ്ങൾ നഷ്ടപ്പെട്ടുപോയിരുന്നു.

അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ രാജാധികാരത്തിന്റെ എല്ലാ പ്രതീക്ഷകളും ഇല്ലാതായെന്നു കണ്ടപ്പോൾ അയാൾ കോപാകുലനായി. അയാൾ പ്രത്യക്ഷത്തിൽ മുസ്‌ലിമീങ്ങളോടൊപ്പം ചേർന്നുവെങ്കിലും എപ്പോഴും മുസ്‌ലിമീങ്ങൾക്കിടയിൽ വിള്ളലുണ്ടാക്കിക്കൊണ്ടിരുന്നു. അയാൾക്കൊന്നും ചെയ്യാൻ കഴിയുമായിരുന്നില്ല. അതുകൊണ്ട് അയാൾ ആഗ്രഹിച്ചത് നബി(സ) തിരുമേനിയുടെ മരണത്തിനുശേഷം മദീനയുടെ രാജാവാകാമെന്നായിരുന്നു. എന്നാൽ, മുസ്‌ലിമീങ്ങൾക്ക് രാജാധിപത്യം കിട്ടുകയും പുതിയൊരു സംവിധാനം അയാൾ കാണുകയും ചെയ്തപ്പോൾ അയാൾ നബി(സ)തിരുമേനിയോട് ഇസ്‌ലാമിക ഭരണത്തെ കുറിച്ചും അവിടത്തെ കാലത്തിനുശേഷം ഇസ്‌ലാമിന് എന്ത് സംഭവിക്കുമെന്നും അന്ന് മുസ്‌ലിമീങ്ങൾ എന്ത് ചെയ്യണമെന്നുമൊക്കെ ചോദ്യങ്ങൾ ഉന്നയിച്ചുതുടങ്ങി. അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ അവസ്ഥകളെല്ലാം കണ്ടപ്പോൾ ഇസ്‌ലാമിക ഭരണത്തിൽ തനിക്ക് ഒരുവിധ പങ്കുമുണ്ടാകുകയില്ലെന്നതിൽ ആശങ്കാകുലനായി. അതായത് അതിൽ അബ്ദുല്ലാക്ക് പങ്കൊന്നുമുണ്ടായിരിക്കുന്നതല്ല. അയാൾ ഈ അവസ്ഥകളെ പ്രതിരോധിക്കാൻ ആഗ്രഹിച്ചിരുന്നു. അതിനു വേണ്ടി ചിന്തിച്ചപ്പോൾ ഇസ്‌ലാമിക ഭരണകൂടത്തെ ഇസ്‌ലാമിക തത്ത്വങ്ങൾക്ക് അനുസൃതമായി നടത്തിക്കൊണ്ട് പോകാൻ അബൂബക്റിന് മാത്രമേ കഴിയുകയുള്ളുവെന്നും മുസ്‌ലിമീങ്ങളുടെ ദൃഷ്ടി അബൂബക്റിൽ മാത്രമാണ് പതിയുന്നതെന്നും അയാൾ കാണുകയുണ്ടായി. മാത്രമല്ല അവർ അദ്ദേഹത്തെ എല്ലാവരേക്കാളും ഉന്നതനാണെന്നു ഗണിക്കുകയും ചെയ്തിരുന്നു. അതുകൊണ്ട് അദ്ദേഹത്തെ മോശക്കാരനാണെന്നു വരുത്താനും ഹദ്റത്ത് അബൂബക്റിനെ ജനങ്ങളുടെ ദൃഷ്ടിയിൽ ഇകഴ്ത്താനും, നബി(സ)തിരുമേനിയുടെ ദൃഷ്ടിയിൽപോലും താഴ്ത്താനും ആഗ്രഹിച്ചു. ഈ ദുരുദ്ദേശ്യം പൂർത്തീകരിക്കാനുള്ള അവസരമാണ് ഹദ്റത്ത് ആഇശ(റ) ഒരു യുദ്ധത്തിൽ പിന്നിലായിപ്പോയപ്പോൾ അയാൾക്ക് ലഭിച്ചത്. ആ ദുർഭഗൻ അവർക്കുമേൽ അവാദങ്ങൾ അഴിച്ചുവിട്ടു. വിശുദ്ധ ഖുർആൻ അതെ കുറിച്ച് സൂചന നൽകുന്നുണ്ട്. ഹദീഥുകളിൽ അതിന്റെ വിശദീകരണം വന്നിട്ടുമുണ്ട്. അബ്ദുല്ലാഹ് ബി

ൻ ഉബയ്യ് ബിൻ സുലൂൽ അങ്ങനെ ഹദ്റത്ത് അബൂബക്ർ(റ) ജനങ്ങളുടെ ദൃഷ്ടിയിൽ നിന്ദ്യനാകുമെന്നും അദ്ദേഹത്തിന്റെ നബി(സ)തിരുമേനിയുമായുള്ള ബന്ധം വഷളാകുമെന്നും സംവിധാനം സുസ്ഥിരമാകുന്നതിൽ വിള്ളലുണ്ടാകുമെന്നും അതങ്ങനെ തീർച്ചയായും സംഭവിക്കുമെന്നും കരുതി. പക്ഷേ, അത് സ്ഥാപിക്കുന്നതിൽ അയാളുടെ പ്രതീക്ഷകൾ തകർന്നുപോയി. നബി(സ) തിരുമേനിക്കുശേഷം ഭരണപരമായ സ്വപ്നങ്ങൾ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ മാത്രമല്ല കണ്ടിരുന്നത്. മറ്റു ചിലയാളുകളും ഈ രോഗത്തിൽ അകപ്പെട്ടിരുന്നു. മുനാഫിഖ് അഥവാ കപടവിശ്വാസി എപ്പോഴും തന്റെ മരണം വിദൂരമാണെന്നു കരുതുന്നു. മറ്റുള്ളവരുടെ മരണത്തെ കുറിച്ച് കണക്കുകൂട്ടുകയും ചെയ്യുന്നു. അതുകൊണ്ട് അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ തന്റെ മരണം വിദൂരണമാണെന്ന് കരുതുകയുണ്ടായി. നബി(സ)തിരുമേനിയുടെ ജീവിതത്തിൽത്തന്നെ കൈകാലിട്ടടിച്ച് മരണപ്പെടുമെന്നു അയാൾക്ക് അറിയില്ലായിരുന്നു. നബി(സ)തിരുമേനി മരണപ്പെട്ടാൽ തനിക്ക് അറേബ്യായുടെ രാജാവാകാം എന്ന് അയാൾ കണക്കുകൂട്ടുകയായിരുന്നു. എന്നാൽ, അബൂബക്റിന്റെ നന്മയും തഖ്‌വാ അഥവാ ദൈവഭയവും ശ്രേഷ്ഠതയും മുസ്‌ലിമീങ്ങൾ അംഗീകരിച്ചു കഴിഞ്ഞതായിരുന്നു. നബി(സ)തിരുമേനി നമസ്കരിക്കാൻ വരാത്തപ്പോൾ അബൂബക്ർ(റ), നബി(സ)തിരുമേനിയുടെ സ്ഥാനത്ത് നമസ്കരിപ്പിക്കുമായിരുന്നു. നബി(സ)തിരുമേനിയോട് ഏതെങ്കിലും കാര്യത്തെ കുറിച്ച് വിധി ചോദിക്കാൻ കഴിഞ്ഞില്ലെങ്കിൽ മുസ്‌ലിമീങ്ങൾ അബൂബക്റിനോട് ചോദിക്കുമായിരുന്നു. ഇതെല്ലം കണ്ടപ്പോൾ ഭാവിയിൽ രാജധികാരം പ്രതീക്ഷിച്ച് കഴിഞ്ഞിരുന്ന അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിന് കടുത്ത ആശങ്കയായി. അയാൾ അതിന് പരിഹാരം തേടാൻ ശ്രമിച്ചു. അതിനുള്ള പരിഹാരമായി ഹദ്റത്ത് അബൂബക്ർ(റ)ന്റെ പ്രസിദ്ധിയും അദ്ദേഹത്തിന്റെ മഹത്ത്വവും മുസ്‌ലിമീങ്ങളുടെ കണ്ണുകളിൽ നിന്ന് ഇല്ലാതാക്കാനും അയാൾ ഹദ്റത്ത് ആഇശക്കെതിരിൽ ആരോപണം ഉന്നയിച്ചു. അങ്ങനെ ഹദ്റത്ത് ആഇശക്കെതിരിൽ അപവാദം പറഞ്ഞു പരത്തുന്നതുകൊണ്ട് നബി(സ)തിരുമേനിക്ക് ഹദ്റത്ത് ആഇശയോട് വെറുപ്പുണ്ടാകുമെന്നും നബി(സ)തിരുമേനിക്ക് ആഇശയോട് വെറുപ്പുണ്ടാകുമ്പോൾ ഹദ്റത്ത് അബൂബക്റിന് നബി(സ)തിരുമേനിയുടെയും മുസ്‌ലിമീങ്ങളുടെയും ദൃഷ്ടിയിൽ ഉണ്ടായിരുന്ന അന്തസ്സിന് ഇടിവ് തട്ടുമെന്നും തുടർന്ന് അദ്ദേഹം ഖലീഫയാകാനുള്ള സാധ്യത ഇല്ലാതാകുമെന്നും കരുതി. അല്ലാഹു ഈ വിഷയത്തെ കുറിച്ച് വിശുദ്ധ ഖുർആനിൽ പറയുന്നു. *ഇന്നല്ലദീന ജാഊ ബിൽ ഇഫ്കി ഉസ്ബത്തുൻ മിൻകും.* അതായത് ഹദ്റത്ത് ആഇശ(റ)യ്ക്കുമേൽ അപവാദമുന്നയിച്ചവർ നിങ്ങളിൽനിന്ന് തന്നെയുള്ള മുസ്‌ലിമീങ്ങളെന്ന് പറയപ്പെടുന്ന ഒരു വിഭാഗമായിരുന്നു. പക്ഷേ, അല്ലാഹു പറയുന്നു, *ലാ തഹ്സബൂഹു ശർറല്ലക്കും ബൽ ഹുവ ഖയ്റുൻല്ലക്കും.* ഈ അപവാദം എന്തെങ്കിലും തിക്തഫലമുണ്ടാക്കുമെന്നു നിങ്ങൾ കരുതേണ്ടതില്ല. മറിച്ച് ഈ ആരോപണം നിങ്ങൾക്ക് ഗുണകരവും പുരോഗതിക്ക് നിദാനവുമായിത്തീരും.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: "അങ്ങനെയെങ്കിൽ ഇനി നാം ഖിലാഫത്തിനെ കുറിച്ചും അടിസ്ഥാനതത്ത്വം വിവരിക്കുന്നതാണ്. അല്ലാഹു പറയുന്നു: നിങ്ങളോട് മറ്റൊരു കാര്യംകൂടി പറയട്ടെ. ഈ മുനാഫിഖീങ്ങൾ എത്ര ശക്തി ചെലുത്തി നോക്കുകയാ ണെങ്കിലും അവർ പരാജയപ്പെടുന്നതായിരിക്കും. നാം ഖിലാഫത്തിനെ നിലനിറുത്തി കാണിക്കുക തന്നെ ചെയ്യും. കാരണം ഖിലാഫത്ത് നുബുവ്വത്തിന്റെ ഒരു അംശമാകുന്നു. ദൈവിക പ്രകാശം സംരക്ഷിക്കുന്നതിനുള്ള ഒരു മാർഗ്ഗവുമാകുന്നു."(ഖുത്ബാത്തെ മഹ്മൂദ്, വാല്യം 18, പേജ് 451–455)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: "സൂറ നൂറിന്റെ ആരംഭം മുതൽ അവസാനം വരെയും ഒരേ വിഷയംതന്നെ വിവരിച്ചിരിക്കുന്നത് നോക്കുക. ആദ്യം ഹദ്റത്ത് ആഇശ(റ)ക്കുമേൽ ഉന്നയിക്കപ്പെട്ട അപവാദം പരാമർശിച്ചു. ഹദ്റത്ത് ആഇശ(റ)ക്കുമേൽ അപവാദം പ്രചരിപ്പിച്ചതിന്റെ ഉദ്ദേശ്യം ഹദ്റത്ത് അബൂബക്ർ(റ)നെ മോശക്കാരനാക്കുകയും നബി(സ)തിരുമേനിയുമായുള്ള അദ്ദേഹത്തിന്റെ ബന്ധം വഷളാക്കുകയും അങ്ങനെ മുസ്‌ലിമീങ്ങളുടെ ദൃഷ്ടിയിൽ അദ്ദേഹത്തിന്റെ യശസ്സ് ഇകഴ്ത്തുകയും നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം അദ്ദേഹത്തിന് ഖലീഫ ആകാൻ സാധ്യമല്ലാതാക്കിതീർക്കുകയും ചെയ്യുക എന്നതായിരുന്നു. കാരണം അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ നബി(സ)തിരുമേനിക്കുശേഷം മുസ്‌ലിമീങ്ങളുടെ ദൃഷ്ടി അബൂബക്റിലേക്ക് മാത്രമാണെന്നു കണ്ടിരുന്നു. അബൂബക്ർ(റ) മുഖേന ഖിലാഫത്ത് സ്ഥാപിതമാകുകയാണെങ്കിൽ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിന്റെ രാജാധികാര സ്വപ്നങ്ങൾ പൂവണിയുമാകുമായിരുന്നില്ല. അതുകൊണ്ട് അല്ലാഹു ഈ അപവാദത്തിനു തൊട്ടു പിന്നിൽ ഖിലാഫത്തിനെ കുറിച്ച് പരാമർശിച്ചുകൊണ്ട് പറയുന്നു: ഖിലാഫത്ത് രാജാധികാരമല്ല. ഇത് ദൈവിക പ്രകാശത്തെ നിലനിറുത്തുന്നതിനുള്ള മാർഗമാകുന്നു. അതുകൊണ്ട് അതിന്റെ സ്ഥാപനം അല്ലാഹു തന്റെ അധികാരത്തിൽ വെച്ചിരിക്കുന്നു. അത് നഷ്ടപെടുകയെന്നാൽ നുബുവ്വത്തിന്റെ പ്രകാശവും ദൈവിക പ്രകാശവും നഷ്ടപ്പെട്ടുപോകുന്നതുപോലെയാണ്. അതിനാൽ അവൻ ആ പ്രകാശത്തെ തീർച്ചയായും സ്ഥാപിക്കുന്നതായിരിക്കും. നുബുവ്വത്തിനുശേഷം ഒരിക്കലും രാജാധികാരം സ്ഥാപിക്കാൻ അനുവദിക്കുന്നതല്ല. അവൻ ഇഷ്ടമുള്ള ആളെ ഖലീഫയാക്കും. മാത്രമല്ല അവൻ വാഗ്ദാനം ചെയ്യുന്നു, മുസ്‌ലിമീങ്ങളിൽനിന്ന് ഒരാളെയല്ല മറിച്ച് നിരവധിപേരെ ഖിലാഫത്ത് സ്ഥാനത്ത് അവരോധിച്ചുകൊണ്ട് പ്രകാശത്തിന്റെ കാലഘട്ടത്തെ ദീർഘിപ്പിക്കുന്നതാണ്. ഈ വിഷയം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) പറഞ്ഞതുപോലെയാണ്. അദ്ദേഹം പറയുന്നു: 'ഇഷ്ടമുള്ളവർക്ക് എടുത്തുകുടിക്കാൻ ഖിലാഫത്ത്, കേസരിയുടെ കടയിലെ സോഡാ വാട്ടർ അല്ല.' വീണ്ടും പറയുന്നു: "നിങ്ങൾ ആരോപണം ഉന്നയിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഉന്നയിച്ചുകൊള്ളുക. നിങ്ങൾക്ക് ഖിലാഫത്തിനെ ഇല്ലാതാക്കാനോ അബൂബക്റിനെ ഖിലാഫത്തിൽനിന്ന് ഇല്ലാതാക്കാനോ സാധ്യമല്ല. കാരണം ഖിലാഫത്ത് ഒരു പ്രകാശമാകുന്നു. അത് ദൈവിക പ്രകാശത്തിന്റെ ഒരു മാർഗമാകുന്നു. അതിനെ മനുഷ്യന് തന്റെ ആസൂത്രണങ്ങൾകൊണ്ട് എങ്ങനെ ഇല്ലാതാക്കാൻ കഴിയും?"

തുടർന്ന് പറയുന്നു: "അതുപോലെതന്നെ ഖിലാഫത്തിന്റെ ഈ പ്രകാശം ചില ഭവനങ്ങളിൽ കാണപ്പെടുന്നു. ആർക്കുംതന്നെ തന്റെ പരിശ്രമങ്ങളും ആസൂത്രണങ്ങളും മുഖേന പ്രസ്തുത പ്രകാശം വെളിപ്പെടുന്നത് തടയാൻ സാധ്യമല്ല." (ഖുത്ബാത്തെ മഹ്മൂദ്, വാല്യം 18, പേജ് 457)

എന്തായാലും ഖിലാഫത്തിനെ സംബന്ധിച്ച് അദ്ദേഹം നൽകിയ ഒരു ഖുത്ബയാണിത്. ഇതിൽ നിന്ന് നബി(സ)തിരുമേനിയുടെ ദൃഷ്ടിയിൽ ആ മഹാത്മാവിനുണ്ടായിരുന്ന സ്ഥാനവും പിന്നെ അല്ലാഹുവിന്റെ കർമസാക്ഷ്യവും വെളിപ്പെടുത്തുന്നത് എന്തെന്നാൽ, നുബുവ്വത്ത് കഴിഞ്ഞ ഉടൻതന്നെ ഖിലാഫത്തിന്റെ ശൃംഖല അവിടത്തെ പ്രവചനങ്ങൾ അനുസരിച്ച് തുടരുമെന്നാണ്. അതിനുശേഷം രാജാധികാരം വന്നിരുന്നുവെങ്കിൽത്തന്നെയും അത് പിന്നീടുള്ള കാര്യമാണ്. പിന്നെ അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന ആ സംവിധാനം(ഇപ്പോൾ) സ്ഥാപിതമായിരിക്കുന്നു.

ഹദ്റത്ത് അബൂബക്റിന്റെ വിനയത്തെയും എളിമയെയും കുറിച്ച് പറയുന്നു: ഹദ്റത്ത് സയീദ് ബിൻ മുസയ്യിബ് നിവേദനം ചെയ്യുന്നു: ഒരിക്കൽ നബി(സ)തിരുമേനി തന്റെ ഏതാനും സ്വഹാബാക്കളോടൊപ്പം ഒരു സദസ്സിൽ ഇരിക്കുകയായിരുന്നു. ഏതോ ഒരാൾ ഹദ്റത്ത് അബൂബക്റിനോട് വഴക്കിടാൻ തുടങ്ങി. അദ്ദേഹത്തെ ബുദ്ധിമുട്ടിച്ചുകൊണ്ടിരുന്നു. അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) നിശബ്ദനായി ഇരുന്നു. അയാൾ വീണ്ടും ശല്യപ്പെടുത്തിയെങ്കിലും ഹദ്റത്ത് അബൂബക്ർ(റ)മൗനം പാലിച്ചു. അയാൾ മൂന്നാമതും ശല്യപ്പെടുത്തിയപ്പോൾ ഹദ്റത്ത് അബൂബക്റും പ്രതികരിച്ചു തുടങ്ങി. ഹദ്റത്ത് അബൂബക്ർ(റ) പ്രതികരിച്ചപ്പോൾ നബി(സ)തിരുമേനി അവിടെനിന്ന് എഴുന്നേറ്റു. ഹദ്റത്ത് അബൂബക്ർ ചോദിച്ചു: "യാ റസൂലല്ലാഹ്! അങ്ങ് എന്നോട് നീരസത്തിലാണോ?" അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു, "ആകാശത്തുനിന്ന് ഒരു മലക്ക് ഇറങ്ങി. നിനക്കെതിരെ അയാൾ പറഞ്ഞു കൊണ്ടിരുന്നതെല്ലാം നിരാകരിച്ചുകൊണ്ടിരുന്നു. എന്നാൽ, നീ പ്രതികരിച്ചപ്പോൾ ശയ്ത്വാൻ വന്നു. ശയ്ത്വാത്തോനുള്ള സദസ്സിൽ എനിക്ക് ഇരിക്കാൻ സാധ്യമല്ല."(സുനൻ അബീദാവൂദ്, കിതാബുൽ അദബ്, ഹദീഥ് നമ്പർ 4896)

തുടർന്ന് നബി(സ)തിരുമേനി പറഞ്ഞു: "അബൂബക്കറേ! മൂന്ന് കാര്യങ്ങൾ പൂർണമായും സത്യമാകുന്നു. ആരെങ്കിലും ദ്രോഹിക്കപ്പെടുകയും അയാൾ അല്ലാഹുവിനുവേണ്ടി മാത്രം അത് അവഗണിക്കുകയുമാണെങ്കിൽ അല്ലാഹു തന്റെ സഹായം മുഖേന അയാളെ അന്തസ്സുള്ളവനാക്കും. ആരെങ്കിലും തന്റെ ദാനത്തിന്റെ കവാടങ്ങൾ ബന്ധുത്വം ഊട്ടിയുറപ്പിക്കാൻ വേണ്ടി തുറക്കുകയാണെങ്കിൽ അല്ലാഹു അതുമുഖേന അയാൾക്ക് സമ്പത്തിൽ ആധിക്യം നൽകുന്നതാണ്. മൂന്നാമത്തെ കാര്യമെന്തെന്നാൽ, ആരെങ്കിലും യാചനയുടെ കവാടം തുറക്കുകയും അതുമുഖേന സമ്പത്ത് വർധിപ്പിക്കാനാഗ്രഹിക്കുകയുമാണെങ്കിൽ അല്ലാഹു അതുമുഖേന സമ്പത്ത് കുറയ്ക്കുകയും ഇല്ലായ്മ വർധിപ്പിക്കുകയും ചെയ്യുന്നതാണ്." (മജ്മഉസ്സവാഇദ്, വാല്യം 8, പേജ് 247, ഹദീഥ് 13698, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2001)

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഹദ്റത്ത് അബൂബക്റിന്റെ മഹാത്മ്യങ്ങളെ കുറിച്ച് വിവരിച്ചുകൊണ്ടു പറയുന്നു: "ആ മഹാത്മാവ് പരിപൂർണമായ ദിവ്യജ്ഞാനമുള്ള ദൈവഭക്തനായിരുന്നു. വലിയ ആർദ്ര സ്വഭാവവും ഏറെ കരുണയുള്ള വ്യക്തിത്വവുമായിരുന്നു. വിനയവും സുദരിദ്രപരമായ ജീവിതവുമാണ് നയിച്ചിരുന്നത്. വളരെയേറെ പൊറുത്തു കൊടുക്കുന്നവനും ഏറെ വാത്സല്യമുള്ള ആളുമായിരുന്നു. കരുണയുള്ള ആളുമായിരുന്നു. അദ്ദേഹം തന്റെ നെറ്റിത്തടത്തിലെ പ്രകാശംകൊണ്ട് തിരിച്ചറിയപ്പെട്ടിരുന്നു,. അദ്ദേഹത്തിന് നബി(സ)തിരുമേനിയുമായി അഗാധമായ ബന്ധമായിരുന്നു ഉണ്ടായിരുന്നത്. അദ്ദേഹത്തിന്റെ ആത്മാവ് സൃഷ്ടികുലോത്തമനായ നബി(സ)തിരുമേനിയുടെ ആത്മാവുമായി ബന്ധിതമായിരുന്നു. ഏതൊരു പ്രകാശമാണോ അദ്ദേഹത്തിന്റെ നേതാവും വഴികാട്ടിയും ദൈവപ്രീതനുമായ നബി(സ)തിരുമേനിയെ ആവരണം ചെയ്തിരുന്നത് അതേ പ്രകാശം തന്നെയാണ് അദ്ദേഹത്തെയും ആവരണം ചെയ്തിരുന്നത്. അദ്ദേഹം നബി(സ)തിരുമേനിയുടെ പ്രകാശത്തിന്റെ മനോഹരമായ ഛായയിലും അവിടത്തെ മഹത്തായ അനുഗ്രഹങ്ങൾക്ക് കീഴിലും ഒതുങ്ങിയിരിക്കുകയായിരുന്നു. ഖുർആനിക ജ്ഞാനത്തിലും പ്രവാചക ശ്രേഷ്ഠനായ നബി(സ) തിരുമേനിയോടുള്ള സ്നേഹത്തിലും

എല്ലാവരെക്കാളും വ്യതിരിക്തനായിരുന്നു. അദ്ദേഹത്തിന് പരലോക ജീവിതവും ദൈവിക രഹസ്യങ്ങളും വെളിപ്പെട്ടപ്പോൾ അദ്ദേഹം എല്ലാ ഭൗതിക ബന്ധങ്ങളും മുറിച്ചു കളഞ്ഞു. ഭൗതിക ബന്ധങ്ങളെയെല്ലാം പിന്നിലേക്ക് വലിച്ചെറിഞ്ഞു. തന്നിൽ തന്റെ പ്രിയതമന്റെ വർണം ചാർത്തി. ഏകനായ അസ്തിത്വത്തിനുവേണ്ടി തന്റെ എല്ലാ ആഗ്രഹങ്ങളും ഉപേക്ഷിച്ചു. ഭൗതികമായ എല്ലാ പൊടിപടലങ്ങളിൽനിന്നും അദ്ദേഹത്തിന്റെ ആത്മാവ് ശുദ്ധമായി. സത്യസന്ധനായ ദൈവത്തിന്റെ വർണം സ്വീകരിച്ചു. റബ്ബുൽ ആലമീന്റെ പുതപ്പിനുള്ളിൽ ഒളിഞ്ഞു. സത്യസന്ധമായ ദൈവിക പ്രേമം അദ്ദേഹത്തിന്റെ നാഡിഞരമ്പുകളിലും ഹൃദയത്തിലും വളരെ ആഴത്തിൽ ഇറങ്ങുകയും അസ്തിത്വത്തിന്റെ എല്ലാ കണികകളിലും എത്തുകയും ചെയ്തപ്പോൾ അദ്ദേഹത്തിന്റെ വാക്കിലും പ്രവൃത്തിയിലും അനക്കമടക്കങ്ങളിലും അവന്റെ പ്രകാശം വെളിപ്പെടുകയും അങ്ങനെ അദ്ദേഹം സിദ്ദീഖ് എന്ന പേരിൽ വിളിക്കപ്പെടാനും തുടങ്ങി. അദ്ദേഹത്തിന് ഇടതടവില്ലാതെ പുതുപുത്തനും ഗഹനവുമായ അറിവുകളെല്ലാം ഏറ്റവും നന്നായി നൽകുന്നവനായ ദൈവസവിധത്തിൽനിന്ന് നൽകപ്പെട്ടു. സത്യസന്ധത അദ്ദേഹത്തിൽ ഉൾച്ചേർന്ന യോഗ്യതയും സ്വാഭാവികമായ പ്രത്യേകതയുമായിരുന്നു. ഈ സത്യസന്ധതയുടെ പ്രഭാവങ്ങളും പ്രകാശങ്ങളും അദ്ദേഹത്തിലും അദ്ദേഹത്തിന്റെ വാക്കിലും പ്രവൃത്തിയിലും അനക്കമടക്കങ്ങളിലും വികാര വിചാരങ്ങളിലും പ്രകടമായി. അദ്ദേഹം ആകാശ ഭൂമികളുടെ നാഥനിൽനിന്ന് അനുഗൃഹീതരായവരുടെ ഗണത്തിൽ ഉൾപ്പെടുമാറായി.

അദ്ദേഹം നുബുവ്വത്ത് ആകുന്ന ഗ്രന്ഥത്തിന്റെ കർമരൂപവും അനുഗ്രഹങ്ങളുടെ കേദാരവും യോദ്ധാക്കളുടെ നേതാവുമായിരുന്നു. അദ്ദേഹം നബിമാരുടെ സ്വഭാവമുള്ള ഏതാനും ആളുകളിൽ പെട്ട വ്യക്തിയുമായിരുന്നു."

വീണ്ടും അദ്ദേഹം പറയുന്നു: "നമ്മുടെ ഈ വാക്കുകളെ എന്തെങ്കിലും അതിശയോക്തിപരമായി കണക്കാക്കേണ്ടതില്ല. അതിനെ ഗൗരവം നല്കാതെ അഗണ്യമായി തള്ളുകയും വേണ്ട. ഇതൊരിക്കലും അദ്ദേഹത്തോടുള്ള സ്നേഹാധിക്യത്തിന്റെ അരുവിയിൽനിന്ന് നിർഗളിച്ചതാണെന്ന് കണക്കാക്കേണ്ടതില്ല. മറിച്ച് അന്തസ്സുടയവനായ റബ്ബിന്റെ സവിധത്തിൽനിന്ന് എനിക്കുമേൽ വെളിപ്പെട്ട യാഥാർഥ്യങ്ങളാണ്."

അദ്ദേഹം ഹദ്റത്ത് അബൂബക്റിന്റെ ഉന്നതമായ സ്ഥാനത്തെ കുറിച്ച് വളരെ സ്തുത്യർഹമായാണ് വിവരിച്ചിട്ടുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "ഇത് അല്ലാഹു എനിക്ക് നേരിട്ട് വെളിപ്പെടുത്തി തന്നിട്ടുള്ളവയാണ്."

അദ്ദേഹത്തിന്റെ പ്രത്യേകതകളേയും സ്ഥാനത്തേയും വിവരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: "അദ്ദേഹത്തിന്റെ പാനീയം റബ്ബുൽ അർബാബിലുള്ള അർപ്പണവും ഭൗതിക സാമഗ്രികളോടുള്ള താൽപര്യക്കുറവുമായിരുന്നു. അദ്ദേഹം മര്യാദകളിൽ നമ്മുടെ നബി(സ)തിരുമേനിയുടെ നിഴൽ പോലെയായിരുന്നു. അദ്ദേഹത്തിന് നബി(സ)തിരുമേനിയുമായി ആരംഭം മുതലേ ഒരു ബന്ധമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന് നബി(സ)തിരുമേനിയുടെ അനുഗ്രഹത്തിൽനിന്ന് ഞൊടിയിടകൊണ്ട് ലഭ്യമായത് മറ്റുള്ളവർക്ക് നീണ്ട കാലങ്ങൾ കൊണ്ടോ സുദീർഘമായ ബന്ധം കൊണ്ടോ നേടാൻ കഴിഞ്ഞില്ല."(സിർറുൽഖിലാഫ, ഉർദു തർജമ, പ്രസാധകർ നള്ളാറത്ത് ഇശാഅത്ത് റബ് വ, പേജ് 101-103)

നബി(സ)തിരുമേനിയുടെ പതിനാലു സ്നേഹിതന്മാരിൽ ഉൾപ്പെടൽ.

ഹദ്റത്ത് അലി ബിൻ അബീ ത്വാലിബ്(റ) ഇതു സംബന്ധമായി നിവേദനം. നബി(സ) തിരുമേനി പറയുന്നു: 'തീർച്ചയായും എല്ലാ നബിമാർക്കും ഏഴ് സുകൃതവാന്മാരായ സുഹൃത്തുക്കൾ ലഭിച്ചിട്ടുണ്ട്. സുഹൃത്തുക്കളെന്നോ സുഹൃത്തുക്കൾ മാത്രമെന്നോ ആണ് പറഞ്ഞത്. എനിക്ക് പതിനാലു പേരെ തന്നിട്ടുണ്ട്. ഞങ്ങൾ അങ്ങയോടു ചോദിച്ചു: "അവർ ആരെല്ലാമാണ്?" "അവിടന്ന് പറഞ്ഞു." "ഞാനും എന്റെ രണ്ടു മക്കളും ഹദ്റത്ത് ജഅ്ഫർ, ഹദ്റത്ത് ഹംസ, ഹദ്റത്ത് അബൂബക്ർ അതായത് ഹദ്റത്ത് അലിയും അദ്ദേഹത്തിന്റെ രണ്ടു മക്കളും ഹദ്റത്ത് ജഅ്ഫർ, ഹദ്റത്ത് ഹംസ, ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് ഉമർ, ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ, ഹദ്റത്ത് ബിലാൽ, ഹദ്റത്ത് സൽമാൻ, ഹദ്റത്ത് അമ്മാർ, ഹദ്റത്ത് മിഖ്ദാദ്, ഹദ്റത്ത് ഹുദയ്ഫ, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്.(സുനനുത്തിർമുദി, കിതാബുൽമനാഖിബ്, ഹദീഥ് 3785)

നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്റിന് ഹജ്ജിന്റെ നേതൃത്വവും നൽകിയിട്ടുണ്ടായിരുന്നു. ഇത് സംബന്ധമായി പറയുന്നു: 'നബി(സ) തിരുമേനി ഹിജ്റ ഒമ്പതിൽ ഹദ്റത്ത് അബൂബക്ർ സിദ്ദീഖിനെ അമീറുൽ ഹജ്ജായി നിശ്ചയിച്ച് മക്കയിൽ അയച്ചു. നബി(സ)തിരുമേനി തബൂക്കിൽനിന്ന് തിരിച്ചു വന്നപ്പോൾ അവിടന്ന് ഹജ്ജ് ചെയ്യാൻ തീരുമാനിച്ചിരുന്നു. മുശ്രിക്കീങ്ങളും മറ്റുള്ളവരോടൊപ്പം ചേർന്ന് ഹജ്ജ് ചെയ്യുന്നുവെന്നും ശിർക്കുപരമായ വാക്കുകൾ ഉരുവിടുന്നുവെന്നും കഅ്ബയെ നഗ്നരായി പ്രദക്ഷിണം ചെയ്യുന്നുവെന്നും അറിയിച്ചപ്പോൾ നബി(സ)തിരുമേനി ആ വർഷം ഹജ്ജ് ചെയ്യാനുള്ള തീരുമാനം ഉപേക്ഷിച്ചു. ഹദ്റത്ത് അബൂബക്ർ സിദ്ദീഖിനെ അമീറുൽ ഹജ്ജായി നിശ്ചയിച്ച് പറഞ്ഞയച്ചു.(അർറൗളുൽ അൻഫ്, വാള്യം 4, പേജ് 318, ദാറുൽകുതുബുൽഇൽമിയ്യ ബെയുറത്ത്, ഉംദത്തുൽഖാരീ ശറഹ് സ്വഹീഹുൽബുഖാരി, വാള്യം 9, പേജ് 384, ഹദീഥ് 1682, ദാറുഅഹ്‌യാഉത്തുറാഥ് 2003)

ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) മുന്നൂറു സ്വഹാബാക്കളോടൊപ്പം മദീനയിൽനിന്ന് തിരിച്ചു. നബി(സ)തിരുമേനി അദ്ദേഹത്തോടൊപ്പം ബലി അറുക്കാൻ 20 മൃഗങ്ങളെ അയച്ചിരുന്നു. അവയുടെ കഴുത്തുകളിൽ നബി(സ)തിരുമേനി സ്വയമേവ ഖുർബാനിയുടെ അടയാളമായ അതിന്റെ പട്ട അണിയിക്കുകയും അടയാളമിടുകയും ചെയ്തു. ഹദ്റത്ത് അബൂബക്ർ സ്വന്തം നിലയ്ക്ക് ഖുർബാനിക്ക് വേണ്ടി അഞ്ചു മൃഗങ്ങളെ കൊണ്ടുപോയിരുന്നു.(അസ്സീറത്തുൽഹൽബിയ്യ വാള്യം 3, പേജ് 295, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത്, ലബ്നാൻ)

നിവേദനങ്ങളിൽ വരുന്നു: ഹദ്റത്ത് അലി സൂറ തൗബയുടെ പ്രാരംഭ സൂക്തങ്ങൾ ഈ ഹജ്ജിന്റെ അവസരത്തിൽ വിളംബരപ്പെടുത്തുകയുണ്ടായി. ഇതിന്റെ വിശദീകരണം ഹദ്റത്ത് അലിയെ സംബന്ധിച്ചുള്ള പരാമർശത്തിലും ഹദ്റത്ത് അബൂബക്റിനെ കുറിച്ചുള്ള തുടക്കത്തിലെ പരാമർശങ്ങളിലും ഒരിക്കൽ ഖുത്ബയിൽ വിവരിച്ചതാണ്. ഏതായാലും ഹ്രസ്വമായി ഇവിടെയും വിവരിക്കാം. സൂറ ബറാഅത്ത് അതായത് സൂറ തൗബ നബി(സ) തിരുമേനിയിൽ ഇറങ്ങിയപ്പോൾ അവിടന്ന് ഹദ്റത്ത് അബൂബക്റിനെ അമീറുൽ ഹജ്ജായി നിശ്ചയിച്ച്, അയച്ചു കഴിഞ്ഞിട്ടുണ്ടായിരുന്നു. നബി(സ) തിരുമേനിയോടു പറയപ്പെട്ടു. "യാ റസൂലല്ലാഹ്! അങ്ങ് ഈ സൂറത്ത് ഹദ്റത്ത് അബൂബക്റിന് അയക്കുകയാണെങ്കിൽ അദ്ദേഹം അത് അവിടെ വായിക്കുന്നതായിരിക്കും." നബി(സ) തിരുമേനി പറഞ്ഞു: "എന്റെ കുടുംബത്തിൽനിന്ന് ആരെങ്കിലുമല്ലാതെ മറ്റാർക്കുംതന്നെ എന്റെ ഭാഗത്തുനിന്ന് ഈ കർത്തവ്യം നിർവഹിക്കാൻ സാധ്യമല്ല." പിന്നീട് നബി(സ)തിരുമേനി ഹദ്റത്ത് അലിയെ വിളിപ്പിച്ചുകൊണ്ട് പറഞ്ഞു: "സൂറ തൗബയുടെ ആരംഭത്തിൽ ഇറങ്ങിയ ഈ ഭാഗം കൊണ്ടുപോകുക. ഖുർബാനിയുടെ ദിവസം ജനങ്ങൾ മിനായിൽ ഒരുമിച്ചു കൂടുമ്പോൾ അവരിൽ വിളംബരം ചെയ്യുക, സ്വർഗത്തിൽ ഒരു അവിശ്വാസിയും പ്രവേശിക്കുകയില്ല. ഈ വർഷത്തിനു ശേഷം ഒരു അന്യാരാധകനും ഹജ്ജ് ചെയ്യാൻ അനുമതി ഉണ്ടായിരിക്കുന്നതല്ല. ആർക്കും നഗ്നനായി ബയ്ത്തുല്ലാഹ് ത്വവാഫ് ചെയ്യാൻ അനുമതി ഉണ്ടായിരിക്കുന്നതല്ല. ആരോടെങ്കിലും നബി(സ) തിരുമേനിക്ക് ഉടമ്പടിയുണ്ടെങ്കിൽ അവർക്ക് കാലാവധി പൂർത്തിയാക്കാവുന്നതാണ്."

ഹദ്റത്ത് അലി(റ) ഈ ഉത്തരവുമായി പുറപ്പെട്ടു. വഴിയിൽ ഹദ്റത്ത് അബൂബക്റിനെ കണ്ടു. ഹദ്റത്ത് അലിയെ കണ്ടപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) അദ്ദേഹത്തോട് ചോദിച്ചു: "താങ്കളെ എന്റെ അമീറായിട്ടാണോ നിശ്ചയിച്ചിട്ടുള്ളത് അതല്ല താങ്കളെന്റെ കീഴിലാണോ?" ഹദ്റത്ത് അലി പറഞ്ഞു: "താങ്കൾക്ക് കീഴിലാണ്.' അങ്ങനെ അവർ രണ്ടു പേരും പുറപ്പെട്ടു. "താങ്കൾക്ക് കീഴിലാണെങ്കിലും ഈ ആയത്തുകൾ ഞാനാണ് വായിക്കുക." ഏതായാലും ഹദ്റത്ത് അബൂബക്ർ ജനങ്ങളുടെ ഹജ്ജിന്റെ കാര്യങ്ങൾക്ക് മേൽനോട്ടം വഹിച്ചു. ആ വർഷം അറബികൾ ജാഹിലിയ്യാ കാലഘട്ടത്തിൽ തമ്പടിച്ചിരുന്ന സ്ഥലങ്ങളിൽത്തന്നെയാണ് തമ്പടിച്ചത്. ഖുർബാനിയുടെ ദിവസം അലി(റ), നബി(സ)തിരുമേനി വിളംബരപ്പെടുത്താൻ നൽകിയ ഉത്തരവ് വിളംബരപ്പെടുത്തുകയുണ്ടായി. ഞാൻ തുടക്കത്തിൽ പറഞ്ഞതു പോലെ ഇതിന്റെ വിശദീകരണം നേരത്തെ പറഞ്ഞു കഴിഞ്ഞതാണ്.(അസ്സീറത്തുന്നബ് വിയ്യ, ലി ഇബ്നി ഹിശാം, പേജ് 832, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്, ലബ്നാൻ, 2001)

ഹദ്റത്ത് അബൂബക്റിനെ സംബന്ധിച്ച ഈ അനുസ്മരണം ഇൻശാ അല്ലാഹ് ഇനിയും തുടരുന്നതാണ്.

ഈ സമയത്ത് ചില പരേതാത്മക്കളെ അനുസ്മരിക്കാൻ ആഗ്രഹിക്കുന്നു. ആദ്യത്തേത് ചൗദ്രി മുഹമ്മദ് യൂസുഫ് സാഹിബിന്റെ മകൻ ജനാബ് മുഹമ്മദ് ദാവൂദ് സഫർ സാഹിബിന്റേതാണ്. അദ്ദേഹം ജമാഅത്തിന്റെ മുറബ്ബി ആയിരുന്നു. യു.കെ.യിലെ റഖീം പ്രസ്സിൽ ജോലി ചെയ്തുവരിയായിരുന്നു. നവംബർ 16-ന് 48-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹത്തിന്റെ ജനാസ ഹാജരാണ്. ഇൻശാ അല്ലാഹ് ജുമുഅക്കുശേഷം ജനാസ നമസ്കരിപ്പിക്കുന്നതായിരിക്കും.

1998-ൽ റബ്വ ജാമിയ അഹ്മദിയായിൽനിന്ന് അദ്ദേഹം ശാഹിദ് കോഴ്സ് പൂർത്തിയാക്കി. പിന്നെ മുറബ്ബി എന്ന നിലയ്ക്ക് വിവിധ സ്ഥലങ്ങളിൽ പ്രവൃത്തിച്ചുകൊണ്ടിരുന്നു. രണ്ടായിരത്തി ഒന്നിൽ ഇംഗ്ലണ്ടിലെത്തി. ഇസ്ലാമാബാദിലെ റഖീം പ്രസ്സിൽ നിയമിതനായി. വളരെ താൽപര്യപൂർവ്വം സേവനങ്ങൾ ചെയ്തുകൊണ്ടിരുന്നു. ഖിലാഫത്തുമായി വളരെ ആഴത്തിലുള്ള വിശ്വാസ ബന്ധമായിരുന്നു. ഇസ്ലാമാബാദിൽ താമസിക്കുമ്പോൾ കുറച്ചുകാലം ഇസ്ലാമാബാദ് ജമാഅത്തിന്റെ സ്വദ്റായും പ്രവൃത്തിച്ചിട്ടുണ്ട്, ഉംറ ചെയ്യാനും അദ്ദേഹത്തിന് സൗഭാഗ്യം ലഭിച്ചിട്ടുണ്ട്. പരേതൻ മൂസിയായിരുന്നു. സന്തപ്ത കുടുംബത്തിൽ മാതാപിതാക്കളും ഭാര്യയും മൂന്ന് ആൺമക്കളും ഒരു മകളുമുണ്ട്.

അദ്ദേഹത്തിന്റെ പിതാവ് ചൗദരി മുഹമ്മദ് യൂസുഫ് സാഹിബ് പറയുന്നു: ഞാൻ ദാവൂദിനോട് മുറബ്ബി ആകണമെന്ന് ആവശ്യപ്പെട്ടപ്പോൾ അവൻ എന്റെ ആഗ്രഹത്തെ പൂർത്തീകരിക്കുകയുണ്ടായി. മുറബ്ബി ആകുന്നതിനു പകരം അത്രയുംകാലം ഭൗതിക വിദ്യാഭ്യാസം കരസ്ഥമാക്കിയാൽ നല്ല ജോലി കിട്ടുമെന്നും അങ്ങനെ വീടിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്താൻ കഴിയുമെന്നും പലരും അദ്ദേഹത്തോടു പറഞ്ഞിരുന്നു. എന്നാൽ, ദാവൂദ് സാഹിബ് അത്തരം ഉപദേശങ്ങൾ കേട്ടപാടെ നിഷേധിക്കുകയാണ് ചെയ്തത്. ജാമിഅയിൽനിന്ന് ശാഹിദ് ഡിഗ്രിയെ

ടുത്ത് മുറബ്ബിയായ ശേഷം വഫാത്തു വരെയും പൂർണമായ കൂറോടുകൂടി തന്റെ വഖ്ഫ് നിറവേറ്റി. നല്ല അനുസരണയുള്ള മകനായിരുന്നു. പിതാവ് പറയുന്നു: ഞാൻ പറയുന്ന എല്ലാ കാര്യങ്ങളും അനുസരിക്കുമായിരുന്നു. ഒരിക്കലും എതിർത്തിട്ടില്ല. എപ്പോഴും എനിക്ക് സുഖം നൽകാനാണ് ശ്രമിച്ചത്. സാമ്പത്തിക പ്രയാസങ്ങൾ ഉണ്ടായിരുന്നുവെങ്കിലും ഒരിക്കലുംതന്നെ വഖ്ഫ് ഒഴിവാക്കാൻ ശ്രമിച്ചില്ല. ജാമിഅയിൽ പഠിക്കുമ്പോൾ സൈക്കിൾ പഞ്ചറായാൽ സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് പഞ്ചർ ശരിയാക്കാനുള്ള പൈസ ഉണ്ടാകുമായിരുന്നില്ല. വീട്ടിൽ നിന്ന് സൈക്കിളിൽ കാറ്റു നിറച്ച് ജാമിഅയിൽ എത്തുമായിരുന്നു. അതുപോലെതന്നെ തിരിച്ചു വരുമ്പോഴും അങ്ങനെതന്നെ ചെയ്യുമായിരുന്നു. ഒരിക്കലും പരാതി പറഞ്ഞിരുന്നില്ല. കാലത്തിന്റെ ഖലീഫയെ അനുസരിക്കുന്നയാളും ഖിലാഫത്തിന്റെ ഇച്ഛ മനസ്സിലാക്കുന്ന മുറബ്ബിയുമായിരുന്നു.

അദ്ദേഹത്തിന്റെ ഭാര്യ മുബാറക്ക സാഹിബ പറയുന്നു. 22 വർഷം ഞങ്ങൾ ഒരുമിച്ചായിരുന്നു. വളരെ ലോലഹൃദയനും കഠിനാധ്വാനിയും അല്ലാഹുവിൽ ഏറെ തവക്കുൽ ചെയ്യുന്ന വ്യക്തിയും എല്ലാവരെയും നിർലോഭം സഹായിക്കുന്ന ആളുമായിരുന്നു. ജീവിതത്തിൽ നിരവധി സന്ദർഭങ്ങളിൽ ചില കാര്യങ്ങൾ ഒരിക്കലും സാധ്യമല്ലെന്ന് തോന്നുകയും ഞാൻ അതെന്താകുമെന്ന് ചോദിക്കുകയും ചെയ്യുമ്പോൾ അല്ലാഹുവിൽ തവക്കുൽ ചെയ്യുക, എല്ലാം ശരിയാകുമെന്ന് പറയുമായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ പിന്നീട് അങ്ങനെ തന്നെ സംഭവിക്കുമായിരുന്നു. മക്കളെ എല്ലായിപ്പോഴും നല്ല മനുഷ്യൻ ആകാനും ആർക്കും പ്രയാസം ഉണ്ടാകാതിരിക്കാനും ഉപദേശിക്കുമായിരുന്നു. ഭാര്യ പറയുന്നു: മക്കളെ വിളിച്ചിരുത്തി എപ്പോഴും പറയുമായിരുന്നു, ഇന്നു ഞാൻ എന്തെങ്കിലും ആയിട്ടുണ്ടെങ്കിൽ അതെല്ലാം ജമാഅത്ത് കാരണവും ഖിലാഫത്ത് കാരണവുമാണ്. അല്ലാഹു എനിക്ക് വഖ്ഫ് ശരിയായ രീതിയിൽ പൂർത്തിയാക്കാൻ തൗഫീഖ് നൽകട്ടെ.' ഇതായിരുന്നു എപ്പോഴും അദ്ദേഹത്തിനുണ്ടായിരുന്ന ആഗ്രഹം. അദ്ദേഹ ത്തിന്റെ മൂത്തമകൾ ദർമാന സാഹിബ പറയു ന്നു: അദ്ദേഹം ഞങ്ങളോടു നല്ല അഹ്മദി മുസ്‌ലിമാകാനും ചുറ്റുപ്പാടുമുള്ളവരുടെ കാര്യങ്ങൾ ശ്രദ്ധിക്കാനും ആരെയും ബുദ്ധിമുട്ടിക്കാതിരിക്കാനും മാത്രമേ ആവശ്യപ്പെട്ടിരുന്നുള്ളൂ.

മൂത്തമകൻ റൂഹാൻ പറയുന്നു: ഞങ്ങളുടെ പിതാവിന് ഞങ്ങളുടെ ആത്മീയ ശിക്ഷണത്തിൽ വലിയ ചിന്ത ഉണ്ടായിരുന്നു. ഞങ്ങളെന്തെങ്കിലും ചോദ്യം ചോദിച്ചാൽ അദ്ദേഹം ഒരു മുറബ്ബിയായിരുന്നത് കൊണ്ട് ഖുർആനിക അധ്യാപനങ്ങളുടെ വെളിച്ചത്തിൽ ദീനീ വശങ്ങളിലൂടെ മറുപടി പറയാൻ ശ്രമിക്കുമായിരുന്നു.

പതിനഞ്ചു വയസ്സുള്ള ചെറിയ മകൻ ഫുആദ് ദാവൂദ് പറയുന്നു: അദ്ദേഹത്തിന് കാൻസർ ആയിരുന്നു.അവസാന ദിവസങ്ങളിൽ രോഗം മൂർച്ഛിച്ചപ്പോൾ എന്നോട് പറഞ്ഞു: നീ ഒരു നല്ല ജീവിതം നയിക്കുന്നത് കാണണമെന്ന് എനി ക്ക് ആഗ്രഹമുണ്ടായിരുന്നു. പക്ഷേ, എന്റെ അല്ലാഹുവിന്റെ ഇച്ഛ മറ്റൊന്നാണ്. ഞാൻ അവന്റെ തൃപ്തിയിൽ തൃപ്തനാണ്. ഏതായിരുന്നാലും കുട്ടികളോട് എപ്പോഴും ജമാഅത്തുമായും ഖിലാഫത്തുമായുമുള്ള ബന്ധത്തിന് ഉപദേശിച്ചു കൊണ്ടിരുന്നു. അല്ലാഹു അവർക്ക് അദ്ദേഹത്തിന്റെ ഉപദേശങ്ങളനുസരിച്ച് ജീവിക്കാൻ തൗഫീഖ് നൽകുമാറാകട്ടെ. അവർക്കുവേണ്ടി അദ്ദേഹത്തിന്റെ ദുആകൾ സ്വീകരിക്കുമാറാകട്ടെ. എഴുതി അയച്ചിട്ടുള്ള എല്ലാവരും അദ്ദേഹവുമായി ബന്ധപ്പെട്ട വാഖ്ഫീനും മുറബ്ബിമാരും പൊതുവിൽ എഴുതിയത് അദ്ദേഹം സുസ്മേരവദനനും സദസ്സുകൾ സംഘടിപ്പിക്കുന്നയാളും മനസ്സുകളെ ആകർഷിക്കുന്നയാളും എല്ലാവർക്കും പ്രിയപ്പെട്ട വ്യക്തിത്വവും ആയിരുന്നു എന്നാണ്. തന്റെ ജോലിയിൽ, കംപ്യൂട്ടറിലും ആർട്ട് വർക്കിലും നിപുണനായിരുന്നു. മുറബ്ബി ആയിരുന്നുവെങ്കിലും ടെക്നിക്കൽ വർക്കുകളിലും എഡിറ്റിംഗ് മുതലായ കാര്യങ്ങളിലും താൽപര്യമുള്ള ആളായിരുന്നു. അദ്ദേഹം റഖീംപ്രസ്സിൽ നല്ലപോലെ ജോലി ചെയ്തു. തന്റെ കഴിവ് നല്ലപോലെ ഉപയോഗിക്കാൻ അദ്ദേഹത്തിന് അവസരം കിട്ടി. ജമാഅത്തിനുള്ള സേവനം എപ്പോഴും ദൈവിക അനുഗ്രഹമായും തനിക്കുള്ള സൗഭാഗ്യമായും മനസ്സിലാക്കിയിരുന്നു.

അദ്ദേഹത്തിന്റെ ഒരു ബന്ധു എഴുതുന്നു: മറ്റുള്ളവർക്ക് അദ്ദേഹം നിശബ്ദനായി സേവനം ചെയ്തിരുന്നു. വളരെ നിശബ്ദതയോടെ ആവശ്യക്കാർക്കും ബന്ധുക്കൾക്കും സാമ്പത്തിക സഹായവും ചെയ്തിരുന്നു. അല്ലാഹു അദ്ദേഹത്തിന് പൊറുത്തു കൊടുക്കുകയും കാരുണ്യം ചൊരിയുകയും ചെയ്യുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും ക്ഷമയും സ്ഥൈര്യവും നൽകുകയും അദ്ദേഹത്തിന്റെ നന്മകൾ നിലനിറുത്താൻ സൗഭാഗ്യം നൽകുകയും അദ്ദേഹത്തിന്റെ മാതാപിതാക്കൾക്കും ക്ഷമയും സ്ഥൈര്യവും നൽകുകയും ചെയ്യുമാറാകട്ടെ.

ഗാഇബായ രണ്ടു ജനാസയുമുണ്ട്. റുഖ്‌യാ ശമീം ബുശ്റാ സാഹിബയുടേതാണ്. അവർ സ്പെയിനിലെ മുൻ മുബല്ലിഗായ മർഹൂം കറം ഇലാഹി സഫ്ർ സാഹിബിന്റെ ഭാര്യയാണ്. കഴിഞ്ഞ ദിവസം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. 1932–ൽ ഖാദിയാനിലാണ് ജനിച്ചത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയ ആയിരുന്നു. വർഷങ്ങളോളം സ്പെയിനിൽ ലജ്ന സ്വദ്റായി സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചിട്ടുണ്ട്. അവർക്ക് മൂന്നു ആൺമക്കളും മൂന്ന് പെൺമക്കളുമാണുള്ളത്. അവരുടെ ഒരു പൗത്രൻ അതാഉൽ മുനിം വഖ്ഫ് നൗ വിൽ പെട്ട വഖ്ഫെ സിന്ദഗിയാണ്. സെൻട്രൽ സ്പാനിഷ് ഡെസ്കിന്റെ incharge ആണ്. ഒരു പൗത്രിയുടെ വിവാഹവും മുറബ്ബി സിൽസിലയുമായാണ് നടന്നിട്ടുള്ളത്. രണ്ടു ആൺമക്കൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ദീനി പ്രവർത്തനങ്ങളിൽ വ്യാപൃതരാണ്. അവരുടെ മൂത്ത മകൻ നായിബ് അമീറുമാകുന്നു. റുഖ്‌യ സാഹിബയുടെ പിതാമഹൻ മൗലവി ഫഖറുദ്ദീൻ സാഹിബും പിതാമഹി സാഹിബ ബീബി സാഹിബയും ഭേര നിവാസികളായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കാലഘട്ടത്തിൽ ബയ്അത്ത് ചെയ്ത് ഖാദിയാനിലേക്ക് പുറപ്പെട്ടു. അവരുടെ മാതാമഹൻ ഭായി അബ്ദുർറഹീം സാഹിബ് അജമീർ വാസിയായിരുന്നു. ആദ്യം സിഖ് മതസ്ഥനായിരുന്നു. പിന്നെ അവർക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൈയിൽ ബയ്അത്ത് ചെയ്യാൻ തൗഫീഖ് ലഭിച്ചു. അദ്ദേഹവും ബയ്അത്തിനു ശേഷം പഠനത്തിനുവേണ്ടി ഖാദിയാനിലെത്തി. അങ്ങനെ പിതൃകുടുംബവും മാതൃകുടുംബവും സ്വഹാബാക്കളിൽ പെട്ടവരായിരുന്നു.

റുഖ്‌യ സാഹിബയെ കുറിച്ച് മൂത്ത മകൻ എഴുതുന്നു: 'ദഅ്‌വത്തുൽ അമീർ എന്ന പുസ്തകവുമായി അവർക്ക് നല്ല ബന്ധമായിരുന്നു. അത് അവർ പല തവണ വായിച്ചിട്ടുമുണ്ട്. ആ പുസ്തകം വായിച്ചതിനു ശേഷം മനസ്സിലുണ്ടായിരുന്ന നിരവധി സംശയങ്ങൾക്ക് മറുപടി കിട്ടിയെന്നു അവർ പറയുമായിരുന്നു. പന്ത്രണ്ടു വയസ്സുമുതൽത്തന്നെ നമസ്കാര കാര്യങ്ങളിൽ മനസ്സിൽ വലിയ താൽപര്യമുണ്ടായി. വിശ്വാസത്തിന്റെ മാർഗത്തിലും നേരായ മാർഗത്തിലും നടത്തേണമേ എന്ന് അല്ലാഹുവിനോട് ദുആ ചെയ്തിരുന്നു. പർദയുടെ കാര്യത്തിൽ ഏറെ ശ്രദ്ധ ഉണ്ടായിരുന്നു. ജമാഅത്തിലെ മറ്റു സ്ത്രീകൾക്ക് അവർ മാതൃകയായിരുന്നു. രോഗികളോടും ആവശ്യക്കാരോടും സഹാനുഭൂതി ഉണ്ടായിരുന്നു. സാധ്യമായ എല്ലാ മാർഗത്തിലൂടെയും അവരെ സഹായിക്കാൻ തയ്യാറായിരുന്നു. മൗലാനാ സാഹിബിനോടൊപ്പം സ്പെയിനിൽ വന്ന ആദ്യകാലത്ത് ഒരുപാട് പ്രയാസങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട്. തബ്‌ലീഗ് കാരണം പോലീസ് അധിക സമയവും മൗലാനാ സാഹിബിനെ കസ്റ്റഡിയിൽ എടുക്കുകയോ വീട് റൈഡ് ചെയ്യുകയോ ചെയ്തിരുന്നു. പോലീസ് തബ്‌ലീഗി പ്രവർത്തനങ്ങളുടെ തെളിവ് അന്വേഷിക്കുകയായിരുന്നു. പക്ഷേ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ തന്റെ ഭർത്താവിനെപോലെ അല്ലാഹു, തന്നെ എപ്പോഴും സഹായിക്കുമെന്നും പ്രയാസങ്ങൾ അകറ്റുമെന്നും ഉറച്ച് വിശ്വസിച്ചിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസ്(റഹ്) ഖുർത്വബയിൽ മസ്ജിദ് ഉണ്ടാക്കാൻ ഉചിതമായ സ്ഥലം അന്വേഷിക്കാൻ വേണ്ടി മൗലാനാ സാഹിബിനോടു നിദേശിച്ചപ്പോൾ ഇക്കാര്യത്തിലും അവർക്ക് എല്ലാ നിലയ്ക്കും സഹായിക്കാൻ അവസരം ലഭിച്ചു. അവരുടെ മകൻ എഴുതുന്നു: മസ്ജിദ് ബിശാറത്തിന്റെ നിർമാണം ആരംഭിച്ചപ്പോൾ ഏകദേശം എല്ലാ ദിവസവും തന്റെ ഭർത്താവിനോടൊപ്പം ബസിലും മറ്റും കോർഡോവ മുതൽ പെഡ്രോബാദ് വരെ നിർമാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ പോകുമായിരുന്നു. എല്ലാ ചെലവുകളുടെയും കണക്ക് അവരുടെ പക്കലായിരുന്നു. മസ്ജിദ് നിർമാണത്തിന്റെ വരവുചെലവു കണക്കുകളുടെ രേഖകൾ ഇവരുടെ കൈയിലാണുണ്ടായിരുന്നത്. ഈ നിലയിൽ അവർ സേവനം ചെയ്തിരുന്നു.

അവരുടെ മകൻ ഫള്‌ലെ ഇലാഹി ഖമർ പറയുന്നു: മാതാവ് എപ്പോഴും ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ(റ) ഉപദേശങ്ങൾ മുൻനിറുത്തിയായിരുന്നു കഴിഞ്ഞിരുന്നത്. അവിടന്ന് പറഞ്ഞു: 'നിങ്ങളുടെ ഉത്തരവാദിത്വങ്ങൾ ശ്രദ്ധിക്കുക. ഭർത്താവിന് അഭിപ്രായങ്ങൾ നൽകുകയും ചെയ്യുക. നിങ്ങൾ പോകുന്ന രാജ്യത്ത് നിങ്ങളുടെ ഭർത്താവിനെ ഒരിക്കലും പ്രചാരണ പ്രവർത്തനങ്ങളിൽ അലസനാകാൻ അനുവദിക്കരുത്. പ്രത്യുത കൂടുതൽ ഊർജ്ജസ്വലനാക്കുക. മരണശേഷം ഒന്നിച്ചുകഴിയാൻ ഒരുപാട് സമയം കിട്ടുന്നതാണ്. ഈ അടിസ്ഥാനപരമായ കാര്യത്തെ മുൻനിറുത്തി നിങ്ങൾക്ക് പ്രവർത്തിക്കാൻ കൂടുതൽക്കൂടുതൽ ഈ ദിവസങ്ങളെ പ്രയോജനപ്പെടുത്തുക.' ഏതായിരുന്നാലും ഈ ഉപദേശങ്ങൾ അനുസരിച്ച് അവർ പ്രവൃത്തിച്ചു കൊണ്ടിരുന്നു. ഏതുതരത്തിലുള്ള അവസ്ഥയാണെങ്കിലും എപ്പോഴും അല്ലാഹുവിന്റെ തൃപ്തിയെ മുൻനിറുത്തി ക്ഷമയോടും സ്ഥൈര്യത്തോടുംകൂടി പ്രവൃത്തിച്ചു. ആരംഭകാലത്ത് ഒരുപാട് പ്രയാസങ്ങളുണ്ടായിരുന്നു. പക്ഷേ, അവർ അതിനെയും വളരെ സ്ഥൈര്യത്തോടു കൂടി സഹിക്കുകയും എപ്പോഴും ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുകയും ചെയ്തു.

ഇസ്‌ലാമിന്റെ പേരുപോലും ഉച്ചരിക്കുന്നത് കുറ്റകരമായി കണക്കാക്കിയിരുന്ന ഒരു നാട്ടിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ(റ) ഉപദേശങ്ങളനുസരിച്ചുകൊണ്ട് ഇസ്‌ലാമിക മാതൃക സ്ഥാപിക്കുകയുണ്ടായി. സ്പെയിനിൽ ഇസ്‌ലാം അഹ്മദിയ്യത്തിന്റെ പ്രവർത്തനങ്ങൾ വ്യാപിക്കുന്നതിൽ അവർക്ക് നിർണായകമായ പങ്കുണ്ട്. അല്ലാഹു അവരോട് പൊറുമയോടും കരുണയോടുംകൂടി വർത്തിക്കുമാറാകട്ടെ. അവരുടെ പദവികൾ ഉയർത്തുമാറാകട്ടെ. അവരുടെ മക്കൾക്കും അവരുടെ നന്മകൾ നിലനിറുത്താൻ തൗഫീഖ് നൽകുമാറാകട്ടെ.

മൂന്നാമത്തെ അനുസ്മരണം ത്വാഹിറ ഹനീഫ് സാഹിബയുടേതാണ്. ഇവർ സയ്യിദ് സയ്നുൽ ആബിദീൻ വലിയുല്ലാഹ് ശാഹ് സാഹിബിന്റെ മകളും മിർസാ ഹനീഫ് അഹ്മദ് സാഹിബിന്റെ ഭാര്യയുമാകുന്നു. ഇദ്ദേഹം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ മകനാണ്. ഇവർ കഴിഞ്ഞ ദിവസം വഫാത്തായി. ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ. അല്ലാഹുവിന്റെ

അനുഗ്രഹത്താൽ മൂസിയയായിരുന്നു. ഞാൻ പറഞ്ഞു വന്നതുപോലെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ മകന്റെ ഭാര്യയും എന്റെ മാമിയുമായിരുന്നു. 1936-ൽ ഖാദിയാനിലാണ് ജനിച്ചത്. ഞാൻ പറഞ്ഞു വന്നതതുപോലെ ഇവരുടെ പിതാവ് സയ്യിദ് സയ്നുൽ ആബിദീൻ വലിയുല്ലാഹ് ശാഹ് സാഹിബ് ഒട്ടേറെ വാള്യങ്ങളിൽ ബുഖാരിയുടെ വ്യാഖ്യാനം എഴുതിയിട്ടുണ്ട്. വലിയ പണ്ഡിതനായിരുന്നു. അറേബ്യൻ രാജ്യങ്ങളിൽ താമസിച്ചിട്ടുണ്ട്. അവരുടെ അതായത് ത്വാഹിറ ബീഗം സാഹിബയുടെ മാതാവിന്റെ പേര് സയ്യിദ സയ്യാറ ബീഗം സാഹിബ എന്നായിരുന്നു. അവർ ഡമാസ്കസുകാരിയായിരുന്നു. അതായത് അറബിയായിരുന്നു, പരേതയുടെ പിതാമഹൻ ഹദ്റത്ത് ഡോക്ടർ സയ്യിദ് അബ്ദുസ്സത്താർ ശാഹ് സാഹിബ് മുഖേനയാണ് കുടുംബത്തിൽ അഹ്മദിയ്യത്ത് എത്തിയത്. അദ്ദേഹം 1901-ൽ ഹദ്റത്ത് മസീഹ് മൗഊദി(അ)നു ബയ്അത്ത് ചെയ്തു. അങ്ങനെ അല്ലാഹു മുഴുവൻ കുടുംബത്തിനും ഇക്കാര്യത്തിലേക്ക് മാർഗ്ഗദർശനം നൽകി. അതായത് മക്കൾക്കും വലിയവർക്കുമൊക്കെ സ്വപ്നങ്ങൾ മുഖേന സന്മാർഗം നൽകുകയും അവരുടെ വിശ്വാസത്തെ ബലപ്പെടുത്തുകയും ചെയ്തു. ഹദ്റത്ത് ഡോക്ടർ സയ്യിദ് അബ്ദുസ്സത്താർ ശാഹ് സാഹിബ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ്(റ)ന്റെ മാതാമഹനായിരുന്നു. ഈ നിലക്ക് ഇദ്ദേഹം പരേതയുടെ മാതുല പുത്രനുമാണ്. ത്വാഹിറ സാഹിബക്ക് 1972-മുതൽ 1990-വരെ റബ്‌വയിലെ ലജ്ന ഇമാഇല്ലാഹ് ഇസ്‌ലാഹ് വ ഇർശാദ് സെക്രട്ടറിയായി സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചിട്ടുണ്ട്. തുടർന്ന് സിയറ ലിയോണിലും തന്റെ വാഖിഫെ സിന്ദഗി ഭർത്താവിനോടൊപ്പം കുറച്ചുകാലം താമസിച്ചിട്ടുണ്ട്. അല്ലാഹു അവർക്ക് മൂന്ന് ആൺമക്കളെയും ഒരു മകളെയും നൽകിയിട്ടുണ്ട്.

അവരുടെ മൂത്തമകൾ അമത്തുൽ മുഅ്മിൻ പറയുന്നു: 'ഞങ്ങൾ ഉമ്മയെ അഞ്ചുനേര നമസ്കാരത്തിന് പുറമെ തഹജ്ജുദ് നമസ്കാരവും നോമ്പും ഖുർആൻ പാരായണവും കൃത്യമായി ചെയ്യുന്നത് കണ്ടിട്ടുണ്ട്. മാത്രമല്ല ഇശ്റാഖ് മുതലായ നമസ്കാരങ്ങളും അനുഷ്ഠിച്ചിരുന്നു. ഒരിക്കലും തന്റെ പതിവ് ശീലങ്ങളിൽനിന്ന് മാറിയിട്ടുണ്ടായിരുന്നില്ല. ഇതെല്ലം വളരെ സ്നേഹത്തോടെയും താൽപര്യത്തോടെയുമാണ് ചെയ്തിരുന്നത്. ഇബാദത്തുകളും സ്നേഹത്തോടെയും ശ്രദ്ധയോടെയും നിർവഹിച്ചിരുന്നു. അവർ എങ്ങനെയാണ് അതോടൊപ്പം ഭൗതികമായ കാര്യങ്ങളും നിറവേറ്റിയിരുന്നത് എന്ന കാര്യത്തിൽ എനിക്ക് അത്ഭുതമായിരുന്നു. ഭർതൃകുടുംബത്തിന്റെ കടമകളും അയൽവാസികളുടെ കടമകളും പിതാവിനെ ശ്രദ്ധിക്കുന്നതും ഞങ്ങളുടെയെല്ലാം ഭക്ഷണകാര്യങ്ങളും ശ്രദ്ധിച്ചിരുന്നു. അതിഥിസൽകാരത്തിലും അതീവ തൽപരയായിരുന്നു. ജമാഅത്തിനോട് സ്നേഹവും അവരുടെ ജീവിതത്തിൽ വന്ന എല്ലാ ഖലീഫമാരോടും ആത്മാർഥമായ ബന്ധവും ഖിലാഫത്തിനോട് കൂറുമുണ്ടായിരുന്നു. വസിയ്യത്തിന്റെ കാര്യത്തിൽ എപ്പോഴും പ്രത്യേക ചിന്തയുണ്ടായിരുന്നു. കാലത്തിന്റെ ഖലീഫയ്ക്ക് കത്തെഴുതാൻ ഉപദേശിച്ചിരുന്നു. കത്തെഴുതിയശേഷം മാത്രമേ തൃപ്തിപ്പെട്ടിരുന്നുള്ളൂ. എനിക്കും കൃത്യമായി കത്തുകൾ എഴുതിക്കൊണ്ടിരുന്നു. മാത്രമല്ല ഓരോ ഖുത്ബയ്ക്കുശേഷവും അധികവും അവരുടെ കത്തുകൾ വന്നിരുന്നു. അതിൽ വിവിധ തരത്തിലുള്ള വിശകലനങ്ങളുമുണ്ടാകുമായിരുന്നു. അതിൽ അവർക്കിഷ്ടപ്പെട്ട കാര്യങ്ങൾ പ്രത്യേകം സൂചിപ്പിച്ചിരുന്നു. ഒരിക്കലും ആക്ഷേപാർഹമായ കാര്യങ്ങൾ ഉന്നയിച്ചിരുന്നില്ല. പ്രത്യുത ഞങ്ങൾ ഉൾപ്പെട്ടിരുന്ന ഏതെങ്കിലും കാര്യങ്ങളുണ്ടായാലും ആക്ഷേപങ്ങൾ ഉന്നയിക്കേണ്ട കാര്യമൊന്നും നമ്മൾ പറയേണ്ടെന്നും അതിലെപ്പോഴും നഷ്ടം മാത്രമാണ് കണ്ടിട്ടുള്ളതെന്നും നേട്ടമൊന്നും അതിൽ കണ്ടിട്ടില്ലെന്നും എപ്പോഴും പറയുമായിരുന്നു.

ഞാൻ പറഞ്ഞതുപോലെ ഖിലാഫത്തുമായി അനിതരസാധാരണമായ ബന്ധമായിരുന്നു. സാധുക്കളെ നല്ലപോലെ പരിരക്ഷിച്ചിരുന്നു. അഖ്തർ സാഹിബ് എനിക്ക് എഴുതുന്നു: 'ഞങ്ങളുടെ പിതാവ് ഞങ്ങളുടെ ഉമ്മയെയും ഞങ്ങളെയും ഉപേക്ഷിച്ചപ്പോൾ അവർ ഞങ്ങൾക്ക് സ്വന്തം വീട്ടിൽ ഇടം നൽകുകയും തന്റെ മക്കളെപോലെ ഞങ്ങളെ ശ്രദ്ധിക്കുകയും ചെയ്തു. ഭക്ഷണം വസ്ത്രം പഠനം തുടങ്ങിയ കാര്യങ്ങളൊന്നും ഞങ്ങളെ ഒരിക്കലും അറിയിച്ചിരുന്നില്ല. അല്ലാഹു അവരോടു പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ. മഹാത്മാക്കളുടെ പാദങ്ങളിൽ ഇടം നൽകുമാറാകട്ടെ, അവരുടെ മക്കൾക്കും അവരുടെ നന്മകൾ തുടർന്നുകൊണ്ട് പോകാൻ തൗഫീഖ് നൽകുമാറാകട്ടെ.

### കഴിഞ്ഞ ലക്കത്തിൽ നിന്നുള്ള തുടർച്ച
### ഖുത്ബ ജുമുഅ 2022 നവംബർ 11

അല്ലാഹു നിഷേധിക്കുന്നവനെ മുസ്‌ലിമീങ്ങളും നിഷേധിക്കുന്നു. നബി(സ)തിരുമേനി അബൂബക്റിനെ വിളിക്കാൻ പറഞ്ഞയച്ചു. അദ്ദേഹം വന്നു. അപ്പോഴേക്കും ഹദ്റത്ത് ഉമർ നമസ്കരിപ്പിച്ചിട്ടുണ്ടായിരുന്നു. പിന്നെ ഹദ്റത്ത് അബൂബക്റും ജനങ്ങൾക്ക് നമസ്കരിപ്പിച്ചു. ഇങ്ങനെയും ഒരു നിവേദനമുണ്ട്.

മറ്റൊരു നിവേദനത്തിൽ പറയുന്നു. നബി(സ) തിരുമേനി ഹദ്റത്ത് ഉമറിന്റെ ശബ്ദം കേട്ടപ്പോൾ പുറത്തേക്ക് വന്നു. തന്റെ തല പുറത്തേക്കിട്ടുകൊണ്ട് നോക്കിയപ്പോൾ പറഞ്ഞു:അല്ലാ, അല്ലാ. ഇബ്നു അബീ ഖുഹാഫ നമസ്കരിപ്പിക്കേണ്ടതാണ്. നബി(സ)തിരുമേനി ഇത് നീരസത്തിലാണ് പറഞ്ഞത്. ഇതിന്റെ കൂടുതൽ വിശദീകരണം മുസ്നദ് അഹ്മദിൽ കിട്ടുന്നുണ്ട്.(സുനൻ അബൂദാവൂദ്, കിതാബുസ്സുന്ന, ഹദീഥ് നമ്പർ 4660-4661)

ഹദ്റത്ത് ഉമറിനു ഇത് സംബന്ധിച്ച് അറിവ് ലഭിച്ചപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സംഅയോട് പറഞ്ഞു. അദ്ദേഹമാണ് ഉമറിനോട് നമസ്കരിപ്പിക്കാൻ പറഞ്ഞത്. നബി(സ)തിരുമേനി പറഞ്ഞത് കൊണ്ടാണ് എന്നോട് നമസ്കരിപ്പിക്കാൻ പറഞ്ഞതെന്ന് ഞാൻ ധരിച്ചു. അല്ലാത്ത പക്ഷം ഞാൻ നമസ്കരിപ്പിക്കില്ലായിരുന്നു. അപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സംഅ(റ) പറഞ്ഞു: 'ഞാൻ നോക്കിയപ്പോൾ അബൂബക്റിനെ കാണുന്നുണ്ടായിരുന്നില്ല. അപ്പോൾ ഞാൻ സ്വയം മനസ്സിലാക്കിയത് അദ്ദേഹം ഇല്ലെങ്കിൽ പിന്നെ താങ്കൾ തന്നെയാണ് അതിന് യോഗ്യൻ എന്നാണ്. അതുകൊണ്ടാണ് താങ്കളോട് നമസ്കരിപ്പിക്കാൻ വേണ്ടി അപേക്ഷിച്ചത്. എന്നോട് നേരിട്ട് നിർദേശിച്ചത് ആയിരുന്നില്ല.' ഇത് മുസ്നദിൽ ഉള്ള നിവേദനമാകുന്നു.(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാള്യം 8, പേജ് 412-413, ഹദീഥ് അബ്ദുല്ലാഹ് ബിൻ സംഅ, ഹദീഥ് നമ്പർ 19113, ആലമുൽകുതുബ് ബെയ്റുത്ത് 1998)

ഹദ്റത്ത് അബൂബക്റിന്റെ മക്കളോടുള്ള സ്നേഹവാത്സല്യങ്ങളെ സംബന്ധിച്ച് ഒരു ഗ്രന്ഥകാരൻ എഴുതുന്നു: 'ഹദ്റത്ത് അബൂബക്റിന് മക്കളോട് നല്ല സ്നേഹമുണ്ടായിരുന്നു. തന്റെ വാക്കിലും പ്രവൃത്തിയിലും അധിക സമയത്തും അത് അദ്ദേഹം വെളിപ്പെടുത്തുകയും ചെയ്തിരുന്നു. മൂത്തമകൻ ഹദ്റത്ത് അബ്ദുർറഹ്മാൻ വേറെ വീട്ടിലാണ് താമസിച്ചിരുന്നത്. പക്ഷേ, അദ്ദേഹത്തിന്റെ വീട്ടുചെലവുകളുടെ ഉത്തരവാദിത്വം ഹദ്റത്ത് അബൂബക്ർ(റ)ഏറ്റെടുത്തിരുന്നു. ഹദ്റത്ത് അബൂബക്റിന്റെ മൂത്തമകൾ ഹദ്റത്ത് അസ്മായുടെ വിവാഹം ഹദ്റത്ത് സുബയ്ർ ബിൻ അവ്വാമുമായിട്ടാണ് നടന്നത്. തുടക്കത്തിൽ അവർ വളരെ പ്രായസത്തിലായിരുന്നു. വീട്ടിൽ വേലക്കാരിയെയോ വേലക്കാരനെയോ വെക്കാനുള്ള കഴിവുണ്ടായിരുന്നില്ല. അതുകൊണ്ട് ഹദ്റത്ത് അസ്മക്ക് ഒരുപാട് ജോലികൾ ചെയ്യേണ്ടിവന്നിരുന്നു. മാവ് കുഴക്കുക. ഭക്ഷണം തയ്യാറാക്കുക. വെള്ളം കോരുക. തുണി നെയ്യുക. ഒരുപാട് ദൂരെ നിന്ന് ഈന്തപ്പനയുടെ കുരു ശേഖരിച്ചകൊണ്ടു വരിക. കുതിരകൾക്ക് തീറ്റ കൊടുക്കുക തുടങ്ങി എല്ലാ പണികളും ചെയ്തിരുന്നു. ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) ഈ അവസ്ഥയെ കുറിച്ച് അറിഞ്ഞപ്പോൾ അദ്ദേഹം കുതിരകളെ പരിപാലിക്കുന്നതിനും തീറ്റ കൊടുക്കുന്നതിനും വേണ്ടി ഒരു സേവകനെ നിയോഗിക്കുകയുണ്ടായി, ഹദ്റത്ത് അസ്മാ(റ) പറയുന്നു: 'സേവകനെ അയച്ചുതന്നുകൊണ്ട് എന്റെ പിതാവ് എന്നെ സ്വാതന്ത്ര്യയാക്കുകയാണ് ചെയ്തത്.'(സ്വഹീഹ് ബുഖാരി, കിതാബുന്നിക്കാഹ്, ഹദീഥ് 5224)

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബൂബക്റിനു തന്റെ ഭാര്യ ആത്തിക്കയുമായി ഉണ്ടായിരുന്ന സ്നേഹത്തെ പറ്റി ഒരു സംഭവത്തിൽ ഇങ്ങനെ പറയുന്നു. ഈ കാരണം കൊണ്ട് അദ്ദേഹം ജിഹാദിന് പോകുന്നത് ഒഴിവാക്കിയിരുന്നു. ഹദ്റത്ത് അബൂബക്റിന് അത് സഹിച്ചിരുന്നില്ല. അദ്ദേഹം ഹദ്റത്ത് അബ്ദുല്ലയോട് പറഞ്ഞു: 'നീ ഭാര്യ കാരണം ജിഹാദിന് പോകുന്നത് ഒഴിവാക്കുന്നു. അതുകൊണ്ട് അവളെ ത്വലാഖ് ചൊല്ലുക. അങ്ങനെ അദ്ദേഹം ഈ കല്പന അനുസരിച്ചു. പക്ഷേ, ആത്തിക്കയുമായി വേർപെട്ടതിൽ അദ്ദേഹം ശോകകവിതകൾ ചൊല്ലുകയുണ്ടായി. ഹദ്റത്ത് അബൂബക്റിന്റെ കാതുകളിൽ ആ കവിതാശകലങ്ങളെത്തിയപ്പോൾ അദ്ദേഹത്തിന്റെ ഹൃദയം അസ്വസ്ഥമാകുകയും അദ്ദേഹം ഹദ്റത്ത് അബ്ദുല്ലായ്ക്ക് ഭാര്യയെ തിരിച്ചെടുക്കാൻ അനുമതി നൽകുകയും ചെയ്തു.(സീറത്തു ഖലീഫത്തുർറസൂൽ സയ്യിദുനാ അബൂബക്ർ സ്വിദ്ദീഖ്(റ), ത്വാലിബ് ഹാശ്മി,പേജ് 349-351, ഹസനാത്ത് അക്കാഡമി ലാഹോർ)

ഹദ്റത്ത് ബറാഅ്(റ)പറയുന്നു: ഹദ്റത്ത് അബൂബക്റിനോടൊപ്പം അദ്ദേഹത്തിന്റെ വീട്ടുകാരുടെ അടുക്കൽ അകത്തു പോയപ്പോൾ അദ്ദേഹത്തിന്റെ മകൾ ഹദ്റത്ത് ആഇശ(റ) പനി കാരണം കിടക്കുകയായിരുന്നു. ഹദ്റത്ത് ആഇശയുടെ കവിളിൽ ഹദ്റത്ത് അബൂബക്ർ ഉമ്മ വെച്ചുകൊണ്ട് അവരുടെ ആരോഗ്യ സ്ഥിതിയെ കുറിച്ച്, 'മോളെ നിനക്ക് എങ്ങനെയുണ്ട്' എന്ന് ചോദിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്.

ഇൻശാഅല്ലാഹ് ഈ വിവരണം ഇനിയും തുടരുന്നതാണ്.(വിവർത്തനം: എച്ച്.ശംസുദ്ദീൻ കാവശ്ശേരി, ഡി.ടി.പി: പി.എം. വസീം അഹ്മദ് ചേലക്കര)

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

(പേജ് 1ൽനിന്ന്)
ത്തിൽ നല്ല ശകുനവും ദുഃശ്ശകുനവും കെട്ടിയിട്ടുണ്ട് എന്ന അർഥവും ഇതിന് ആകാവുന്നതാണ്. അവരാണെങ്കിൽ മറ്റു വസ്തുക്കളിൽപോയി ശകുനം തിരഞ്ഞ് നടക്കുന്നു. കഴുത്ത് എന്ന പദം ഉപയോഗിക്കപ്പെട്ടിട്ടുള്ളത് മനുഷ്യൻ നന്മ ചെയ്യുമ്പോൾ തല ഉയർത്തുന്നു. തിന്മ ചെയ്യുമ്പോൾ നിന്ദ്യത കാരണത്താൽ കഴുത്ത് കുനിക്കുന്നു. ഈ പദം ഉപയോഗിച്ചുകൊണ്ട്, മനുഷ്യൻ തന്റെ കർമങ്ങളുടെ പരിശോധന തന്റെ കഴുത്തുകൊണ്ട് നടത്തുക എന്നാണ് പറഞ്ഞിരിക്കുന്നത്. അതായത് അവൻ തന്റെ രഹസ്യങ്ങൾ അറിയുന്നവരുടേയും തന്നെപ്പോലെയുള്ളവരുടേയും ഇടയിൽ തനിക്ക് തന്റെ കഴുത്ത് ഉർത്താൻ കഴിയുമോ ഇല്ലേ എന്ന് നോക്കുക. അവന്റെ ഹ്വദയവും അവന്റെ സ്നേഹിതന്മാരും അവൻ അന്യൂനാണെന്ന് പറയുകയാണങ്കിൽ അവന്റെ ചുവട് നന്മയിലാണെന്ന് മനസ്സിലാക്കിക്കൊള്ളുക.പക്ഷേ, അവന്റെ ഹ്വദയവും സ്നേഹിതന്മാരും അവനിൽ നൂറുക്കണക്കിന് മാലിന്യം കാണുകയാണെങ്കിൽ ആളുകളുടെ ഇടയിൽ അഭിമാനിച്ച് നടന്നിട്ട് അവന് എന്തു ഫലമുണ്ടാകാനാണ്.(തഫ്സീറെ കബീർ വാള്യം 4, പേജ് 312, പ്രസാധനം ഖാദിയാൻ 2010)

## ഖുത്ബ ജുമുഅ

ജനങ്ങളിൽനിന്ന് ജീവൻകൊണ്ടും സമ്പത്തുകൊണ്ടും
അബൂബക്ർ ബിൻ അബീ ഖുഹാഫയെക്കാളുമധികം നന്മ മറ്റാരും എന്നോട് കാണിച്ചിട്ടില്ല.(ഹദീഥ്)

ജാഹിലിയ്യാ കാലഘട്ടത്തിൽ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ഖുറയ്ശികളുടെ
നേതാക്കന്മാരിലും അവരിലെ മാന്യന്മാരിലും ആദരണീയരിലും ഗണിക്കപ്പെട്ടിരുന്നു.

ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) ദരിദ്രരോടും പരാധീനരോടും അങ്ങേയറ്റം കരുണയും ദയയുമുള്ള ആളായിരുന്നു.
തണുപ്പ് കാലത്ത് കമ്പിളി വാങ്ങി ആവശ്യക്കാർക്കിടയിൽ വിതരണം ചെയ്യുമായിരുന്നു.

ഉഹുദ് യുദ്ധത്തിൽ നബി(സ)തിരുമേനി ശഹീദായെന്ന കിംവദന്തി പരന്നപ്പോൾ
എറ്റവുമാദ്യം ജനക്കൂട്ടത്തെ വകഞ്ഞുമാറ്റി ഹദ്റത്ത് അബൂബക്ർ അവിടെ പാഞ്ഞെത്തി.

ദർശനത്തിൽ ബയ്ത്തുൽ മുഖദ്ദസിലേക്കുള്ള യാത്രയിൽ ജിബ്‌രീൽ അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരുന്നതുപോലെ
ഹിജ്റത്തിന്റെ യാത്രയിൽ അബൂബക്ർ(റ)അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നു.
ഏതുപോലെയെന്നാൽ ജിബ്‌രീൽ അല്ലാഹുവിന് വിധേയനായി പ്രവർത്തിക്കുന്നതുപോലെതന്നെ.

'യാ റസൂലല്ലാഹ്! എന്റെ ഭയം എന്റെ ജീവനെ കുറിച്ചല്ല. ഞാൻ വധിക്കപെട്ടാലും ഒരു വ്യക്തി വധിക്കപ്പെടുമെന്ന് മാത്രം.
എന്റെ ഭയം അങ്ങയെ കുറിച്ചാണ്. അങ്ങയ്ക്ക് എന്തെങ്കിലും സംഭവിച്ചാൽ പിന്നെ ലോകത്തുനിന്ന് സത്യം തുടച്ച് നീക്കപ്പെടും.'

ഹദ്റത്ത് അബൂബക്ർ(റ) ത്യാഗം ചെയ്യുമ്പോഴും കരുതിയത് ഇനിയും താൻ അല്ലാഹുവിന് കൊടുക്കേണ്ടവനാണെന്നായിരുന്നു.
ഇത് കൊടുത്തുകൊണ്ട് താൻ അല്ലാഹുവിനോട് ഔദാര്യമല്ല ചെയ്യുന്നത്. മറിച്ച് ഇതിനുള്ള തൗഫീഖ് കിട്ടിയത് അവന്റെ ഔദാര്യമാകുന്നു.

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ**
**സ്വിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.**

**ഖുത്ബ ജുമുഅ 2022 നവംബർ 25/1401 നുബുവ്വത്ത് 25**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ ജീവിതത്തിലെ വ്യത്യസ്ത വശങ്ങളെ കുറിച്ച് പരാമർശിച്ചു വരുകയായിരുന്നു. ഈ വിഷയത്തിൽ അദ്ദേഹത്തിന്റെ സൃഷ്ടിസേവനവും ദരിദ്രർക്ക് ഭക്ഷണം നൽകിയതിനെ കുറിച്ചും പരാമർശിക്കപ്പെടുന്നുണ്ട്. ഇസ്‌ലാം സ്വീകരിക്കുന്നതിന് മുമ്പേയും ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) ഖുറയ്ശികളിലെ വരിഷ്ഠരായ വ്യക്തികളുടെ ഗണത്തിൽപെട്ട വ്യക്തിയായിരുന്നു. ജനങ്ങൾക്കെന്തെങ്കിലും ബുദ്ധിമുട്ടുകൾ നേരിടുമ്പോൾ അവർ അദ്ദേഹത്തിനോട് സഹായം തേടുമായിരുന്നു. മക്കയിൽ അദ്ദേഹം അധികവും അതിഥി സൽക്കാരവും വലിയ വലിയ വിരുന്നുകളും ഏർപ്പാട് ചെയ്തിരുന്നു. (അസ്സീറത്തുൽഹൽബിയ്യ, വാല്യം 1, പേജ് 390, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2002)

ജാഹിലിയ്യാ കാലഘട്ടത്തിൽ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) ഖുറയ്ശികളുടെ നേതാക്കന്മാരിലും അവരിലെ മാന്യന്മാരിലും ആദരണീയരിലും ഗണിക്കപ്പെട്ടിരുന്നു. ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ആ സമൂഹത്തിൽ ഖുറയ്ശികളുടെ ആദരണീയ വ്യക്തിയായി കണക്കാക്കപ്പെട്ടിരുന്നു. ജനങ്ങൾ അവരുടെ പ്രശ്നങ്ങളും വിഷയങ്ങളും ഹദ്റത്ത് അബൂബകറിന് മുന്നിൽ സമർപ്പിക്കാറുണ്ടായിരുന്നു. ആതിഥ്യത്തിലും അതിഥി സൽക്കാരത്തിലും വേറിട്ട ഒരു നിലയുടെ ഉടമസ്ഥനായിരുന്നു.(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, മുഹമ്മദ് അസ്സ്‌ലാബീ മുത്തർറജിം പേജ് 52-54, ദാർ ഇബ്നു കഥീർ, ബെയ്റുത്ത് 2003)

വീണ്ടും എഴുതിയിരിക്കുന്നു, ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) ദരിദ്രരോടും പരാധീനരോടും അങ്ങേയറ്റം കരുണയും ദയയുമുള്ള ആളായിരുന്നു. തണുപ്പ് കാലത്ത് കമ്പിളി വാങ്ങി ആവശ്യക്കാർക്കിടയിൽ വിതരണം ചെയ്യുമായിരുന്നു. (ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ) കെ ഫയ്സ്വലെ, പേജ് 378, മുശ്താഖ് ബുക് കോർണർ ലാഹോർ)

ഒരു നിവേദനത്തിൽ ഇപ്രകാരം വരുന്നു. ഒരു തവണ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) ഒരു വർഷം ചൂട് നൽകുന്ന പരുത്തിയുടെ പുതപ്പുകൾ അതായത് കമ്പിളി വാങ്ങി. അവ ഗ്രാമങ്ങളിൽ നിന്ന് കൊണ്ടുവരപ്പെട്ടതായിരുന്നു. അതെല്ലാം മദീനയിലെ വിധവകളായ സ്ത്രീകൾക്കിടയിൽ വിതരണം ചെയ്യുകയുണ്ടായി.(കൻസുൽഉമ്മാൽ, വാല്യം 3, ഭാഗം 5, പേജ് 245, കിതാബുൽഖിലാഫ, ഹദീഥ് 14076, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത 2004)

ഒരു നിവേദനത്തിൽ വരുന്നു. ഖിലാഫത്ത് എന്ന സ്ഥാനത്ത് അവരോധിക്കപ്പെടുന്നതിനുമുമ്പേ അദ്ദേഹം ഒരു അനാഥ കുടുംബത്തിലെ ആടുകളുടെ പാൽ കറന്നുകൊടുക്കുമായിരുന്നു. അദ്ദേഹം ഖലീഫയായപ്പോൾ ആ കുടുംബത്തിലെ ഒരു പെൺകുട്ടി ചോദിച്ചു, 'ഇനി അങ്ങ് ഞങ്ങളുടെ ആടുകളെ കറക്കില്ലല്ലോ?' ഇതു കേട്ടപ്പോൾ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) പറഞ്ഞു: 'എന്തുകൊണ്ട് കറക്കില്ല? എന്റെ ജീവനാണ! ഞാൻ നിങ്ങൾക്കുവേണ്ടി എന്തായാലും പാൽ കറക്കുന്നതായിരിക്കും. ഞാൻ എന്തിനെയാണോ ഇപ്പോൾ തിരഞ്ഞെടുത്തിരിക്കുന്നത് അതെന്നെ ഞാൻ മുമ്പേ ചെയ്തിരുന്ന ശീലങ്ങളിൽനിന്ന് തടയില്ലെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.' അങ്ങനെ അദ്ദേഹം പഴയതുപോലെ അവരുടെ ആടുകളെ കറക്കുമായിരുന്നു. ആ പെൺകുട്ടികൾ തങ്ങളുടെ ആടുകളുമായി വരുമ്പോൾ അദ്ദേഹം വളരെ ദയാവായ്പോടെ പാലിൽ പത വേണമോ വേണ്ടേ എന്ന് ചോദിക്കുമായിരുന്നു. അവർ പത വേണമെന്നു പറഞ്ഞാൽ പാത്രം കുറച്ച് ദൂരെ വെച്ച് പാല് കറക്കുമായിരുന്നു. അങ്ങനെ നന്നായി പത വരുമായിരുന്നു. അവർ പത വേണ്ടെന്ന് പറഞ്ഞാൽ പത വരാതിരിക്കാൻ പാത്രം അകിടിനോട് ചേർത്തുപിടിച്ച് പാൽ കറക്കുമായിരുന്നു. തുടർച്ചയായി ആറു മാസം അദ്ദേഹം ഈ സേവനം ചെയ്തു കൊണ്ടിരുന്നു. അതായത് ഖിലാഫത്തിനുശേഷം ആറു മാസം. അതിനുശേഷം അദ്ദേഹം മദീനയിൽ സ്ഥിരതാമസമാക്കി.

ആദ്യം ഹദ്റത്ത് അബൂബക്റിന് രണ്ടു വീടുണ്ടായിരുന്നു. ഒരു വീട് (മദീനക്ക്) പുറത്തായിരുന്നു. നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ അദ്ദേഹം വെളിയിലുള്ള വീട്ടിലായിരുന്നു താമസിച്ചിരുന്നത്. എന്നാൽ, നബി(സ)തിരുമേനി മസ്ജിദ് നബ്‌വിക്കും തന്റെ വീടിന്റെ അടുത്തും സ്ഥലം നൽകിയിരുന്നു. അവിടെയും അദ്ദേഹം ഒരു വീടുണ്ടാക്കിയിരുന്നു. ഇതുകൂടാതെയും ഒരു വീടുണ്ടായിരുന്നു. മദീനയിൽ തന്നെ രണ്ടു വീടുണ്ടായിരുന്നു. ആദ്യം നബി(സ)തിരുമേനിയുടെ കാലത്ത് ഗ്രാമത്തിലെ വീട്ടിലായിരുന്നു താമസിച്ചിരുന്നത്. പിന്നീട് ഖലീഫ ആയതിനു ശേഷം മദീനയിലേക്ക് മാറി താമസിച്ചു. മദീനയിൽ വരുന്നതു വരെ അദ്ദേഹം ഏറ്റെടുത്തിരുന്ന ആ പെൺകുട്ടികളുടെ സേവനം അദ്ദേഹം ചെയ്തുപോന്നു.(അത്ത്വബഖാത്തുൽകുബ്റാ വാല്യം 3, പേജ് 138-139, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 1990)

ഹദ്റത്ത് ഉമർ(റ) മദീനയുടെ അടുത്ത് താമസിച്ചിരുന്ന ഒരു അന്ധയായ വൃദ്ധയെ സഹായിച്ചിരുന്നു. അദ്ദേഹം അവർക്കു വെള്ളംകൊണ്ടു വരുകയും അവരുടെ വീട്ടുജോലികൾ ചെയ്തു കൊടുക്കുകയും ചെയ്യുമായിരുന്നു. ഒരു ദിവസം അദ്ദേഹം അവരുടെ വീട്ടിൽ പോയപ്പോൾ അവിടെ അദ്ദേഹത്തിനുമുമ്പേ ആരോ വന്ന് ആ വൃദ്ധയുടെ വീട്ടുജോലികളെല്ലാം ചെയ്ത് തീർത്തിരിക്കുന്നത് കണ്ടു. അടുത്ത തവണ അദ്ദേഹം ആദ്യം വന്ന വ്യക്തി ആ വൃദ്ധയുടെ വീട്ടിൽ എത്തുന്നതിന്

മുമ്പേ എത്താൻവേണ്ടി വേഗം പോയി. ഹദ്റത്ത് ഉമർ അവിടെ എത്തി ഒളിച്ചിരുന്നു. അപ്പോൾ കാണുന്നതെന്തെന്നാൽ, ആ വൃദ്ധയുടെ വീട്ടിൽ ഉമറിനെക്കാൾ മുമ്പേ വന്നിരുന്ന വ്യക്തി ഹദ്റത്ത് അബൂബക്ർ(റ) ആയിരുന്നു എന്നാണ്.

അപ്പോൾ ഹദ്റത്ത് അബൂബക്ർ ഖലീഫ യായിരുന്നു. ഹദ്റത്ത് ഉമർ(റ) പറഞ്ഞു: "അല്ലാഹുവാണ! ഇത് താങ്കൾക്കുമാത്രമേ ആകാൻ സാധിക്കുകയുള്ളൂ." അതായത് നന്മയിൽ എന്നെ മറികടക്കാൻ താങ്കൾക്കുമാത്രമേ കഴിയുകയുള്ളൂ. (താരീഖുൽ ഖുലഫാ, ജലാലുദ്ദീൻ അസ്സുയൂതി, ഹാലാത്ത് അബൂബക്ർ സിദ്ദീഖ്, പേജ് 64, പ്രസാധനം ബെയ്റുത്ത് എഡിഷൻ, 1999)

ഒരു നിവേദനമുണ്ട്. മൂസ ബിൻ ഇസ്മായീൽ വിവരിക്കുന്നു. മുഅതമിർ തന്റെ പിതാവിൽനിന്ന് നിവേദനം. അദ്ദേഹം പറയുന്നു: അബൂ ഉഥ്മാൻ ഞങ്ങളോടു പറഞ്ഞു, ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ അബീ ബക്ർ(റ)അദ്ദേഹത്തോടു പറഞ്ഞു: സ്സുഫ്ഫക്കാർ(മസ്ജിദിന്റെ തിണ്ണയിൽഴിഞ്ഞിരുന്നവർ) ആശ്രയിച്ചു കഴിഞ്ഞിരുന്ന ആളുകളായിരുന്നു. ഒരിക്കൽ നബി(സ)തിരുമേനി പറഞ്ഞു: 'രണ്ടു ആളുകളുടെ ഭക്ഷണമുള്ളവർ മൂന്നാമതൊരാളെ കൊണ്ടുപോകണം. നാലാളുടെ ഭക്ഷണമുള്ള ആളുകൾ അഞ്ചാമതൊരാളെ കൊണ്ടുപോകണം. അല്ലെങ്കിൽ ആറാമതൊരാളെ കൂടെ കൂട്ടണം. ഇങ്ങനെ തന്നെയുള്ള ചില വാക്കുകളാണ് പറഞ്ഞത്. അതായത് ദരിദ്രരായിട്ടുള്ള ഈ ആളുകളെ ജനങ്ങൾ തങ്ങളുടെ വീടുകളിലേക്ക് കൊണ്ടുപോയി ഭക്ഷണം നല്കണം. ഹദ്റത്ത് അബൂബക്ർ മൂന്നു പേരെയാണ് കൊണ്ടുവന്നത്. നബി(സ)തിരുമേനി പത്തുപേരെ കൊണ്ടുപോയി. വീട്ടിൽ ഹദ്റത്ത് അബൂബക്റും മറ്റു മൂന്നു വ്യക്തികളുമുണ്ടായിരുന്നു. ഹദ്റത്ത് അബ്ദുർറഹ്മാൻ പറയുന്നു: ഞാനും എന്റെ പിതാവും എന്റെ മാതാവും. നിവേദകൻ പറയുന്നു: അബ്ദുർറഹ്മാൻ, എന്റെ ഭാര്യയും എന്റെ സേവകനും ഉണ്ടെന്നുകൂടി പറഞ്ഞുവെന്നാണ് തോന്നുന്നത്. അവർ ഞങ്ങളുടെ അതായത് അബൂബക്റിന്റെ വീട്ടിൽ പൊതുവായി കഴിഞ്ഞിട്ടുണ്ടായിരുന്നവരാണ്. ഹദ്റത്ത് അബൂബക്ർ(റ), നബി(സ)തിരുമേനിയുടെ വീട്ടിൽ വൈകുന്നേരത്തെ ഭക്ഷണം കഴിക്കുകയും പിന്നെ അവിടെതന്നെ തങ്ങുകയും ചെയ്തു. പിന്നെ ഇശാ നമസ്കാരം കഴിഞ്ഞാണ് തിരിച്ചുവന്നത്. അതിഥികളെ വീട്ടിൽ കൊണ്ടുപോയിരുന്നു. പക്ഷേ, പിന്നീട് തിരിച്ചുപോയി നബി(സ)തിരുമേനിയുടെ അടുക്കൽ തങ്ങി. അവിടെതന്നെ ഭക്ഷണം കഴിക്കുകയും ചെയ്തു. പറയുന്നു, അദ്ദേഹം എത്രത്തോളം അവിടെ തങ്ങിയെന്നാൽ നബി(സ)തിരുമേനിയുടെ അടുക്കൽത്തന്നെ വൈകുന്നേരത്തെ ഭക്ഷണവും കഴിച്ചു. അല്ലാഹു ഇച്ഛിക്കുന്ന അത്രയും സമയം രാത്രി അവിടെ കഴിച്ചുകൂട്ടിയതിനുശേഷമാണു വന്നത്. ഏതു കാര്യമായിരുന്നു അങ്ങയെ അതിഥികളിൽ നിന്ന് ഇത്രയും സമയം മാറ്റി നിറുത്തിയതെന്ന് അദ്ദേഹത്തിന്റെ ഭാര്യ ചോദിച്ചു. അതായത് എന്തുകൊണ്ടാണ് വൈകിയത്. ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: 'നിങ്ങൾ ഇതുവരെ അവർക്ക് ഭക്ഷണം കൊടുത്തില്ലേ?' ഭാര്യ പറഞ്ഞു: 'അവർ അങ്ങ് വരുന്നതുവരെ ഭക്ഷണം കഴിക്കുന്നതിൽനിന്ന് വിസമ്മതം പ്രകടിപ്പിക്കുകയായിരുന്നു. അബൂബക്ർ വരുന്നതുവരെ തങ്ങൾ ഭക്ഷണം കഴിക്കുകയില്ലെന്ന് അവർ പറഞ്ഞു. ഭാര്യ അവർക്ക് ഭക്ഷണം കൊടുത്തിരുന്നു. ഭാര്യ പറയുന്നു: ഞാൻ ഭക്ഷണം കൊടുത്തു. പക്ഷേ, അതിഥികൾ ഒന്നുംതന്നെ സമ്മതിക്കുന്നുണ്ടായിരുന്നില്ല. ഹദ്റത്ത് അബ്ദുർറഹ്മാൻ പറയുന്നു: 'ഞാൻ വേഗം പോയി ഒളിഞ്ഞിരുന്നു. ഞാൻ ഒളിഞ്ഞിരിക്കാൻ കാരണം, എനിക്ക് ശകാരം കേൾക്കരുതെന്ന് കരുതിയായിരുന്നു. ഹദ്റത്ത് അബൂബക്ർ എന്തുകൊണ്ട് അവർക്ക് ഭക്ഷണം കൊടുത്തില്ലെന്നു ചോദിക്കും. ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: 'അല്ലയോ വിഡ്ഢി! നീ വളരെ അലസനാണെന്നും പറഞ്ഞു. അദ്ദേഹത്തിന്റെ മകൻ അബ്ദുർറഹ്മാൻ പറയുകയാണ്, ഹദ്റത്ത് അബൂബക്ർ(റ) അതിഥികളോട് പറഞ്ഞു: 'നിങ്ങൾ ഭക്ഷണം കഴിക്കുവിൻ.' പക്ഷേ, താൻ ഭക്ഷണം കഴിക്കില്ലെന്ന് അബൂബക്ർ ശപഥം ചെയ്തിട്ടുണ്ടായിരുന്നു. ഹദ്റത്ത് അബ്ദുർറഹ്മാൻ പറയുന്നു: അല്ലാഹുവാണ! ഞങ്ങൾ ഓരോ കഷണം ഭക്ഷണമെടുക്കുമ്പോഴും അതിനു താഴെ അതിനെക്കാളും ഭക്ഷണം വർധിച്ച് വന്നിട്ടുണ്ടായിരുന്നു. അവർ വയറു നിറയുന്നതുവരെയും ഭക്ഷണം കഴിച്ചു. ഭക്ഷണം നേരത്തെ ഉണ്ടായിരുന്നതിനെക്കാൾ വർധിച്ചു.

അതിഥികൾക്ക് ഭക്ഷണം കൊടുത്തു. അതിഥികൾ ഭക്ഷണം കഴിച്ചുകൊണ്ടേയിരുന്നു. പക്ഷേ, പറയുന്നു: ഭക്ഷണം പിന്നെയും അത്രതന്നെ ഉണ്ടായിരുന്നു. പ്രത്യുത അതിനേക്കാൾ കൂടിക്കൊണ്ടിരുന്നു. എല്ലാവരും വയറു നിറയെ കഴിച്ചു. ഹദ്റത്ത് അബൂബക്ർ(റ) ഭക്ഷണം വീണ്ടും അത്രമാത്രം ഉണ്ടെന്നു കണ്ടപ്പോൾ അതല്ല അതിനേക്കാൾ കൂടുതലുണ്ടെന്നു കണ്ടപ്പോൾ തന്റെ ഭാര്യയോട് പറഞ്ഞു: 'ബനീ ഫിറാസിന്റെ സഹോദരീ! ഇതെന്താണ്?' അദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞു: എന്റെ കൺകുളിർമയാണ! ഇത് നേരത്തെ ഉണ്ടായിരുന്നതിനേക്കാൾ മൂന്ന് മടങ്ങ് കൂടുതലുണ്ട്. അതായത് അത്രമാത്രം ഭക്ഷണം വർധിച്ചിരിക്കുന്നു. ഹദ്റത്ത് അബൂബക്റും അതിൽനിന്ന് ഭക്ഷിച്ചു. എന്നിട്ട് പറഞ്ഞു: 'ശയ്ത്വാനിന്റെ പ്രേരണ കാരണമാണ് ഞാൻ ഭക്ഷണം കഴിക്കില്ലെന്ന് ശപഥം ചെയ്തത്. ഇനി ഞാൻ കഴിക്കുന്നതാണ്.' അതായത് ഭക്ഷണത്തിൽ അനുഗ്രഹം ഉണ്ടാകുന്നുവെന്ന് കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: ശയ്ത്വാനാണ് എന്നെക്കൊണ്ട് ശപഥം ചെയ്യിച്ചത്. പക്ഷേ, ഇത് അനുഗൃഹീത ഭക്ഷണമാകുന്നു. അതിൽ നിന്ന് ഞാനും കഴിക്കുന്നതാണ്. പിന്നെ അതിൽനിന്ന് ഒരു പിടി അബൂബക്റും കഴിച്ചു. അതിനുശേഷം ആ ഭക്ഷണം എടുത്ത് നബി(സ)തിരുമേനിയുടെ അടുക്കലെത്തി. അതു രാവിലെ ആകുന്നതുവരെയും നബി(സ)തിരുമേനിയുടെ അടുക്കൽത്തന്നെ ഉണ്ടായിരുന്നു. പറയുന്നു: ഞങ്ങൾക്കും മറ്റൊരു സമുദായത്തിനുമിടയിൽ ഒരു ഉടമ്പടി ഉണ്ടായിരുന്നു. അതിന്റെ കാലാവധി കഴിഞ്ഞിരുന്നു. ഞങ്ങൾ പന്ത്രണ്ടു പേരെയും വെവ്വേറെ ഇരുത്തി. അതിൽ ഓരോരുത്തരുടെ കൂടെയും ഒന്നിലധികം ആളുകളുണ്ടായിരുന്നു. ഈ ഉടമ്പടിയിൽ ഉണ്ടായിരുന്നത് പന്ത്രണ്ടു പേരായിരുന്നു. അവരുടെ ഓരോരുത്തരുടെയും കൂടെ കുറച്ചാളുകളും ഉണ്ടായിരുന്നു. അത് എത്രപേരാണെന്നു അല്ലാഹുവിനുമാത്രമേ നന്നായി അറിയുകയുള്ളൂ. പക്ഷേ, ഒരു കാര്യം ഉറപ്പാണ്. നബി(സ) തിരുമേനി അവരെയും ആ ആളുകളോടൊപ്പം അയച്ചിരുന്നു. അതായത് പറയപ്പെടാൻ തക്ക എണ്ണം ഉണ്ടായിരുന്നു. ഹദ്റത്ത് അബ്ദുർറഹ്മാൻ പറയുന്നു: അവരെല്ലാവരും ഭക്ഷണം കഴിച്ചു. ഈ അനുഗ്രഹം അല്ലാഹു ഒരിക്കൽ ഹദ്റത്ത് അബൂബക്റിന്റെ ഭക്ഷണത്തിലും വർഷിച്ചിരുന്നു. (സ്വഹീഹ് ബുഖാരി, കിതാബുൽമനാഖിബ്, ഹദീഥ് നമ്പർ 3581)

ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ അബൂബക്ർ നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'നിങ്ങളിലാരെങ്കിലും ഇന്ന് ഏതെങ്കിലും അഗതിയെ ഊട്ടിയിട്ടുണ്ടോ?' ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: 'ഞാൻ മസ്ജിദിൽ പ്രവേശിച്ചപ്പോൾ ഒരു ഭിക്ഷക്കാരൻ എന്നോടു യാചിച്ചു. ഞാൻ അബ്ദുർറഹ്മാന്റെ കൈയിൽ ഒരു കഷണം റൊട്ടി കാണുകയുണ്ടായി. ഞാൻ അത് അവനിൽനിന്ന് വാങ്ങി ആ യാചകന് നൽകി. അതായത് യാചകൻ ചോദിച്ചപ്പോൾ തന്റെ മകന്റെ കൈയിൽനിന്ന് റൊട്ടി വാങ്ങി ആ യാചകന് കൊടുത്തു.(സുനൻ അബീദാവൂദ്, കിതാബുസ്സക്കാത്ത് ഹദീഥ് നമ്പർ 1670) ഇപ്രകാരം യാചകൻ യാചിച്ചു. എന്റെ മകന്റെ കൈയിൽ റൊട്ടിയുണ്ടായിരുന്നു. അത് അവനിൽനിന്ന് വാങ്ങി ഞാൻ യാചകന് നല്കി.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് അബൂബക്റിന്റെ മകൻ അബ്ദുർ റഹ്മാനും ഖിലാഫത്തിന് അർഹനായിരുന്നു. ഇദ്ദേഹത്തിന്റെ സ്വഭാവം ഉമറിനെക്കാൾ സൗമ്യമാണെന്നും യോഗ്യതയിലും അദ്ദേഹത്തേക്കാൾ ഒട്ടും കുറവല്ലെന്നും ഇദ്ദേഹം ഹദ്റത്ത് അബൂബക്റിനുശേഷം ഖലീഫ ആകുമെന്നുമൊക്കെ ആളുകൾ അബ്ദുർറഹ്മാനെ കുറിച്ച് പറഞ്ഞിരുന്നു. എന്നാൽ, ഹദ്റത്ത് അബൂബക്ർ(റ) ഖിലാഫത്തിനുവേണ്ടി ഹദ്റത്ത് ഉമറിനെയാണ് തിരഞ്ഞെടുത്തത്. വാസ്തവത്തിൽ ഹദ്റത്ത് അബൂബക്റിന്റേയും ഹദ്റത്ത് ഉമറിന്റേയും സ്വഭാവങ്ങളിൽ വൈരുദ്ധ്യമുണ്ടായിരുന്നു. ചുരുക്കത്തിൽ ഹദ്റത്ത് അബൂബക്ർ(റ) ഖിലാഫത്തുമുഖേന വ്യക്തിപരമായി ഒരു നേട്ടവും നേടിയില്ല. മറിച്ച് സൃഷ്ടിസേവനമാണ് ശ്രേഷ്ഠമായി കണ്ടത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: സൂഫിവര്യന്മാരുടെ ഒരു നിവേദനമുണ്ട്. ഇത് എത്രമാത്രം സത്യമാണെന്ന് അല്ലാഹുവിനു മാത്രമേ അറിയൂ. ഹദ്റത്ത് അബൂബക്റിന്റെ വഫാത്തിനു ശേഷം ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് അബൂബക്റിന്റെ സേവകനോട് ചോദിച്ചു, 'നിന്റെ യജമാനൻ ഏതേതൊക്കെ നന്മകളാണ് ചെയ്തിരുന്നത്. എനിക്കും അതൊക്കെ ചെയ്യണം.' ആ ഭൃത്യൻ എല്ലാ നന്മകളും വിവരിച്ചുകൊണ്ട് ഒരു കർമത്തെ കുറിച്ച് പറഞ്ഞു, 'എല്ലാ ദിവസവും ഹദ്റത്ത് അബൂബക്ർ(റ) ഭക്ഷണവുമായി ഇന്ന സ്ഥലത്ത് പോകുമായിരുന്നു. എന്നെ ഒരു സ്ഥലത്ത് നിറുത്തി അദ്ദേഹം മുന്നോട്ടു പോകും. അദ്ദേഹം എന്ത് ഉദ്ദേശത്തിലാണ് പോയിരുന്നത് എന്നെനിക്ക് അറിയില്ല.' ഏതായിരുന്നാലും ഹദ്റത്ത് ഉമർ(റ) ആ ഭൃത്യന്റെകൂടെ അയാൾ പറഞ്ഞിടത്ത് ഭക്ഷണവുമായി പുറപ്പെട്ടു. മുമ്പോട്ടു പോയപ്പോൾ കാണുന്നത് വികലാംഗനായ ഒരു വ്യക്തിയെയാണ്. അയാൾക്ക് കൈകാലുകൾ ഉണ്ടായിരുന്നില്ല.

## ത്വാലിബെ ദുആ

**ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.'**

**(സന്ദേശം, ജൽസാ സാലാന ഡന്മാർക്ക് 2019)**



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊറിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

## • കലാമുൽ ഇമാം •

**'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയുംഅഭിവൃദ്ധിക്കു വേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.' (മൽഫൂദാത്ത് വാള്യം 3, പേജ് 38)**

ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

ഹദ്റത്ത് ഉമർ ആ ഭിന്നശേഷിക്കാരന്റെ വായിൽ ഒരു പിടി ഭക്ഷണം വെച്ചു കൊടുത്തപ്പോൾ അയാൾ പറഞ്ഞു: 'അല്ലാഹു അബൂബക്റിനു മേൽ കരുണ ചൊരിയുമാറാകട്ടെ. അദ്ദേഹം എത്ര നല്ല മനുഷ്യനായിരുന്നു.' ഹദ്റത്ത് ഉമർ(റ) ചോദിച്ചു: 'നിങ്ങൾക്കെങ്ങനെയെയാണ് ഹദ്റത്ത് അബൂബക്ർ മരിച്ചുപോയെന്ന് മനസ്സിലായത്?' അയാൾ പറഞ്ഞു: 'എന്റെ വായിൽ പല്ലുകളില്ല. അതുകൊണ്ടു ഹദ്റത്ത് അബൂബക്ർ ഒരു കഷണം തന്റെ വായിലിട്ട് ചവച്ച് മൃദുവാക്കിയ ശേഷമാണു തന്നിരുന്നത്. ഇന്ന് എന്റെ വായിൽ കട്ടിയുള്ള കഷണമാണ് തന്നത്. അപ്പോൾ ഞാൻ, ഇന്ന് ഭക്ഷണം നൽകുന്നത് അബൂബക്ർ അല്ലെന്നും മറ്റാരോ ആണെന്നും മനസ്സിലാക്കി. അബൂബക്ർ ഈ കാര്യത്തിൽ ഒരിക്കലും ഒഴിവെടുത്തിരുന്നില്ല. ഇപ്പോൾ ഈ കാര്യത്തിൽ ഇടവേള ഉണ്ടായപ്പോൾ അദ്ദേഹം ഈ ലോകത്ത് തീർച്ചയായും ഇല്ലന്ന് എനിക്കു തോന്നി.' ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: "ഹദ്റത്ത് അബൂബക്റിന് രാജാധികാരംകൊണ്ട് എന്താണ് കിട്ടിയത്? ഖിലാഫത്തു കിട്ടിയിട്ടും രാജാധികാരം കിട്ടിയിട്ടും അദ്ദേഹം ഒന്നും ഉണ്ടാക്കിയില്ല. അദ്ദേഹം പൊതുസ്വത്ത് തന്റേതാണെന്നു പ്രഖ്യാപിക്കുകയുണ്ടായോ? സർക്കാരിന്റെ സ്വത്തുക്കൾ തന്റെ മുതലാണെന്നു പറഞ്ഞിരുന്നുവോ? ഒരിക്കലുമില്ല. അദ്ദേഹത്തിന്റെ കുടുംബക്കാർക്ക് കിട്ടിയതൊക്കെ അദ്ദേഹത്തിന്റെ സ്വന്തം സ്വത്തിൽ നിന്നായിരുന്നു."(ഖുത്ബാത്തെ മഹ്മൂദ് വാള്യം 17, പേജ് 494-495) അദ്ദേഹത്തെ മറ്റുള്ളവരിൽനിന്ന് വ്യതിരിക്തനാക്കി നിറുത്തുന്നത് അദ്ദേഹത്തിന്റെ സൃഷ്ടി സേവനമാണ്."

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഹഖുല്ലായും ഹഖുൽ ഇബാദും ശരീഅത്തിന്റെ രണ്ടു കഷണങ്ങളാകുന്നു. അല്ലാഹുവിനോടുള്ള കടമകളും സൃഷ്ടികളോടുള്ള കടമകളും എന്നീ രണ്ടു കാര്യങ്ങളുണ്ട്. പറയുന്നു: നബി(സ) തിരുമേനിയിൽ ഒന്നു നോക്കുക. എത്രമാത്രം സേവനങ്ങളിലാണ് ആയുസ്സ് കഴിച്ചു കൂട്ടിയത്. ഹദ്റത്ത് അലിയുടെ അവസ്ഥ നോക്കുക. വസ്ത്രത്തിൽ കണ്ടംവെച്ച് പിടിപ്പിച്ചിട്ടില്ലാത്ത ഒരു സ്ഥലവുമുണ്ടായിരുന്നില്ല. ഹദ്റത്ത് അബൂബക്കർ ഒരു വൃദ്ധക്ക് നിത്യവും ഹൽവ കൊണ്ടു കൊടുത്തിരുന്നു. അതിലെത്രമാത്രം കണിശത പാലിച്ചിരുന്നുവെന്ന് ചിന്തിച്ചുനോക്കുക. ഹദ്റത്ത് അബൂബക്ർ(റ)മരണപ്പെട്ടപ്പോൾ, ഇന്ന് അബൂബക്ർ മരണപ്പെട്ടോ എന്ന് ആ വൃദ്ധ തിരക്കി. അവരുടെ അയൽവാസികൾ അവരോട് ചോദിച്ചു. നിങ്ങൾക്കിന്ന് ഇൽഹാമോ വഹ്യോ ഉണ്ടായോ? അവർ പറഞ്ഞു: 'ഇല്ല. ഇന്ന് ഹൽവ കൊണ്ടുവന്നിട്ടില്ല.' അതുകൊണ്ടു അദ്ദേഹം മരിച്ച് പോയെന്നു മനസ്സിലാക്കി. ജീവിച്ചിരിക്കുമ്പോൾ ഏത് അവസ്ഥയിലാണെങ്കിലും ഹൽവ എത്താതിരിക്കില്ല. നോക്കുക! എത്രമാത്രം കൃത്യമായി സേവനം ചെയ്തിരുന്നു. എല്ലാവരും ഇതേപോലെ മനുഷ്യകുലത്തിന് സേവനം ചെയ്യേണ്ടതാണ്. (മൽഫൂദാത്ത് വാള്യം 6, പേജ് 54, 1984 പതിപ്പ്)

മറ്റുള്ളവരുടെ ന്യൂനതകൾ മറച്ചുവെക്കുന്ന കാര്യത്തിൽ അദ്ദേഹത്തിന്റെ നിലവാരം എന്തായിരുന്നു. ഇതിനെ കുറിച്ച് നിവേദനങ്ങളുണ്ട്. 'താനൊരു മോഷ്ടാവിനെ പിടിച്ചാൽ അല്ലാഹു അയാളുടെ കുറ്റകൃത്യം മറച്ചുവെക്കട്ടെ എന്നായിരിക്കും താൻ ആഗ്രഹിക്കുക' എന്ന് ഹദ്റത്ത് അബൂബക്ർ(റ) പറയുമായിരുന്നു. (അത്ത്വബഖാത്തുൽകുബ്റാ, വാള്യം 5, പേജ് 9, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റൂത്ത് 2012)

അദ്ദേഹത്തിന്റെ ധീരതയേയും ധൈര്യത്തേയും കുറിച്ച് എഴുതിയിരിക്കുന്നു: ഹദ്റത്ത് അബൂബക്ർ(റ) ധീരതയുടെ നിറകുടമായിരുന്നു. വലിയ വലിയ പ്രയാസങ്ങളെ ഇസ്ലാമിനുവേണ്ടി അതല്ലെങ്കിൽ നബി(സ)തിരുമേനിയോടുള്ള സ്നേഹവും അനുരക്തിയും കാരണം ഒരിക്കലും വിലക്കെടുത്തിരുന്നില്ല. മക്കാ ജീവിതത്തിൽ നബി(സ) തിരുമേനിയുടെ വ്യക്തിത്വത്തിന് എന്തെങ്കിലും അപകടമോ പ്രയാസമോ ഉണ്ടാകുന്ന ഘട്ടം കണ്ടാൽ അദ്ദേഹം നബി(സ)തിരുമേനിയുടെ സംരക്ഷണത്തിനും സഹായത്തിനും പാറപോലെ മുന്നിൽ വന്നു നിൽക്കുമായിരുന്നു. ശിഅ്ബ് അബീത്വാലിബിൽ മൂന്നു വർഷംവരെ ബന്ധനസ്ഥരും ഉപരോധിക്കപ്പെട്ടവരുമായ കാലഘട്ടത്തിൽ അദ്ദേഹം സ്ഥിരചിത്തതയോടെ അവിടെ തന്നെ ഉണ്ടായിരുന്നു. പിന്നെ ഹിജ്റത്തിന്റെ വേളയിൽ അദ്ദേഹത്തിന് നബി(സ) തിരുമേനിയുടെ സഹവാസവും ലഭ്യമായി. വാസ്തവത്തിൽ അദ്ദേഹത്തിന്റെ ജീവൻ പോലും അപകടത്തിലായിരുന്നു. യുദ്ധങ്ങളിൽ ഹദ്റത്ത് അബൂബക്ർ(റ) പങ്കെടുത്തു എന്ന് മാത്രമല്ല നബി(സ)തിരുമേനിയുടെ സംരക്ഷണ ഉത്തരവാദിത്വം സ്വയം നിർവഹിച്ചു. അദ്ദേഹത്തിന്റെ ഈ ധൈര്യത്തെ മുന്നിറുത്തിക്കൊണ്ടു ഒരിക്കൽ ഹദ്റത്ത് അലി(റ) ജനങ്ങളോടു ചോദിച്ചു: 'ജനങ്ങളേ! ജനങ്ങൾക്കിടയിൽ ഏറ്റവുമധികം ധീരൻ ആരാണ്?' അവർ പറഞ്ഞു: 'അല്ലയോ അമീറുൽ മുഅ്മിനീൻ അങ്ങുതന്നെ.' ഹദ്റത്ത് അലി(റ) പറഞ്ഞു: 'എന്നെ സംബന്ധിച്ചിടത്തോളം ഞാനുമായി വഴക്കിനു വന്ന ആളുകളോട് ഞാൻ നീതിയുക്തം വർത്തിച്ചു. അതായത് അവരെ അടിച്ചു വീഴ്ത്തി. പക്ഷേ, ഏറ്റവും വലിയ ധീരൻ ഹദ്റത്ത് അബൂബക്റാകുന്നു.'

ഞങ്ങൾ നബി(സ)തിരുമേനിക്കുവേണ്ടി ബദ്ർ ദിവസം കൂടാരം തയ്യാറാക്കി. പിന്നെ ഞങ്ങൾ പറഞ്ഞു: നബി(സ)തിരുമേനിയുടെ അടുത്ത് ഒരു മുശ്രിക്കും എത്താതിരിക്കുന്നതിന് ആരാണ് നബി(സ)തിരുമേനിയുടെ കൂടെ നില്ക്കുക? അല്ലാഹുവാണ! ആർക്കും നബി(സ)തിരുമേനിയുടെ സമീപത്ത് പോകേണ്ടി വന്നില്ല. ഹദ്റത്ത് അബൂബക്ർ തന്റെ വാളും ഉയർത്തിപ്പിടിച്ച് നബി(സ)തിരുമേനിയുടെ അടുക്കൽ നിലയുറപ്പിച്ചു. അതായത് ആദ്യം ഹദ്റത്ത് അബൂബക്കറിനോട് പൊരുതിയതിനു ശേഷമല്ലാതെ ഒരു മുശ്രിക്കിനും നബി(സ)തിരുമേനിയുടെ അടുത്തെത്താൻ കഴിയുമായിരുന്നില്ല. ചുരുക്കത്തിൽ അദ്ദേഹം തന്നെയാണ് എല്ലാവരിലും വെച്ച് ഏറ്റവും ധീരനായ വ്യക്തി.

അതുപോലെ ഉഹുദ് യുദ്ധത്തിൽ നബി(സ)തിരുമേനി ശഹീദായി എന്ന കിംവദന്തി പരന്നപ്പോൾ ജനക്കൂട്ടത്തെ വകഞ്ഞു മാറ്റിക്കൊണ്ട് നബി(സ) തിരുമേനിയുടെ അടുക്കൽ ഏറ്റവുമാദ്യം പാഞ്ഞെത്തിയത് ഹദ്റത്ത് അബൂബക്റായിരുന്നു.

പറയുന്നു: നബി(സ)തിരുമേനിയുടെ അടുക്കൽ ആ സമയത്ത് കേവലം പതിനൊന്നു സ്വഹാബാക്കളാണുണ്ടായിരുന്നത്. അവരിൽ ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് സഅ്ദ്, ഹദ്റത്ത് ത്വൽഹ, ഹദ്റത്ത് സുബൈർ, ഹദ്റത്ത് അബൂദുജാന എന്നിവരുടെ പേരുകളും വരുന്നുണ്ട്. ഉഹുദ് യുദ്ധത്തിൽ നബി(സ)തിരുമേനിയുടെ സംരക്ഷണത്തിന് മലഅടിവാരത്തുണ്ടായിരുന്ന ജീവത്യാഗസന്നദ്ധരായ ഏതാനും പേരിൽ ഹദ്റത്ത് അബൂബക്റുമുണ്ടായിരുന്നു. ഖന്ദഖ് യുദ്ധത്തിൽ ഹദ്റത്ത് അബൂബക്ർ നബി(സ)തിരുമേനിയുടെ കൂടെത്തന്നെ ഉണ്ടായിരുന്നു. കിടങ്ങ് കുഴിക്കുന്ന സമയത്ത് മണ്ണ് തുണിയിലെടുത്ത് പുറത്തേക്കെറിയുന്നതിൽ അദ്ദേഹവുമുണ്ടായിരുന്നു.

ഹുദയ്ബിയ സന്ധിയുടെ സന്ദർഭത്തിൽ ജീവത്യാഗം ചെയ്യാമെന്ന് ബയ്അത്ത് ചെയ്തവരിലും അദ്ദേഹമുണ്ടായിരുന്നു. മാത്രമല്ല ഉടമ്പടി എഴുതി കഴിഞ്ഞപ്പോൾ വിശ്വാസത്തിന്റേയും സ്ഥൈര്യത്തിന്റേയും ഉൾക്കാഴ്ചയും നബി(സ)തിരുമേനിയോടുള്ള അനുസരണത്തിന്റേയും മാതൃകയാണ് ഹദ്റത്ത് അബൂബക്ർ(റ) കാഴ്ചവെച്ചത്. ഹദ്റത്ത് ഉമർ ബാക്കിയുള്ള തന്റെ ജീവിതത്തിൽ അത് മറന്നിട്ടുണ്ടായിരുന്നില്ല.

ത്വാഇഫ് യുദ്ധത്തിലും ഹദ്റത്ത് അബൂബക്റും അദ്ദേഹത്തിന്റെ മകൻ അബ്ദുല്ലാഹ് ബിൻ അബൂബക്റും ഉണ്ടായിരുന്നു. ഹദ്റത്ത് അബൂബക്റിന്റെ യുവാവായ ഈ മകൻ ആ യുദ്ധത്തിൽ ശഹീദാക്കപ്പെട്ടു.(സീറത്ത് സയ്യിദുനാ അക്ബർ, ഉസ്താദ് ഉമർ അബുന്നസ്ർ, ഉർദു തർജമ, പേജ് 367, 354, 369, 376, മുശ്ത്താഖ് ബുക് കോർണർ ലാഹോർ) (സീറത്ത് സയ്യിദുനാ സിദ്ദീഖെ അക്ബർ ശഖ്സിയ്യത്ത് ഔർ കാർണാമെ സ്സലാബീ, മുത്തർജിം, പേജ് 107, അൽഫുർഖാൻ ട്രസ്റ്റ് ഖാൻഗഢ് പാക്കിസ്താൻ)

നബി(സ)തിരുമേനി മുപ്പതിനായിരത്തിന്റെ സൈന്യവുമായി തബൂക്ക് യുദ്ധത്തിന് പുറപ്പെട്ടപ്പോൾ വിവിധ സൈന്യാധിപന്മാരെ നിശ്ചയിച്ചുകൊണ്ട് അവർക്ക് പതാകകൾ നൽകി. ആ സമയത്ത് ഏറ്റവും വലിയ പതാക ഹദ്റത്ത് അബൂബക്റിനാണ് നൽകപ്പെട്ടത്.(സീറത്ത് സയ്യിദുനാ അക്ബർ, ഉസ്താദ് ഉമർ അബുന്നസ്ർ, ഉർദു തർജമ, പേജ് 381, മുശ്ത്താഖ് ബുക് കോർണർ ലാഹോർ)

ഹദ്റത്ത് സലമ ബിൻ അക്വഅ് നിവേദനം. ഞാൻ നബി(സ)തിരുമേനിയുടെ കൂടെ ഏഴു യുദ്ധങ്ങളിൽ പങ്കെടുത്തിരുന്നു. നബി(സ)തിരുമേനി പറഞ്ഞയച്ച യുദ്ധസംഘങ്ങളിൽ ഒമ്പതെണ്ണത്തിൽ പങ്കെടുക്കാൻ എനിക്കും അവസരം കിട്ടിയിട്ടുണ്ട്. അവയിൽ ഞങ്ങളുടെ നേതൃത്വം ചിലപ്പോൾ ഹദ്റത്ത് അബൂബക്റിനോ ചിലപ്പോൾ ഹദ്റത്ത് ഉസാമ ബിൻ സയ്ദിനോ ആയിരുന്നു നൽകിയിരുന്നത്. നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം അറേബ്യാ മുഴുവനും തന്നെ മുർത്തദ്ദാകുന്ന അവസ്ഥയെത്തി. ആ അവസ്ഥയിൽ ഹദ്റത്ത് അബൂബക്ർ കാണിച്ച ധൈര്യത്തിന്റെ കർമ്മരൂപം അദ്ദേഹത്തിന്റേതു മാത്രമായ മാതൃകയാകുന്നു. ഇതിന്റെ വിശദീകരണം ഞാൻ നേരത്തെ പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്.

ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) വിവരിക്കുന്നു: ഒരിക്കൽ നിഷേധികൾ നബി(സ)തിരുമേനിയുടെ കഴുത്തിൽ മുണ്ടു മുറുക്കി ശക്തമായി വലിക്കാൻ തുടങ്ങി. ഇതേ കുറിച്ച് അറിഞ്ഞപ്പോൾ ഹദ്റത്ത് അബൂബക്ർ ഓടിക്കിതച്ചെത്തുകയും നിഷേധികളെതള്ളിമാറ്റുകയുംചെയ്തുകൊണ്ട്പറഞ്ഞു: ജനങ്ങളേ! നിങ്ങൾ ദൈവത്തെ ഭയപ്പെടുന്നില്ലേ? തന്റെ നാഥൻ അല്ലാഹുവാണെന്നു പറഞ്ഞ കാരണത്താൽ മാത്രം ഒരു വ്യക്തിയെ നിങ്ങൾ മർദിക്കുകയാണോ? അദ്ദേഹം നിങ്ങളോട് സമ്പത്തൊന്നും ചോദിക്കുന്നില്ല. എന്നിരിക്കെ നിങ്ങൾ അദ്ദേഹത്തെ എന്തിനാണ് മർദിക്കുന്നത്?

സ്വഹാബാക്കൾ പറയുന്നു: ഞങ്ങളുടെ കാലഘട്ടത്തിൽ ഏറ്റവും ധൈര്യമുള്ളയാൾ ഹദ്റത്ത് അബൂബക്റാണെന്ന് ഞങ്ങൾ മനസ്സിലാക്കിയിരുന്നു. ശത്രുക്കൾ കരുതിയത് മുഹമ്മദ് റസൂലുല്ലായെ(സ) വധിക്കുകയാണെങ്കിൽ ഇസ്ലാം ഇല്ലാതാകുമെന്നായിരുന്നു. തങ്ങളെപ്പോഴും അബൂബക്റിനെ റസൂൽ തിരുമേനി(സ)യുടെ കൂടെത്തന്നെ കണ്ടിട്ടുണ്ട്; ആരെങ്കിലും നബി(സ)തിരുമേനിയെ ആക്രമിക്കുകയാണെങ്കിൽ അവർക്കു മുന്നിൽ തന്റെ നെഞ്ച് വിരിച്ച് കാണിക്കാൻതന്നെ! അങ്ങനെ ബദ്ർ യുദ്ധത്തിന്റെ അവസരത്തിൽ നിഷേധികളുമായി ഏറ്റുമുട്ടിയപ്പോൾ സ്വഹാബാക്കൾ പരസ്പരം കൂടിയാലോചന നടത്തി നബി(സ)തിരുമേനിക്കുവേണ്ടി ഒരു സിംഹാസനം തയ്യാറാക്കി. അവർ നബി(സ)തിരുമേനിയുടെ സവിധത്തിലെത്തിപറഞ്ഞു, "യാ റസൂലല്ലാഹ്! അങ്ങ് ഈ സിംഹാസനത്തിലിരുന്ന് ഞങ്ങളുടെ വിജയത്തിനുവേണ്ടി ദുആ ചെയ്തുകൊണ്ടിരുന്നാലും. ശത്രുക്കളുമായി ഞങ്ങൾ ഏറ്റുമുട്ടാം.' തുടർന്ന് പറഞ്ഞു: 'യാ റസൂലല്ലാഹ്! ഞങ്ങൾക്കുള്ളിലും ആത്മാർഥത ഉണ്ടെന്നു ഞങ്ങൾ അങ്ങയ്ക്ക് ഉറപ്പു നൽകുന്നു. പക്ഷേ, മദീനയിൽ ഇരിക്കുന്നവർ ഞങ്ങളെക്കാളും കൂടുതൽ ആത്മാർഥതയുള്ളവരും വിശ്വാസമുള്ളവരും ആകുന്നു. നിഷേധികളുമായി യുദ്ധമുണ്ടാകുമെന്നു

അവർക്ക് അറിയുമായിരുന്നില്ല. അതല്ലെങ്കിൽ അവരും യുദ്ധത്തിൽ തീർച്ചയായും പങ്കെടുക്കുമായിരുന്നു.' ബദ്ർ യുദ്ധത്തെ കുറിച്ച് നേരത്തെ കൃത്യമായി അവർക്ക് അറിയില്ലായിരുന്നു. അതല്ലെങ്കിൽ അവരും പങ്കെടുക്കുമായിരുന്നു.

"യാ റസൂലല്ലാഹ്! നിർഭാഗ്യവശാൽ ഞങ്ങൾ യുദ്ധത്തിൽ പരാജയപ്പെടുകയാണെങ്കിൽ ഞങ്ങൾ ശീഘ്രഗതിയിൽ ഓടുന്ന ഒരു ഒട്ടകത്തെ അങ്ങയുടെ അടുക്കൽത്തന്നെ കെട്ടിയിട്ടുണ്ട്, അബൂബക്റിനെ അങ്ങയുടെ അടുക്കൽ നിറുത്തിയിട്ടുമുണ്ട്. അദ്ദേഹത്തെക്കാളും ധീരനായ ഒരാളെയും ഞങ്ങൾക്കിടയിൽ കാണാൻ കഴിയില്ല. യാ റസൂലല്ലാഹ്! അങ്ങ് അത്തരമൊരു സന്ദർഭം വരുകയാണെങ്കിൽ അബൂബക്റിന്റെ കൂടെ ആ ഒട്ടകത്തിലിരുന്ന് മദീനയിലേക്ക് പോയാലും. അവിടെനിന്ന് ഒരു പുതിയ സൈന്യത്തെ നിഷേധികളെ നേരിടാൻ കൊണ്ടുവന്നാലും, അവർ ഞങ്ങളെക്കാളും ആത്മാർഥതയും കൂറുമുള്ളവരായിരിക്കും.'

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: "ഈ സംഭവത്തിൽ നിന്നു നമുക്ക് അബൂബക്ർ എത്ര മാത്രം ത്യാഗസന്നദ്ധനായിരുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ്."(ഖുത്ബാത്തെ മഹ്മൂദ്, വാള്യം 39, പേജ് 220–221)

മറ്റൊരവസരത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ഒരു തവണ ആളുകൾ നബി(സ)തിരുമേനിയുടെ കാലത്ത് ഏറ്റവും വലിയ ധൈര്യശാലി ആരായിരുന്നു എന്ന് സ്വഹാബാക്കളോട് ചോദിച്ചു; ഇന്നത്തെ കാലത്ത് ശിയാ സുന്നികളുടെ ചോദ്യം പോലെ. അന്നത്തെ കാലത്തും ആരോടാണോ ബന്ധമുള്ളത് അവരെ കുറിച്ച് ജനങ്ങൾ പുകഴ്ത്തി പറയുമായിരുന്നു. സ്വഹാബാക്കളോട് ഈ ചോദ്യം ചോദിച്ചപ്പോൾ അവർ പറഞ്ഞു: "ഞങ്ങളിൽ ഏറ്റവും വലിയ ധീരൻ എന്ന് കരുതപ്പെട്ടിരുന്നത് നബി(സ) തിരുമേനിയുടെ അടുക്കൽ നിൽക്കുന്ന ആളെ ആയിരുന്നു. ഇതിന്റെ തത്ത്വം ഒരു യോദ്ധാവിനു മാത്രമെ മനസ്സിലാകുകയുള്ളു. മറ്റുള്ളവർക്ക് ഇക്കാര്യം മനസിലാകണമെന്നില്ല. യുദ്ധത്തെ കുറിച്ച് ശരിയായ രീതിയിൽ അറിയുന്നവർ, അതിന്റെ അപകടങ്ങളെ കുറിച്ച് അറിയുന്നവർക്കു മാത്രമേ ധീരത ഏറ്റവും കൂടുതൽ അപകടമുള്ള സ്ഥലത്ത് നിൽക്കുക എന്നതാണെന്ന് മനസ്സിലാക്കാൻ കഴിയുകയുള്ളു. പറയുന്നു: ആരാണോ രാജ്യത്തിന്റേയും സമുദായത്തിന്റേയും കേന്ദ്രബിന്ദുവായിട്ടുള്ളത് ആ വ്യക്തിയെ വധിച്ച് യുദ്ധം അവസാനിപ്പിക്കാനാണ് ശത്രു ആഗ്രഹിക്കുക. അതുകൊണ്ട് കേന്ദ്രബിന്ദുവായ ആ വ്യക്തി എവിടെയാണോ നിൽക്കുന്നത്, ശത്രു തങ്ങളുടെ സകല ശക്തികളും അവിടെ ഉപയോഗിച്ച് ആക്രമണം നടത്തും. അതുകൊണ്ട് അത്തരമൊരു സ്ഥലത്ത്, അതായത് അത്തരം വ്യക്തിയുടെ സംരക്ഷണത്തിന് ഏറ്റവും ധൈര്യമുള്ള വ്യക്തിക്കുമാത്രമെ നിൽക്കാൻ കഴിയുകയുള്ളു. എന്നിട്ട് സ്വഹാബാക്കൾ പറഞ്ഞു, നബി(സ)തിരുമേനിയുടെ അടുത്ത് അധികവും ഹദ്റത്ത് അബൂബക്റാണ് നിന്നിരുന്നത്. ഞങ്ങളുടെ അഭിപ്രായത്തിൽ ഏറ്റവും ധീരൻ അദ്ദേഹം തന്നെയായിരുന്നു."(തഫ്സീറെ കബീർ, വാള്യം 10, പേജ് 366)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സൂറ ബനീ ഇസ്റാഈലിന്റെ രണ്ടാമത്തെ ആയത്തിന്റെ വ്യാഖ്യാനത്തിൽ ഇപ്രകാരം പറയുന്നു: 'അസ്റാ ബി അബ്ദിഹീ എന്ന പ്രയോഗംകൊണ്ട് പ്രയാണം ചെയ്യിച്ചവൻ മറ്റാരോ ആയിരുന്നു എന്ന കാര്യം ശ്രദ്ധാർഹമാണ്. അതിൽ പ്രയാണം ചെയ്യുന്ന വ്യക്തിയുടെ സ്വയം ഹിതമല്ലായിരുന്നു. ഹിജ്റത്തിന്റെ സംഭവവും ഇതുപോലെ തന്നെ ആയിരുന്നു. നബി(സ)തിരുമേനി രാത്രി പുറപ്പെടുകയുണ്ടായി. അദ്ദേഹം സ്വയം ഇഷ്ടപ്രകാരമല്ല മറിച്ച് നിർബന്ധിതാവസ്ഥയിൽ പുറപ്പെട്ടതാണ്. എന്തെന്നാൽ, നിഷേധികൾ അദ്ദേഹത്തെ വധിക്കാൻ അദ്ദേഹത്തിന്റെ വീട് വളഞ്ഞിരുന്നു. ഈ യാത്രയിൽ അദ്ദേഹത്തിന്റെ ഹിതമല്ലായിരുന്നു. പ്രത്യുത അല്ലാഹുവിന്റെ ഹിതം അദ്ദേഹത്തെ നിർബന്ധിതനാക്കിയതാണ്. അതായത് നബി(സ)തിരുമേനിയെ പുറത്തുകൊണ്ടുവന്നതും ഹിജ്റത്ത് ചെയ്യിച്ചതും അല്ലാഹുവാണ്. അവന്റെ ഹിതമനുസരിച്ച് അദ്ദേഹം നിർബന്ധിതനായി പുറപ്പെട്ടതാണ്." ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)തുടരുന്നു: 'ദർശനത്തിൽ ബയ്ത്തുൽ മുഖദ്ദസിലേക്കുള്ള യാത്രയിൽ ജിബ്രീൽ അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരുന്നതുപോലെ ഹിജ്റത്തിന്റെ യാത്രയിൽ അബൂബക്ർ(റ) അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നു. ഏതുപോലെയെന്നാൽ ജിബ്രീൽ അല്ലാഹുവിന് വിധേയനായിപ്രവർത്തിക്കുന്നതുപോലെതന്നെ.ജിബ്രീൽ എന്നതിന്റെ അർഥം അല്ലാഹുവിന്റെ ഫയൽവാൻ എന്നാണ്. ഹദ്റത്ത് അബൂബക്റും(റ) അല്ലാഹുവിന്റെ പ്രത്യേകദാസനായിരുന്നു. ദീനിന് നിർഭയനായ ഫയൽവാന്റെ നില ഉൾക്കൊണ്ടിരുന്നു."

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വീണ്ടും പറയുന്നു: യാഥാർഥ്യമെന്തെന്നാൽ അല്ലാഹുവിന്റെ വചനങ്ങളിൽ വിശ്വാസമുണ്ടായിരിക്കെ മനുഷ്യഹൃദയത്തിൽ നിരാശ ഉണ്ടാകുകയില്ല. അല്ലാഹുവിൽ പൂർണവിശ്വാസമുണ്ടെങ്കിൽ മനസ്സിലൊരിക്കലും നിരാശ ജനിക്കുകയില്ല. നബി(സ)തിരുമേനിയുടെ അവസ്ഥ! ഉദാഹരണത്തിന് ഥൗർ ഗുഹയിലെ അവസ്ഥയിലെന്ത് പ്രതീക്ഷയാണ് ബാക്കിയുണ്ടാകുക? നബി(സ)തിരുമേനി രാത്രിയുടെ അന്ധകാരത്തിൽ തന്റെ വീട് വിട്ടിറങ്ങി ഥൗർ ഗുഹയിൽ ഒളിക്കുന്നു. ആ ഗുഹയുടെ പ്രവേശന ദ്വാരം വളരെ വലുതായിരുന്നു. ആർക്കും അതിന്റെ ഉൾഭാഗം വളരെ എളുപ്പത്തിൽ കാണാനും ചാടിവീഴാനും സാധിക്കുമായിരുന്നു. അദ്ദേഹത്തിന് കൂട്ടിന് ഒരാൾ മാത്രമാണുണ്ടായിരുന്നത്. രണ്ടുപേരും നിരായുധരായിരുന്നു. വലിയ ബലവാന്മാരും അല്ലായിരുന്നു. മക്കയിൽനിന്നുമുള്ള ആയുധസജ്ജരായ ആളുകൾ അദ്ദേഹത്തെ പിന്തുടർന്ന് ഥൗർ ഗുഹയിലെത്തി. അവർ (ഇരുവരും) ഇതിനകത്തുണ്ടെങ്കിൽ അവരെ പിടികൂടാൻ, ഒന്ന് അകത്തേക്ക് നോക്കണമെന്ന് അതിലെ ചിലർ നിർബന്ധം പിടിച്ചു. ശത്രുവിനെ ഇത്ര അടുത്ത് കണ്ടപ്പോൾ ഹദ്റത്ത് അബൂബക്ർ (റ)കരഞ്ഞു. അദ്ദേഹം പറഞ്ഞു:'യാ റസൂലല്ലാഹ്! ശത്രു നമ്മുടെ തൊട്ടടുത്ത് എത്തിയിരിക്കുന്നു' അപ്പോൾ നബി(സ)തിരുമേനി വളരെ അഭിനിവേശത്തോടെ പറഞ്ഞു, *'ലാ തഹ്സൻ ഇന്നല്ലാഹ മഅനാ.'* അബൂബക്റേ! എന്തിനാണ് ഭയക്കുന്നത്. അല്ലാഹു നമ്മുടെ കൂടെയുണ്ട്. നോക്കൂ. ഭയത്തിന്റെ കഠിനമായ അവസ്ഥയാണ് അദ്ദേഹത്തിന്റെ മുന്നിൽ തെളിഞ്ഞുവന്നത്. ആ സമയത്ത് നബി(സ) തിരുമേനിയുടെ വധം അല്ലെങ്കിൽ അദ്ദേഹത്തെ പിടികൂടുക എന്നതല്ലാതെ മറ്റെന്ത് സാധ്യതയാണ് അവിടെ ഉണ്ടായിരുന്നത്? ശത്രു ശക്തനായിരുന്നിട്ടും യോധാക്കൾ കൂടെ ഉണ്ടായിരുന്നിട്ടും ആയുധങ്ങൾ ഉണ്ടായിരുന്നിട്ടും നബി(സ)തിരുമേനി തികച്ചും നിരായുധനായി, കൂട്ടിന് വെറും ഒരാൾ മാത്രമുണ്ടായി ഗുഹയിൽ ഇരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ പക്കൽ ആയുധമുണ്ടായിരുന്നില്ല. ഭരണകൂടം അദ്ദേഹത്തെ സഹായിക്കാൻ ഉണ്ടായിരുന്നില്ല. ജനസമൂഹവും അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരുന്നില്ല. എന്നിട്ടും ധാരാളം ശത്രുക്കൾ തന്റെ മുന്നിൽ നിൽക്കുന്നത് കണ്ടിട്ടും ആ മഹാത്മാവ് പറയുന്നത് ലാ തഹ്സൻ ഇന്നല്ലാഹ മഅനാ എന്നാണ്. എന്തിനാണ് ശത്രു ശക്തനാണെന്നു താങ്കൾ പറയുന്നത്. അവർ ദൈവത്തെക്കാൾ കൂടുതൽ ശക്തരാണോ? അല്ലാഹു നമ്മുടെ കൂടെയുള്ളപ്പോൾ പരിഭ്രാന്തനാകേണ്ട കാരണമൊന്നുമില്ല.ഹദ്റത്ത് അബൂബക്റിന്റെ ഭയം തന്നെ കുറിച്ചായിരുന്നില്ല. മറിച്ച് നബി(സ)തിരുമേനിയെ കുറിച്ചായിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് പറയുന്നു:ചില ശിയാക്കൾ ഈ സംഭവത്തെ ഉദ്ധരിച്ച് നഊദുബില്ലാഹ് അബൂബക്ർ വിശ്വാസമില്ലാത്ത ആളായിരുന്നുവെന്നും തന്റെ ജീവൻ നൽകാൻ തയ്യാറായില്ലെന്നുമൊക്കെ പറയുന്നുണ്ട്. എന്നാൽ, ചരിത്രത്തിൽ വളരെ വ്യക്തമായി രേഖപ്പെടുത്തിയതെന്തെന്നാൽ, നബി(സ)തിരുമേനി ലാ തഹ്സൻ ഇന്നല്ലാഹ മഅനാ എന്ന് പറഞ്ഞപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു; 'യാ റസൂലല്ലാഹ്! എന്റെ ഭയം എന്റെ ജീവനെ കുറിച്ചല്ല. ഞാൻ വധിക്കപെട്ടാലും ഒരു വ്യക്തി വധിക്കപ്പെടുമെന്ന് മാത്രം. എന്റെ ഭയം അങ്ങയെ കുറിച്ചാണ്. അങ്ങയ്ക്ക് എന്തെങ്കിലും സംഭവിച്ചാൽ പിന്നെ ലോകത്തുനിന്ന് സത്യം തുടച്ച് നീക്കപ്പെടും.'(ഖുത്ബാത്തെ മഹ്മൂദ്, വാള്യം 28,പേജ് 416–417)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) മറ്റൊരു സ്ഥലത്ത് പറയുന്നു: "പ്രവാചകന്മാർ ചെയ്യുന്ന പ്രവൃത്തികൾ അവർക്ക് മാത്രമേ ചെയ്യാൻ കഴിയുകയുള്ളു എന്നത് പ്രവാചകന്മാരുടെ മാത്രം പ്രത്യേകതയല്ല. മറിച്ച് അവർക്കു ശേഷവും ചില വ്യക്തികൾ ചെയ്യുന്ന പ്രവൃത്തികൾ മറ്റുള്ളവർക്ക് ചെയ്യാൻ കഴിയില്ല. ഉദാഹരണത്തിന് ഹദ്റത്ത് അബൂബക്ർ(റ)നെ നോക്കൂ. ഹദ്റത്ത് അബൂബക്ർ(റ)ഒരു കാലത്ത് തന്റെ സമുദായത്തെ നയിക്കുമെന്ന് അദ്ദേഹത്തെ കുറിച്ച് ആർക്കും പറയാൻ കഴിയില്ലായിരുന്നു. അദ്ദേഹം ദുർബലപ്രകൃതനും സൗമ്യനും മൃദുലഹൃദയത്തിന്റെ ഉടമയുമാണെന്നാണ് പൊതുവിൽ കരുതപ്പെട്ടിരുന്നത്. നബി(സ)തിരുമേനിയുടെ കാലഘട്ടത്തിലെ യുദ്ധങ്ങൾ എടുത്ത് നോക്കൂ. നബി(സ)തിരുമേനി, ഹദ്റത്ത് അബൂബക്റിനെ ഒരിക്കലും വലിയ യുദ്ധങ്ങളിൽ സൈന്യത്തിന്റെ കമാൻഡറായി നിയമിച്ചിട്ടില്ല. ചെറിയ ചെറിയ സൈനികനീക്കങ്ങളിൽ അദ്ദേഹത്തെ കമാൻഡറാക്കിയിട്ടുണ്ടെങ്കിലും വലിയ യുദ്ധങ്ങളിൽ എപ്പോഴും മറ്റുള്ളവരെയാണ് കമാൻഡറായി നിയമിച്ച് അയച്ചിരുന്നത്. അതു

## • കലാമുൽ ഇമാം •

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."**
**(മൽഫൂദാത്ത് വാള്യം 1, പേജ് 220)**

## • കലാമുൽ ഇമാം •

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail :badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി
ഖാദിയാൻ

Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 05-12 January 2022 Issue-1-2

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

പോലെ മറ്റു ജോലികളിലും അദ്ദേഹത്തെ ഇൻചാർജ് ആക്കിയിട്ടില്ല. പിന്നെ വിശുദ്ധ ഖുർആനിന്റെ അധ്യാപനം, ഖളാ തുടങ്ങിയ ജോലികളും അദ്ദേഹത്തെ ഏൽപിച്ചിരുന്നില്ല. എന്നാൽ, അബൂബക്റിന്റെ സമയം വരുമ്പോൾ അബൂബക്ർ ചെയ്യുന്ന പ്രവൃത്തികൾ മറ്റാർക്കും ചെയ്യാൻ കഴിയുകയില്ലെന്ന് നബി(സ)തിരുമേനിക്ക് അറിയാമായിരുന്നു. അങ്ങനെ നബി(സ) തിരുമേനി വഫാത്തായപ്പോൾ ആര് ഖലീഫയാകും എന്ന കാര്യത്തിൽ മുസ്‌ലിമീങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടായി. ആ സമയത്ത് താൻ ഖലീഫയാകുമെന്ന് ഹദ്റത്ത് അബൂബക്റിന്റെ മനസ്സിലും ഇല്ലായിരുന്നു. ഹദ്റത്ത് ഉമറിനെ പോലെയുള്ളവർ തന്നെയാണ് അതിനു അനുയോജ്യരായിട്ടുള്ളതെന്നാണ് അദ്ദേഹം കരുതിയിരുന്നത്. തങ്ങളിൽ നിന്നാണ് ഖലീഫ ഉണ്ടാകേണ്ടത്, കാരണം തങ്ങൾ ഇസ്‌ലാമിനു വേണ്ടി ത്യാഗങ്ങൾ ചെയ്തിട്ടുണ്ടെന്ന് അൻസ്വാരിന്നിടയിൽ ആവേശമുയരുകയും ഖിലാഫത്തിന്റെ അവകാശം തങ്ങൾക്കാണെന്നു അവർ കരുതുകയും ചെയ്തു. അതുപോലെ മുഹാജിരീങ്ങളും ഖിലാഫത്ത് തങ്ങളുടെ അവകാശമാണെന്ന് കരുതി. എന്തായാലും നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം ഒരു തർക്കം തന്നെ ഉടലെടുത്തു. ഖലീഫ തങ്ങളിൽ നിന്നാകണമെന്ന് അൻസ്വാറും തങ്ങളിൽ നിന്നാകണമെന്ന് മുഹാജിരീങ്ങളും പറഞ്ഞു. അവസാനം ഒരു ഖലീഫ അൻസ്വാറിൽ നിന്നും ഒരു ഖലീഫ മുഹാജിരീങ്ങളിൽ നിന്നുമാകാം എന്ന വ്യവസ്ഥയിൽ അൻസ്വാർ തർക്കം അവസാനിപ്പിച്ചു. ഈ തർക്കം പരിഹരിക്കാൻ ഒരു യോഗം വിളിച്ചു. ഹദ്റത്ത് ഉമർ(റ) പറയുന്നു: ഹദ്റത്ത് അബൂബക്ർ തീർച്ചയായും സാത്വികനും ആദരണീയനുമാണെങ്കിലും ഈ പ്രശ്നം മനസ്സിലാക്കിക്കൊടുക്കാൻ അദ്ദേഹത്തിന് കഴിയില്ല. ഇത് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രയാസമേറിയ കാര്യമാണ്.' ഹദ്റത്ത് ഉമർ(റ) പറയുന്നു: ഈ പ്രശ്നം അവസാനിപ്പിക്കാൻ ആർക്കെങ്കിലും കഴിയുമെങ്കിൽ അത് തനിക്ക് മാത്രമാണ്. ഇവിടെ കരുത്താണ് ആവശ്യം. മൃദുലതയും സ്നേഹവുമല്ല. (ഹദ്റത്ത് അബൂബക്ർ(റ) സൗമ്യനും സ്നേഹത്തോടെ പെരുമാറുന്ന ആളുമാണ്). ഹദ്റത്ത് ഉമർ പറയുന്നു: ഖലീഫ ഖുറയ്ശികളിൽ നിന്നാകണമെന്നതിനുള്ള തെളിവുകൾ ഞാൻ തിരഞ്ഞുതുടങ്ങി. ഒരു ഖലീഫ അൻസ്വാറിൽ നിന്നും ഒരു ഖലീഫ ഖുറയ്ശികളിൽനിന്നും ആകുക എന്ന കാര്യം തികച്ചും അംസബന്ധമാണ്. അദ്ദേഹം പറയുന്നു: ഞാൻ വളരെയധികം തെളിവുകൾ കണ്ടെത്തി. എന്നിട്ട് ഈ പ്രശ്നത്തിന് തീർപ്പ് കാണാനുള്ള ആ യോഗത്തിൽ പോയി. ഹദ്റത്ത് അബൂബക്ർ എന്റെ കൂടെ ഉണ്ടായിരുന്നു. ഞാൻ പ്രഭാഷണം ചെയ്ത് ഞാൻ കണ്ടെത്തിയ തെളിവുകൾകൊണ്ട് ജനങ്ങളെ ബോധ്യപെടുത്താമെന്ന് ആഗ്രഹിച്ചു. ഞാൻ കരുതിയത് ആ സദസ്സിൽ സംസാരിക്കാൻ മാത്രം ഹദ്റത്ത് അബൂബക്റിന് തന്റേടം പോരാ എന്നായിരുന്നു. എന്നാൽ, ഞാൻ എഴുന്നേൽക്കാൻ തുടങ്ങിയതേയുള്ളൂ. ഹദ്റത്ത് അബൂബക്ർ ദേഷ്യത്തോടെ എന്നെ തട്ടിയിട്ട് ഇരിക്കാൻ പറഞ്ഞു. പിന്നെ അദ്ദേഹം എഴുന്നേറ്റുനിന്ന് പ്രസംഗിക്കാൻ തുടങ്ങി. ഹദ്റത്ത് ഉമർ പറയുന്നു: അല്ലാഹുവാണ! ഞാൻ ചിന്തിച്ചിരുന്ന എല്ലാ തെളിവുകളും ഹദ്റത്ത് അബൂബക്ർ വിവരിച്ചു. അത് കൂടാതെയും പല തെളിവുകളും വിവരിച്ചുകൊണ്ടിരുന്നു. എത്രത്തോളമെന്നാൽ അൻസ്വാറിന്റെ മനസ്സിന് തൃപ്തിയായി. അവർ മുഹാജിരീങ്ങളുടെ ഖിലാഫത്തിന്റെ തത്ത്വം അംഗീകരിച്ചു.

ഹദ്റത്ത് ഉമർ(റ) ഈ അബൂബക്റിനെ കുറിച്ചു തന്നെയാണ് ഇങ്ങനെ പറഞ്ഞത്: 'ഒരിക്കൽ ഞാൻ അദ്ദേഹവുമായി ചന്തയിൽ വെച്ച് വഴക്കിടുകയും ഹദ്റത്ത് അബൂബക്റിന്റെ വസ്ത്രം കീറുകയും അദ്ദേഹത്തെ അടിക്കാൻ തയ്യാറാവുകയും ചെയ്തിരുന്നു. ഈ അബൂബക്റിനെ കുറിച്ചു തന്നെയാണ് നബി(സ)തിരുമേനി ഒരിക്കൽ ഇങ്ങനെ പറഞ്ഞത്, ഹദ്റത്ത് അബൂബക്ർ ലോലഹൃദയനാകുന്നു. എന്നാൽ, നബി(സ)തിരുമേനിയുടെ മരണനേരം സമീപസ്ഥമായപ്പോൾ വഫാത്തിനു മുമ്പേ നബി(സ)തിരുമേനി ഹദ്റത്ത് ആഇശയോട് പറഞ്ഞു: എനിക്കുശേഷം അബൂബക്റിനെ ഖലീഫ ആക്കണമെന്ന് ജനങ്ങളോട് പറയാൻ എന്റെ ഹൃദയം കൂടെക്കൂടെ ആഗ്രഹിക്കുകയാണ്. പക്ഷേ, ഞാൻ അതിൽനിന്ന് പിന്മാറുന്നു . കാരണം എന്റെ വഫാത്തിനുശേഷം അല്ലാഹുവും അവന്റെ വിശ്വാസികളായ ദാസന്മാരും അബൂബക്റിനെയല്ലാതെ മറ്റാരെയും ഖലീഫ ആക്കില്ല എന്ന് എനിക്കുറപ്പുണ്ട്. പിന്നീട് അങ്ങനെ തന്നെ സംഭവിക്കുകയും അദ്ദേഹത്തെ ഖലീഫയായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. അദ്ദേഹം ലോലഹൃദയനായിരുന്നു. എത്രത്തോളം സൗമ്യസ്വഭാവമുള്ള ആളായിരുന്നുവെന്നാൽ ഒരിക്കൽ ചന്തയിൽവെച്ച് അദ്ദേഹത്തെ അടിക്കുന്നതിനു ഹദ്റത്ത് ഉമർ മുന്നോട്ടുവന്നു. അദ്ദേഹത്തിന്റെ വസ്ത്രം കീറുകയും ചെയ്തു. എന്നാൽ, ഇത്രമാത്രം സൗമ്യപ്രകൃതമുള്ള ഈ അബൂബക്ർ തന്നെയാണ് ഒരു സമയം വന്നപ്പോൾ ഹദ്റത്ത് ഉമർ അദ്ദേഹത്തിന്റെ അടുത്തെത്തി പറഞ്ഞു, എല്ലാ അറേബ്യക്കാരും എതിരാളികളായിരിക്കുന്നു. മക്കയിലും മറ്റൊരു ചെറിയ സ്ഥലത്തും മാത്രമേ ജമാഅത്തായ നമസ്ക്കാരമുള്ളൂ. മറ്റുള്ള ആളുകൾ നമസ്കരിക്കുന്നുണ്ടെങ്കിൽപോലും അവർക്കിടയിൽ എത്രമാത്രം ഭിന്നിപ്പുണ്ടായിട്ടുണ്ടെന്നാൽ ഒരാളും മറ്റൊരാളുടെ പിന്നിൽ നമസ്കരിക്കാൻ തയ്യാറല്ല. ഭിന്നിപ്പ് രൂക്ഷമായിരിക്കുന്നു. ആര് പറഞ്ഞതും അവർ കേൾക്കുന്നില്ല . അഞ്ചാറു മാസമായി മുസ്‌ലിമീങ്ങളായിട്ടുള്ള അറേബ്യായിലെ വിവരദോഷികളായ ആളുകൾ സക്കാത്ത് മാപ്പാക്കാൻ ആവശ്യപ്പെടുന്നു. ഇവർ സക്കാത്തിന്റെ വിഷയം മനസ്സിലാക്കിയിട്ട് തന്നെയില്ല. ഹദ്റത്ത് ഉമർ(റ) പറഞ്ഞു: ഒന്നോ രണ്ടോ വർഷത്തേക്ക് അവർക്ക് സക്കാത്ത് മാപ്പു ചെയ്തു കൊടുത്താൽ എന്താണ് കുഴപ്പം? അതായത് എപ്പോഴും കൈയിൽ വാളുമായി നിന്നിരുന്ന ഉമർ, ചെറിയ ചെറിയ കാര്യങ്ങൾ ഉണ്ടാകുമ്പോൾപോലും 'യാ റസൂലല്ലാഹ് കല്പനയുണ്ടെങ്കിൽ ഞാൻ അവന്റെ തല കൊയ്യാം' എന്ന് പറഞ്ഞിരുന്ന ഉമർ ആ ആളുകളിലേക്ക് എത്രമാത്രം ചായ്‌വ് കാണിച്ചുവെന്നാൽ അദ്ദേഹം ഭയപ്പെട്ട്, പരിഭ്രമിച്ചുകൊണ്ട് അബൂബക്റിന്റെ അടുക്കൽ വന്നു അപേക്ഷിക്കുന്നു, ഈ വിവരദോഷികളായ ജനങ്ങൾക്ക് കുറച്ച് കാലത്തേക്ക് സക്കാത്ത് മാപ്പാക്കി കൊടുക്കാൻ! നമുക്ക് പതിയെ അവർക്ക് കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കാമെന്ന്! പക്ഷേ, ഹദ്റത്ത് ഉമർ പറയുകയാണ്, അബൂബക്ർ എത്രമാത്രം ലോല ഹൃദയനായിരുന്നുവെന്നാൽ ഞാനൊരിക്കൽ അദ്ദേഹത്തെ അടിക്കാൻ തയ്യാറാകുകയും ചന്തയിൽവെച്ച് അദ്ദേഹത്തിന്റെ വസ്ത്രം കീറുകയുമുണ്ടായി. പക്ഷേ, ഈ സമയത്ത് അബൂബക്ർ(റ)വളരെ ദേഷ്യത്തോടെ ഉമറിനെ നോക്കി. അതായത് വിമതരാകുന്ന ആളുകളെ ഒന്നും പറയുയരുതെന്നും രണ്ടു വർഷം വരെ സക്കാത്ത് വാങ്ങേണ്ടെന്നും നമുക്ക് അവരെ പറഞ്ഞു മനസ്സിലാക്കാമെന്നും ഉമർ പറഞ്ഞപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) വളരെ ദേഷ്യത്തോടുകൂടി ഉമറിനെ നോക്കിക്കൊണ്ടു പറഞ്ഞു: ഉമറേ! അല്ലാഹുവും അവന്റെ റസൂലും ചെയ്യാത്ത കാര്യമാണോ നിങ്ങൾ എന്നോട് ആവശ്യപ്പെടുന്നത്? ഹദ്റത്ത് ഉമർ പറഞ്ഞു: 'കാര്യം ശരി തന്നെ. പക്ഷേ, ഇവർ പുതു വിശ്വാസികളാണ്. ശത്രു സൈന്യം മദീനയുടെ മതിലുകൾ വരെ എത്തിയിരിക്കുന്നു. ഇങ്ങനെയുള്ള ആളുകൾ വർധിക്കുകയും നാട്ടിൽ അരക്ഷിതാവസ്ഥ ഉണ്ടാകുകയും ചെയ്യുന്നത്. നല്ലതാണോ? അതുകൊണ്ട് ഒന്ന് രണ്ടു വർഷം അവർക്ക് സക്കാത്ത് മാപ്പു ചെയ്തു കൊടുക്കുകയും അങ്ങനെ നാട്ടിലെ അരക്ഷിതാവസ്ഥ മാറുകയും ചെയ്യുന്നതാണ്. ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: 'അല്ലാഹുവാണ! ശത്രുക്കൾ മദീനയിൽ പ്രവേശിക്കുകയും അതിന്റെ തെരുവുകളിൽ മുസ്‌ലിമീങ്ങളെ വാളിന് ഇരയാക്കുകയും സ്ത്രീകളുടെ മൃതശരീരങ്ങൾ നായ്ക്കൾ വലിച്ചിഴക്കുകയുമാണെങ്കിൽ പോലും ഞാൻ അവർക്ക് സക്കാത്ത് മാപ്പ് ചെയ്യുന്നതല്ല. അല്ലാഹുവാണ! നബി(സ)തിരുമേനിയുടെ കാലത്ത് ഇവർ ഒരു കഷണം കയറിന് സക്കാത്ത് കൊടുത്തിട്ടുണ്ടായിരുന്നുവെങ്കിൽ ഞാനും അവരിൽനിന്ന് അത് വാങ്ങുകതന്നെ ചെയ്യുന്നതാണ്.'

തുടർന്ന് പറഞ്ഞു: ഉമറേ! നിങ്ങൾ ഇവരെ ഭയപ്പെടുന്നുവെങ്കിൽ പൊയ്ക്കൊള്ളുക. ഞാൻ ഒറ്റക്ക് അവരുമായി പൊരുതുന്നതാണ്. അവർ അവരുടെ വിദ്രോഹങ്ങളിൽനിന്ന് പിന്മാറുന്നതുവരെ ഞാനും പിന്മാറുന്നതല്ല. അങ്ങനെ യുദ്ധമുണ്ടാകുകയും ഹദ്റത്ത് അബൂബക്ർ വിജയശ്രീലാളിതനാകുകയും ചെയ്തു. തന്റെ വഫാത്തിന് മുമ്പേതന്നെ അറബികളെ മുഴുവനും തന്റെ കീഴിൽ കൊണ്ടുവന്നു. ഹദ്റത്ത് അബൂബക്ർ തന്റെ ജീവിതത്തിൽ ചെയ്ത ഈ കർമങ്ങളെല്ലാം അദ്ദേഹത്തിന് മാത്രം അവകാശപ്പെട്ടതാണ്. മറ്റാർക്കും അത് ചെയ്യാൻ സാധ്യമല്ല.(ഖുത്ബാത്തെ മഹ്മൂദ് വാല്യം30, പേജ് 198–200)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: മക്കയിലുണ്ടായിരുന്ന നേതാക്കന്മാർക്ക് ജനങ്ങൾക്കിടയിൽ ഉണ്ടായിരുന്ന അന്തസ്സും മഹത്ത്വവും എത്രത്തോളമായിരുന്നുവെന്നാൽ ജനങ്ങൾ അവർക്ക് മുന്നിൽ സംസാരിക്കാൻ ഭയപ്പെട്ടിരുന്നു. ജനങ്ങൾക്കുമേൽ അവരുടെ ഔദാര്യങ്ങളും വളരെ വലുതായിരുന്നു. ആർക്കും അവരുടെ മുഖത്ത് കണ്ണുയർത്തി നോക്കാൻ പോലും കഴിയുമായിരുന്നില്ല. ഈ മഹത്ത്വത്തെ സംബന്ധിച്ച് ഹുദയ്ബിയ സന്ധിയിൽ ഉണ്ടായ ഒരു സംഭവത്തിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നുണ്ട്. നബി(സ)തിരുമേനിയുമായി മക്കക്കാർ നിയോഗിച്ച അവരുടെ നേതാവ് സംസാരത്തിനിടയിൽ നബി(സ)തിരുമേനിയുടെ താടിരോമത്തിൽ തൊടുകയുണ്ടായി. ഇത് കണ്ടപ്പോൾ ഒരു സ്വഹാബി തന്റെ വാളിന്റെ പിടികൊണ്ട് അയാളുടെ കൈയിൽ അടിച്ചുകൊണ്ട് പറഞ്ഞു: നിന്റെ വൃത്തികെട്ട കൈ നബി(സ)തിരുമേനിയുടെ പരിശുദ്ധരോമത്തിൽ സ്പർശിക്കരുത്. ആരാണ് തന്റെ കൈയിൽ അടിച്ചതെന്ന് മനസ്സിലാക്കാൻ വേണ്ടി അയാൾ കണ്ണുയർത്തി നോക്കി. **(തുടരും)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin